

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

**സ്ഥാപിതം: മെയ് 20 1887**

വാല്യം 92 • ലക്കം 07 • ജനുവരി 2020

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം


# ഉള്ളടക്കം

സന്ദേശം (ഫ്രാൻസിസ് പാപ്പാ) ........ 07
സർക്കുലർ (കെ.സി.ബി.സി.) ........ 18
സർക്കുലർ (19 Ch. 230-306)) ........ 20
സർക്കുലർ (കെ.സി.ബി.സി.) ........ 26
സർക്കുലർ (19 Ch. 229-305)) ........ 31
കച്ചേരിക്കാര്യം ........ 35
അനുസ്മരണങ്ങൾ ........ 38
സന്ദേശനിലയം ........ 43
ചെറുപുഷ്പ മിഷൻലീഗ് ........ 47
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ........ 50
ഫാമിലി അപ്പോസ്റ്റലേറ്റ് ........ 53
യുവദീപ്തി ........ 56
കെ.സി.എസ്.എൽ. ........ 58
ചാസ് ........ 59
കേരളാ ലേബർ മൂവ്മെന്റ് ........ 68
പ്രവാസി അപ്പോസ്റ്റലേറ്റ് ........ 69
ആത്മതാകേന്ദ്രം ........ 71
ദലിത് കത്തോലിക്കാ മഹാജനസഭ ........ 72
ആവേമരിയ ........ 73
ഫ്രാൻസിസ്കൻ അല്മായസഭ ........ 74
വിൻസെൻഷ്യൻ വേദി ........ 77
മാനവവിഭവശേഷി വികസന ട്രസ്റ്റ് ........ 79
ചാരിറ്റി വേൾഡ് ട്രസ്റ്റ് ........ 80
പൗരോഹിത്യ ആദ്ധ്യാത്മികത ........ 83
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 89
Engagements ........ 95

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

**പൗരോഹിത്യ സ്വീകരണത്തിന്റെ
സുവർണ്ണജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന
ബഹു. വൈദികർക്ക് അതിരൂപത കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ**



**POOVATHUNKAL JOSEPH**
19.10.70




**KAMUKUMPALLY ANTONY**
19.12.70



**NANGACHIVEETTIL JAMES**
19.12.70



**PEEDIAKAL LUKE**
19.12.70



**MULLASSERY MATHEW**
15.03.71



**PUTHUVEETTILKALAM JOSEPH**
14.03.71

# പൗരോഹിത്യ സ്വീകരണത്തിന്റെ
# രജതജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന
# ബഹു. വൈദികർക്ക് അതിരൂപത കുടുംബത്തിന്റെ
# പ്രാർത്ഥനാശംസകൾ



KAITHAPARAMPIL JOSEPH




CHITTOOKALAM CYRIAC



THAYIL PHILIP



MANIPARAMPIL FRANCIS





PARATHARA THOMAS




THUMPAYILCHIRA MATHEW



THYPARAMPIL MARTIN




ETTUPARAYIL GEORGE



PADINJAREKUTT MATHEW



CHUNDAKATTIL JAMES



KARUKAPARAMPIL CHERIAN

Ref: 3243 /K-5/KCBC/OL/DS 21.12. 2019

# അൻപത്തിമൂന്നാം
# ലോകസമാധാന ദിനാചരണം
## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**1 ജനുവരി 2020**
**സമാധാനം പ്രത്യാശയുടെ യാത്രയെന്ന നിലയിൽ:**
**സംവാദവും, അനുരഞ്ജനവും പരിസ്ഥിതിപരമായ മാനസാന്തരവും**

### 1. സമാധാനം: തടസ്സങ്ങളുടെയും പരീക്ഷയുടെയും മുമ്പിൽ പ്രത്യാശയുടെ ഒരു യാത്ര

സമാധാനം മഹത്തും അമൂല്യവുമായ മൂല്യമാണ്. അത് നമ്മുടെ മുഴുവൻ മനുഷ്യരാശിയെ സംബന്ധിച്ചും പ്രത്യാശയുടെയും ആഗ്രഹത്തിന്റെയും വിഷയമാണ്. മാനുഷികമായ ഒരു മനോഭാവമെന്ന നിലയിൽ സമാധാനത്തിനുള്ള നമ്മുടെ പ്രത്യാശ അസ്തിത്വപരമായ സംഘർഷാവസ്ഥയാൽ മുദ്രിതമാണ്. അതാകട്ടെ, എല്ലാ പ്രയാസങ്ങളുമുള്ള വർത്തമാനകാലത്ത് ജീവിക്കാനും സ്വീകരിക്കപ്പെടാനും സാധ്യത നല്കുന്നു. ''ഒരു ലക്ഷ്യത്തിലേക്ക് അതു തിരിഞ്ഞിരുന്നാൽ മാത്രമേ അതു സംഭവിക്കുകയുള്ളൂ. ഈ ലക്ഷ്യത്തെപ്പറ്റി നമുക്കു തീർച്ചയുണ്ടെങ്കിൽ, യാത്രയ്ക്കുള്ള പരിശ്രമത്തെ നീതീകരിക്കാനുള്ള ഈ ലക്ഷ്യം മഹനീയമായി നിലകൊള്ളുന്നെങ്കിൽ''1 അതുകൊണ്ട് കീഴടക്കാനാവാത്തതെന്നുപോലും തോന്നുന്ന തടസ്സങ്ങൾ ഉള്ളപ്പോഴും പ്രചോദിപ്പിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്ന സദ്ഗുണമാണ് പ്രത്യാശ.

നാശകരമായ യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മുറിവുകൾ മനുഷ്യസമൂഹം അതിന്റെ ഓർമ്മയിൽ പേറുന്നുണ്ട്. അവ പ്രത്യേകിച്ച് ദരിദ്രരെയും മുറിപ്പെടുത്തപ്പെടാവുന്നവരെയുമാണ് ബാധിക്കുന്നത്. ചൂഷണത്തിന്റെയും അഴിമതിയുടെയും ചങ്ങല

കൾ തകർക്കാൻ മുഴുവൻ രാഷ്ട്രങ്ങൾക്കും പ്രയാസമായിരിക്കുന്നു. ചൂഷണവും അഴിമതിയും വിദ്വേഷത്തെയും അക്രമത്തെയും ആളിക്കത്തിക്കുന്നു. ഇന്നും ചെറുപ്പക്കാരും പ്രായമുള്ളവരുമായ സ്ത്രീപുരുഷന്മാരുടെ വലിയൊരു സംഖ്യയ്ക്ക് മഹത്ത്വം, ശാരീരിക പൂർണത, മതസ്വാതന്ത്ര്യം ഉൾപ്പെടെയുള്ള സ്വാതന്ത്ര്യം, സമൂഹ പരമായ ഐക്യദാർഢ്യം, ഭാവിയെപ്പറ്റിയുള്ള പ്രത്യാശ എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നു. അനേകം നിഷ്കളങ്കർ വേദനാജനകമായ തരംതാഴ്ത്തലിന്റെയും പുറത്താക്കപ്പെടലിന്റെയും ദുഃഖത്തിന്റെയും അനീതിയുടെയും ഇരകളാണ്. അവരുടെ ആളുകളുടെയും സ്നേഹിതരുടെയും മേൽ ഉണ്ടായ സംഘടിതമായ ആക്രമണങ്ങളുടെ കാര്യം പറയാനുമില്ല.

ആഭ്യന്തരവും അന്താരാഷ്ട്രപരവുമായ സംഘർഷങ്ങളുടെ ഭയാനകമായ ഉദ്യമങ്ങൾ മനുഷ്യവംശത്തിന്റെ ശരീരത്തിലും ആത്മാവിലും ശാശ്വതമായ പരിണതഫലമുണ്ടാക്കും. നിർദയമായ ആക്രമണങ്ങൾ വഴി ആ ഉദ്യമങ്ങൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ യുദ്ധവും സഹോദരഹത്യയുടെ ഒരു രൂപമാണ്. സാഹോദര്യത്തിലേക്കുള്ള മനുഷ്യകുടുംബത്തിന്റെ ജന്മസിദ്ധമായ വിളിയെ അതു തകർക്കുന്നു.

യുദ്ധം, നമുക്കറിയാവുന്നതുപോലെ, മിക്കപ്പോഴും തുടങ്ങുന്നത് മറ്റുള്ളവരുടെ വ്യത്യാസം അംഗീകരിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്. അത് അപ്പോൾ വർധനവിന്റെയും കീഴടക്കലിന്റെയും മനോഭാവങ്ങളെ വളർത്തുന്നു. അതു സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും വിദ്വേഷത്തിൽ നിന്നും പരിഹസിക്കാനുള്ള ആഗ്രഹത്തിൽ നിന്നും മറ്റുള്ളവരെ മാറ്റി നിറുത്താനും നശിപ്പിക്കാനുമുള്ള ആഗ്രഹത്തിൽ നിന്നും ഉണ്ടാകുന്നു. ബന്ധങ്ങളുടെ തലതിരിച്ചിൽ, സ്വാധീനം ചെലുത്താനുള്ള അതിമോഹം, അധികാരത്തിന്റെ ദുർവിനിയോഗം, മറ്റുള്ളവരെ സംബന്ധിച്ച ഭീതി, വൈവിധ്യം തടസമായി പരിഗണിക്കൽ എന്നിവ വഴി യുദ്ധം ഉണ്ടാകുന്നു. ഇവയെല്ലാം യുദ്ധത്തിന്റെ അനുഭവംകൊണ്ട് വർധിക്കുകയും ചെയ്യുന്നു.

അടുത്തകാലത്ത് ജപ്പാനിലേക്കു ഞാൻ നടത്തിയ അപ്പസ്തോലിക യാത്രയുടെ സമയത്ത് നിരീക്ഷിച്ചതുപോലെ നമ്മുടെ ലോകം ''പ്രതിലോമമായ വിഭാഗീകരണത്താൽ'' മുദ്രിതമാക്കപ്പെട്ടിരിക്കുന്നു. ''അത് സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചിന്തയിലൂടെ സ്ഥിരതയെയും സമാധാനത്തെയും സംരക്ഷിക്കാനും ഉറപ്പുവരുത്താനും പരിശ്രമിക്കുന്നു. ആ സുരക്ഷിതത്വബോധം ഭയത്തിന്റെയും വിശ്വാസമില്ലായ്മയുടെയും മനോഭാവത്താൽ നിലനിറുത്തപ്പെടുന്നതാണ്. അത്

ജനതകൾ തമ്മിലുള്ള ബന്ധങ്ങൾക്കു വിഷം കൊടുക്കുന്നു. സംവാദത്തിന്റെ ഏതു രൂപത്തെയും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പരസ്പരം പൂർണമായി നശിപ്പിക്കുമെന്ന ഭയത്തിൻമേലോ സമ്പൂർണ നശീകരണത്തിനുള്ള ഭീഷണിയിൻമേലോ പടുത്തുയർത്താനുള്ള പരിശ്രമങ്ങൾക്ക് ചേർന്നതല്ല സമാധാനവും അന്താരാഷ്ട്രസ്ഥിരതയും. ഐക്യദാർഢ്യത്തിന്റെയും സഹകരണത്തിന്റെയും ആഗോള സാന്മാർഗികതയുടെ അടിസ്ഥാനത്തിൽ മാത്രമേ അത് നേടാനാവുകയുള്ളൂ. ഐക്യദാർഢ്യവും സേവനവും ഭാവിയുടെ സേവനത്തിലുള്ളതായിരിക്കണം. ആ ഭാവി രൂപപ്പെടുത്തുന്നത് ഇന്നത്തെയും നാളത്തെയും മുഴുവൻ മനുഷ്യകുടുംബത്തിലും പരസ്പര സ്വാതന്ത്ര്യംകൊണ്ടും പങ്കുവയ്ക്കപ്പെടുത്തുന്ന ഉത്തരവാദിത്വം കൊണ്ടുമാണ് രൂപപ്പെടുത്തേണ്ടത്.''2

ഭീഷണിപ്പെടുത്തുന്ന ഓരോ സാഹചര്യവും വിശ്വാസമില്ലായ്മയെ തീറ്റിപ്പോറ്റുന്നു. ജനതകളെ തങ്ങളുടെ സ്വന്തം സുരക്ഷിതത്വ മേഖലയിലേക്ക് പിൻവലിക്കുന്നു. വിശ്വാസമില്ലായ്മയും ഭയവും ബന്ധങ്ങളെ ദുർബലപ്പെടുത്തുന്നു. അക്രമമുണ്ടാകാനുള്ള അപകട സാധ്യതയെ വർധിപ്പിക്കുന്നു. അതൊരു വിഷമവൃത്തമുണ്ടാക്കുന്നു. അത് ഒരിക്കലും സമാധാനപൂർണമായ ബന്ധത്തിലേക്കു നയിക്കുകയില്ല.

സമ്പൂർണ നശീകരണത്തെക്കുറിച്ചുള്ള ഭയത്തിലൂടെ ലോകത്തിൽ സ്ഥിരത സംരക്ഷിക്കാമെന്ന് നമുക്ക് ഒരിക്കലും അവകാശപ്പെടാനാവുകയില്ല. പെട്ടെന്നു മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ന്യൂക്ലിയർ അഗാധതയുടെ വക്കിൽ തൂക്കിയിട്ടിരിക്കുന്ന, നിസ്സംഗതയുടെ ഭിത്തികളുടെ പിന്നിൽ അടച്ചിട്ടിരിക്കുന്ന, ആ സാഹചര്യത്തിൽ സ്ഥിരത സൂക്ഷിക്കാനാവുകയില്ല. അതിന്റെ ഫലമായി ചെയ്യുന്ന സാമൂഹികവും സാമ്പത്തികവുമായ തീരുമാനങ്ങൾ ദുരന്തപരമായ സാഹചര്യങ്ങളിലേക്കു നയിക്കുന്നു. അവിടെ മനുഷ്യജീവികളും സൃഷ്ടിതന്നെയും സംരക്ഷിക്കപ്പെടുകയും സൂക്ഷിക്കപ്പെടുകയും ചെയ്യുന്നതിനുപകരം അവഗണിക്കപ്പെടുന്നു.3 അപ്പോൾ സമാധാനത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും ഒരു യാത്ര എങ്ങനെ തുടങ്ങും? ഭീഷണികളുടെയും ഭയത്തിന്റെയും അനാരോഗ്യകരമായ മനോഭാവത്തെ എങ്ങനെ തകർക്കും? പരസ്പര വിശ്വാസമില്ലായ്മയുടെതായ ഇപ്പോഴത്തെ സംവിധാനത്തെ എങ്ങനെ തകർക്കും?

ദൈവത്തിൽ നിന്നുള്ള പൊതുവായ ഉത്പത്തിയിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും സംവാദത്തിലും പരസ്പര വിശ്വാസത്തിലും അഭ്യസിക്കുന്നതുമായ യഥാർത്ഥ സാഹോദര്യത്തെ നാം പ്രോത്സാ

ഹിപ്പിക്കണം. സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ കിടക്കുന്നു. അതിനെക്കാൾ ചെറുതായ ഒന്നിനെ അന്വേഷിക്കാൻ നാം സ്വയം പിന്മാററരുത്.

## 2. സമാധാനം: ഓർമ്മ, ഐക്യദാർഢ്യം സാഹോദര്യം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയ കേൾക്കലിന്റെ യാത്ര

ഹിരോഷിമയിലും നാഗസാക്കിയിലും ബോംബുവർഷത്തിൽ നിന്നു രക്ഷപെട്ട ഹിബാക്കുഷകൾ സംഘാത്മക മനഃസാക്ഷിയുടെ ജ്വാല ഇന്ന് സൂക്ഷിക്കുന്നവരിൽ പെടുന്നു. അവർ 1945–ൽ സംഭവിച്ചതിന്റെ ഭയത്തിന്റെ സാക്ഷികളാണ്; പിൻതലമുറകൾക്കും ഇന്നോളം തുടർന്നുണ്ടായ അവാച്യമായ സഹനങ്ങളുടെയും സാക്ഷികളാണ്. അവരുടെ സാക്ഷ്യം ഇരകളായവരുടെ ഓർമ്മയെ ഉണർത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു. ആധിപത്യത്തിനും നശിപ്പിക്കലിനുമുള്ള ഓരോ ആഗ്രഹത്തിന്റെയും മുമ്പിൽ മനുഷ്യവംശത്തിന്റെ മനഃസാക്ഷി ഉണരുവാനാണത്. ''ഇവിടെ സംഭവിച്ചതിന്റെ ഓർമ്മ ഇപ്പോഴത്തെയും ഭാവിയിലെയും തലമുറകൾ മറന്നുപോകാൻ അനുവദിക്കുന്നതിന് ഞങ്ങൾക്കു സാധ്യമല്ല. കൂടുതൽ നല്ലതും സഹോദരപരവുമായ ഒരു ഭാവിയെ സൃഷ്ടിക്കുവാൻ ഉറപ്പുനല്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ഓർമ്മയാണത്.''4

കഴിഞ്ഞകാല സംഭവങ്ങളുടെ ഓർമ്മ വരുംതലമുറകൾ സൂക്ഷിക്കുമെന്ന് ഉറപ്പുവരുത്താൻ ഹിബക്കുഷ ജനതയെപ്പോലെ ഇന്നത്തെ ലോകത്തിലെ പല ജനതകളും പരിശ്രമിക്കുന്നുണ്ട്. അന്നത്തെ അതേ തെറ്റുകളോ മിഥ്യാധാരണകളോ വീണ്ടും വരാതെ തടയാൻവേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇന്നത്തെയും ഭാവിയിലെയും തീരുമാനങ്ങൾ സമാധാനം വളർത്താനുള്ള അടിസ്ഥാനവും പ്രചോദനവുമായിരിക്കുവാനും, അനുഭവത്തിന്റെ ഫലമെന്നപോലെ, ഓർമ്മയെ സഹായിക്കുവാനുമാണ് അപ്രകാരം ചെയ്യുന്നത്.

കൂടുതലായി എന്താണു പറയേണ്ടത്? ഓർമ്മ പ്രത്യാശയുടെ ചക്രവാളമാണ്. പലപ്പോഴും യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മധ്യേ സ്വീകരിക്കപ്പെട്ട ഐക്യദാർഢ്യത്തിന്റെ ചെറിയ പ്രകടനത്തെക്കുറിച്ചുള്ള ഓർമ്മയ്ക്കുപോലും ധീരതയാർന്ന തീരുമാനങ്ങളിലേക്കു നയിക്കാൻ കഴിയും. വ്യക്തികളിലും സമൂഹങ്ങളിലും പുതിയ ഊർജങ്ങൾ ഒഴുക്കാനും പുതിയ പ്രത്യാശയ്ക്കു തിരികൊളുത്താനും അതിനു സാധിക്കും.

സമാധാനയാത്രയുടെ പുറപ്പാട് ഒരു വെല്ലുവിളിയാണ്. കാരണം, ജനതകളും സമൂഹങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ

അപകടത്തിലായിരിക്കുന്ന താത്പര്യങ്ങൾ ധാരാളമുണ്ട്. അവ തമ്മിൽ സംഘട്ടനത്തിലാണുതാനും. ഒന്നാമതായി നമ്മൾ ജനതകളുടെ ധാർമ്മിക മനഃസാക്ഷിയോടും വ്യക്തിപരവും രാഷ്ട്രീയവുമായ ഇച്ഛാശക്തിയോടും അപേക്ഷിക്കണം. സമാധാനം ഉദ്ഭവിക്കുന്നത് മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ നിന്നാണ്. രാഷ്ട്രീയ ഇച്ഛാശക്തിയെ എപ്പോഴും നവീകരിക്കണം. വ്യക്തികളെയും സമൂഹങ്ങളെയും അനുരഞ്ജിപ്പിക്കാനും ഐക്യപ്പെടുത്താനുംവേണ്ടി പുതിയ മാർഗങ്ങൾ കണ്ടെത്താനാണത്.

ലോകത്തിനു ശൂന്യമായ വാക്കുകളല്ല, പിന്നെയോ ഉത്തമബോധ്യമുള്ള സാക്ഷ്യങ്ങളാണ് ആവശ്യം. ബഹിഷ്കരണവും കൃത്രിമതയും തള്ളിക്കളയുന്ന സംവാദത്തോടു തുറവിയുള്ള സമാധാനസ്ഥാപകരെയാണ് ആവശ്യം. യഥാർത്ഥത്തിൽ, പ്രത്യയ ശാസ്ത്രങ്ങൾക്കും വ്യത്യാസപ്പെടുന്ന അഭിപ്രായങ്ങൾക്കും ഉപരിയായി സത്യം അന്വേഷിക്കുന്ന സ്ത്രീപുരുഷന്മാർ തമ്മിൽ ഉത്തമബോധ്യമുള്ള സംവാദം കൂടാതെ സമാധാനം നേടാൻ നമുക്കു കഴിയുകയില്ല. സമാധാനം ''നിരന്തരം പടുത്തുയർത്തപ്പെടണം.''5 പൊതുനന്മ, സത്യസന്ധത, നിയമത്തോടുള്ള ബഹുമാനം എന്നിവയ്ക്കായുള്ള നിരന്തര പരിശ്രമത്തിൽ ഒന്നിച്ചു നടത്തുന്ന യാത്രയാണത്. പരസ്പരം ശ്രവിക്കലിന് പരസ്പരധാരണയിലേക്കും ബഹുമാനത്തിലേക്കും നയിക്കാൻ കഴിയും. ഒരു ശത്രുവിന് ഒരു സഹോദരന്റെയോ സഹോദരിയുടെയോ മുഖം കാണാൻപോലും കഴിവു നല്കും.

അങ്ങനെ സമാധാനപ്രക്രിയ ശാശ്വത സമർപ്പണമാണ്. സത്യവും നീതിയും അന്വേഷിക്കാനുള്ള ക്ഷമാപൂർണമായ ഒരു പരിശ്രമമാണ്. ഇരകളായവരുടെ ഓർമ്മയെ ആദരിക്കാനും പ്രതികാരത്തിനുള്ള ആഗ്രഹത്തെക്കാൾ ശക്തമായ പങ്കുവയ്ക്കപ്പെടുന്ന പ്രത്യാശയിലേക്ക് ക്രമേണ കടക്കാനുള്ള വഴി തുറക്കാനുള്ള പരിശ്രമമാണ്. നിയമത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു സ്റ്റേറ്റിൽ ഈ പ്രക്രിയയുടെ സുപ്രധാന മാതൃകയാകാൻ ജനാധിപത്യത്തിനു കഴിയും. അത് നീതിയിലും ഓരോ വ്യക്തിയുടേയും, പ്രത്യേകിച്ച് ദുർബലരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും, അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമർപ്പണത്തിലും അടിയുറപ്പിച്ചതായിരിക്കണം. അത് നിരന്തരം സത്യം അന്വേഷിക്കുന്നതുമായിരിക്കണം.6 ഇത് സാമൂഹികമായ ഒരു സംരംഭവും തുടർപ്രവർത്തനവുമായിരിക്കണം. അതിൽ ഓരോ വ്യക്തിയും ഉത്തരവാദിത്വപൂർവം സ്വന്തം സംഭാവന നല്കുന്നു. പ്രാദേശികവും ദേശീയവും സർവലൗകികവുമായ സമൂഹത്തിന്റെ തലങ്ങളിൽ അങ്ങനെ ചെയ്യണം.

വിശുദ്ധ പോൾ 6–ാമൻ ചൂണ്ടിക്കാണിച്ചതുപോലെ സമത്വത്തിനും, ഭാഗഭാഗിത്വത്തിനുമുള്ള ഈ രണ്ട് ആഗ്രഹങ്ങൾ ജനാധിപത്യപരമായ സമൂഹത്തെ വളർത്താൻ പരിശ്രമിക്കുന്നു. സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള ഒരു വിദ്യാഭ്യാസം വേണമെന്ന് ഇത് ആവശ്യപ്പെടുന്നു. അത് ഓരോ മനുഷ്യന്റെയും അവകാശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിരിക്കരുത്. അത് പരസ്പരബന്ധമുള്ളതുമായിരിക്കണം: മറ്റുള്ളവരോടുള്ള അവന്റെയോ അവളുടെയോ കടമകൾക്കൂടി ഉൾക്കൊള്ളുന്നതായിരിക്കണം. കടമയെപ്പറ്റിയുള്ള ബോധവും പ്രയോഗവും ആത്മനിയന്ത്രണത്തിനുള്ള കഴിവിനാൽ വ്യവസ്ഥാപിതമാകുന്നു. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാതന്ത്ര്യത്തിനുമേൽ സ്ഥാപിക്കപ്പെട്ട പരിധികളെയും ഉത്തരവാദിത്വത്തിന്റെ പരിധികളെയും സ്വീകരിക്കുകയെന്നതും അത് ഉൾക്കൊള്ളുന്നു.''7

സമൂഹത്തിൽത്തന്നെയുള്ള വിഭജനങ്ങൾ സാമൂഹിക അസമത്വത്തിന്റെ വർധനവ് സമഗ്രമാനുഷിക വികസനത്തെ ഉറപ്പുവരുത്തുവാനുള്ള മാർഗങ്ങൾ നിഷേധിക്കൽ എന്നിവ പൊതുനന്മയ്ക്കായുള്ള പരിശ്രമത്തെ അപകടപ്പെടുത്തുന്നു. എന്നാലും വാക്കിന്റെയും സത്യത്തിന്റെയും ശക്തിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ക്ഷമാപൂർവകമായ പരിശ്രമമുണ്ടാകണം. അത് സഹാനുഭൂതിക്കും സർഗാത്മക ഐക്യദാർഢ്യത്തിനുമുള്ള കൂടുതൽ വലിയ കഴിവിനെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കും.

നമ്മുടെ ക്രൈസ്തവാനുഭവത്തിൽ നാം സ്ഥിരം ക്രിസ്തുവിനെ മിശിഹായെ ഓർമ്മിക്കുന്നു. നാം പരസ്പരം രമ്യതപ്പെടാൻ സ്വന്തം ജീവൻ സമർപ്പിച്ച വ്യക്തിയാണ് ഈശോ (cf റോമാ 5:6–11). സഭ നീതിപൂർവകമായ സാമൂഹികക്രമത്തിനുവേണ്ടിയുള്ള നിരന്തരം അന്വേഷണത്തിൽ പങ്കുചേരുന്നു. പൊതുനന്മയ്ക്കായുള്ള തന്റെ സേവനം അവൾ തുടർന്നുകൊണ്ടിരിക്കുന്നു. സമാധാനത്തെക്കുറിച്ചുള്ള പ്രത്യാശ വർധിപ്പിക്കാനും അപ്രകാരം ചെയ്യുന്നു. ക്രൈസ്തവ മൂല്യങ്ങൾ പകർന്നു നല്കിക്കൊണ്ടും ധാർമ്മിക പ്രബോധനം നടത്തിക്കൊണ്ടും സാമൂഹികവും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾകൊണ്ടും അങ്ങനെ ചെയ്യുന്നു.

### 3. സമാധാനം: സഹോദരപരമായ സംസർഗത്തിൽ അനുരഞ്ജനപ്പെടുന്നതിന്റെ ഒരു യാത്ര

ബൈബിൾ, പ്രത്യേകിച്ച് പ്രവാചകരുടെ വാക്കുകളിൽ, മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെ വ്യക്തികളെയും ജനത

കളെയും ഓർമ്മിപ്പിക്കുന്നു. അത് മറ്റുള്ളവരുടെ മേൽ ആധിപത്യം ഉറപ്പിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കുന്നു. പരസ്പരം വ്യക്തിക ളായി കാണാൻ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പുത്രീപുത്രന്മാരായി, സഹോദരീസഹോദരന്മാരായി കാണാൻ പഠിപ്പിക്കുന്നു. മറ്റുള്ളവരെ അവർ പറഞ്ഞതും പ്രവർത്തിച്ചതും മൂലം നിസ്സാരക്കാരാക്കരുത്. അവരുടെ വാഗ്ദാനംമൂലം അവരെ വിലമതിക്കണം. ബഹുമാന ത്തിന്റെ പാത തിരഞ്ഞെടുത്തുകൊണ്ടു മാത്രമേ പ്രതികാരത്തെ തകർക്കാനും പ്രത്യാശയുടെ യാത്രതുടങ്ങാനും നമുക്കു കഴിയുക യുള്ളൂ.

പത്രോസും ഈശോയും തമ്മിൽ നടത്തിയ സംഭാഷണം വിവ രിക്കുന്ന സുവിശേഷഭാഗത്താൽ നാം നയിക്കപ്പെടുന്നു. ''കർത്താ വേ. എനിക്കെതിരേ പാപം ചെയ്യുന്ന എന്റെ സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? ഈശോ അവ നോടു പറഞ്ഞു: ഏഴെന്നല്ല ഏഴ് എഴുപതു പ്രാവശ്യമെന്നു ഞാൻ നിന്നോടു പറയുന്നു'' (മത്താ 18:21-22). അനുരഞ്ജനത്തിന്റെ ഈ പാത ഒരു ആഹ്വാനമാണ്. ക്ഷമിക്കാനുള്ള ശക്തിയും പരസ് പരം സഹോദരീസഹോദരന്മാരായി അംഗീകരിക്കാനുള്ള കഴിവും നമ്മുടെ ഹൃദയാന്തർഭാഗത്ത് കണ്ടെത്താനുള്ള ആഹ്വാനമാണത്. മാപ്പു നല്കി ജീവിക്കാൻ നാം പഠിക്കുമ്പോൾ സമാധാനത്തിന്റെ സ്ത്രീപുരുഷന്മാരായിത്തീരാനുള്ള നമ്മുടെ ശക്തിയിൽ നാം വള രുന്നു.

സാമൂഹിക സാഹചര്യത്തിൽ സമാധാനത്തെപ്പറ്റി സത്യമായി ട്ടുള്ളത് രാഷ്ട്രീയത്തിന്റെയും സാമ്പത്തികശാസ്ത്രത്തിന്റെയും മണ്ഡലങ്ങളെ സംബന്ധിച്ചും സത്യമാണ്. എന്തെന്നാൽ പൊതുവേ ജീവിതത്തിന്റെ എല്ലാ മാനങ്ങളിലും സമാധാനം പ്രവേശിക്കുന്നു. കൂടുതൽ നീതിപൂർവകമായ സാമ്പത്തികശാസ്ത്രം വികസിപ്പിക്കാ നുള്ള കഴിവു നാം കാണിച്ചില്ലെങ്കിൽ യഥാർത്ഥ സമാധാനമുണ്ടാ വുകയില്ല. ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പത്തുവർഷം മുമ്പ് സത്യത്തിൽ സ്നേഹം എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതു പോലെ ''അവികസിതാവസ്ഥയെ കീഴടക്കുന്നതിന് വിനിമയ ത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപാടുകളെ മെച്ചപ്പെടുത്തുകയും പൊതുക്ഷേമസംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യാനുള്ള നടപടി മാത്രം പോരാ. പിന്നെയോ, സർവോപരി, സൗജന്യ ത്തിന്റെയും കൂട്ടായ്മയുടെയും ഓഹരികളുള്ള സാമ്പത്തിക പ്രവർ ത്തനത്തിന്റെ രൂപങ്ങളിലേക്ക് ആഗോളതലത്തിലുള്ള തുറവ് ക്രമേണ ഉണ്ടാകുകയും വേണം'' (നമ്പർ 39).

## 4. സമാധാനം: പരിസ്ഥിതിപരമായ മാനസാന്തരത്തിന്റെ യാത്ര

''നമ്മുടെ തത്ത്വങ്ങളെപ്പറ്റി നമുക്കു തെറ്റിധാരണയുണ്ടായിരിക്കുകയും അത് പ്രകൃതിയെ ദുരുപയോഗിക്കുന്ന പ്രവൃത്തി നീതിമത്കരിക്കാനും പ്രകൃതിയുടെ മേൽ സ്വേഛാധിപത്യം പ്രയോഗിക്കാനും യുദ്ധത്തിലും അനീതിയിലും അക്രമത്തിലും ഏർപ്പെടാനും ഇടയാക്കിയെങ്കിൽ, അതിനെയെല്ലാം നീതിമത്കരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, വിശ്വാസികളായ നാം ഒരു കാര്യം അംഗീകരിക്കണം. അതായത് സംരക്ഷിക്കാനും സൂക്ഷിക്കാനും നമുക്കു കടമയുണ്ട്. ജ്ഞാനത്തിന്റെ നിക്ഷേപങ്ങളോട് നമ്മൾ വിശ്വസ്തരായിരുന്നില്ലെന്ന് അംഗീകരിക്കണം.''8

മറ്റുള്ളവരോടുള്ള നമ്മുടെ ശത്രുതയും നമ്മുടെ പൊതുഭവനത്തോടുള്ള ബഹുമാനക്കുറവും അല്ലെങ്കിൽ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച ദുരുപയോഗപരമായ ചൂഷണവും - പെട്ടെന്ന് ലാഭം കിട്ടാനുള്ള ഉറവിടം മാത്രമായി, പ്രാദേശിക സമൂഹങ്ങളെയും പൊതുനന്മയെയും പ്രകൃതിയെതന്നെയും പരിഗണിക്കാതെ ചെയ്യുന്ന ചൂഷണവും- മൂലം നമുക്ക് പരിസ്ഥിതിപരമായ മാനസാന്തരം ആവശ്യമാണ്. പാൻആമസോൺ പ്രദേശത്തെക്കുറിച്ചു അടുത്തകാലത്ത് ഒരു സിനഡു നടന്നു. അത് സമൂഹങ്ങളും ഭൂമിയും തമ്മിലും വർത്തമാനകാലവും ഭൂതകാലവും തമ്മിലും അനുഭവവും പ്രത്യാശയും തമ്മിലും സമാധാനപൂർണമായ ബന്ധം സ്ഥാപിക്കാനുള്ള നിർബന്ധപൂർവകവും നവീനവുമായ ആഹ്വാനം നടത്താൻ നമ്മെ പ്രേരിപ്പിക്കുന്നു.

അനുരഞ്ജനത്തിന്റെ ഈ യാത്ര ഒരു കാര്യം കൂടി ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ പൊതുഭവനമാകാൻ ദാനമെന്ന നിലയിൽ നമുക്ക് ദൈവം തന്ന ലോകത്തെ കേൾക്കുകയും ധ്യാനിക്കുകയും ചെയ്യുകയെന്ന കാര്യമാണത്. യഥാർത്ഥത്തിൽ പ്രകൃതി വിഭവങ്ങൾ ജീവിതത്തിന്റെ അനേകം രൂപങ്ങളും, ഭൂമിതന്നെയും, ''ഉഴുകാനും സൂക്ഷിക്കാനും'' (ഉത്പ 1:15) വേണ്ടി നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. ഭാവിതലമുറകൾക്കുവേണ്ടിയും, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വപൂർണവും ക്രിയാത്മകവുമായ പങ്കെടുക്കലിനുവേണ്ടിയും നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. നാം ചിന്തിക്കുന്നതിന്റെയും വസ്തുക്കളെ നാം കാണുന്നതിന്റെയും രീതി മാറ്റുക ആവശ്യമാണ്. മറ്റുള്ളവരോട് ഇടപെടുന്നതിലും സൃഷ്ടിയാകുന്ന ദാനം - അതിന്റെ സ്രഷ്ടാവിന്റെ സൗന്ദര്യവും ജ്ഞാനവും പ്രതിഫലിക്കുന്ന സൃഷ്ടിയാകുന്ന ദാനം - സ്വീകരിക്കുന്നതിലും കൂടുതൽ തുറവിയുള്ളവരാകണം.

ഇതെല്ലാം നമുക്കു നല്കുന്നത് കൂടുതൽ ആഴമുള്ള ലക്ഷ്യബോധവും നമ്മുടെ പൊതുഭവനത്തിൽ വസിക്കാനുള്ള ഒരു പുതിയ മാർഗവും നമ്മുടെ വ്യത്യാസങ്ങൾ അംഗീകരിക്കാനും നാം സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ജീവിതത്തെ ആദരിക്കാനും ആഘോഷിക്കാനുമുള്ള കടമയുമാണ്. ജീവന്റെ തുടർന്നുള്ള പുഷ്പിക്കലിനെയും മുഴുവൻ മനുഷ്യവംശത്തിന്റെയും പൊതുനന്മയുടെ വികസനത്തെയും അനുകൂലിക്കുന്ന ജീവിതാവസ്ഥകളും സമൂഹത്തിന്റെ മാതൃകകളും അന്വേഷിക്കാനുമുള്ള കടമയുമാണ്.

നാം അഭ്യർത്ഥിക്കുന്ന പരിസ്ഥിതിപരമായ മാനസാന്തരം ജീവനെ നോക്കിക്കാണുന്നതിനുള്ള പുതിയൊരു രീതിയിലേക്ക് നമ്മെ നയിക്കും. നമുക്ക് ഭൂമി നല്കിയ സ്രഷ്ടാവിന്റെ ഉദാരത പരിഗണിക്കുമ്പോൾ സന്തോഷത്തോടും മിതത്വത്തോടുംകൂടി ഭൂമി പങ്കിട്ട് അനുഭവിക്കാൻ നല്കിയ സ്രഷ്ടാവിന്റെ ഉദാരത തന്നെ. ഈ മാനസാന്തരം സമഗ്രമായ രീതിയിൽ മനസ്സിലാക്കണം. ഒരു രൂപാന്തരീകരണമായി മനസ്സിലാക്കണം നമ്മുടെ സഹോദരീസഹോദരന്മാരോടും മറ്റു ജീവജാലങ്ങളോടും സമ്പന്നമായ വൈവിധ്യമുള്ള സൃഷ്ടിയോടും ജീവന്റെയെല്ലാം ഉത്പത്തിയും ഉറവിടവുമായ സ്രഷ്ടാവിനോടും നാം എങ്ങനെ ബന്ധപ്പെടുന്നുവെന്നു മനസ്സിലാക്കണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ആവശ്യമാണ്: ''ഈശോമിശിഹായോടുള്ള അവരുടെ കണ്ടുമുട്ടലിന്റെ ഫലങ്ങൾ അവർക്കു ചുറ്റുമുള്ള ലോകവുമായുള്ള അവരുടെ ബന്ധങ്ങളിൽ പ്രകടമാകണം.''9

## 5. ''നാം പ്രത്യാശിക്കുന്നതെല്ലാം നമുക്കു ലഭിക്കുന്നു''

അനുരഞ്ജനത്തിനുള്ള യാത്ര ക്ഷമയെയും വിശ്വാസത്തെയും ആവശ്യപ്പെടുന്നു. സമാധാനത്തിനായി പ്രത്യാശിച്ചില്ലെങ്കിൽ സമാധാനം ലഭിക്കുകയില്ല.

ഒന്നാമതായി, ഇതിന്റെ അർത്ഥം സമാധാനത്തിനുള്ള സാധ്യതയിൽ വിശ്വസിക്കുകയെന്നതാണ്. നമുക്ക് ആവശ്യമായിരിക്കുന്നതുപോലെ മറ്റുള്ളവർക്കും സമാധാനം ആവശ്യമാണെന്ന് വിശ്വസിക്കണം. ദൈവത്തിന് നമ്മിൽ ഓരോരുത്തരോടുമുള്ള സ്നേഹത്തിൽ നമുക്ക് പ്രചോദനം കണ്ടെത്താനാവും. സ്വതന്ത്രമാക്കുന്നതും അതിരുകളില്ലാത്തതും വിശ്രമമില്ലാത്തതുമായ സ്നേഹത്തിൽത്തന്നെ.

ഭയം മിക്കപ്പോഴും സംഘട്ടനത്തിന്റെ ഒരു ഉറവിടമാണ്. അതുകൊണ്ട് നാം മാനുഷികഭയങ്ങളെ കീഴടക്കുകയെന്നത് സുപ്രധാന കാര്യമാണ്. നമ്മെ സ്നേഹിക്കുകയും ധൂർത്തപുത്രനെ കാത്തി

രുന്ന പിതാവിനെപ്പോലെ (ലൂക്കാ 15:11-24) നമ്മെ കാത്തിരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കണ്ണുകളിൽ നാം ആവശ്യങ്ങളുള്ള മക്കളാണെന്ന് അംഗീകരിക്കുകയെന്നതും സുപ്രധാന കാര്യമാണ്. സഹോദരപരമായ കണ്ടുമുട്ടലിന്റെ സംസ്കാരം സംഘട്ടനത്തിന്റെ സംസ്കാരത്തെ തകർക്കുന്നു. അത് ഓരോ കണ്ടുമുട്ടലിനെയും സംബന്ധിച്ച് ദൈവത്തിനുള്ള ഉദാരതനിറഞ്ഞ സ്നേഹത്തിന്റെ ഒരു സാധ്യതയും ഒരു സമ്മാനവുമാണ്. അത് ഇടുങ്ങിയ ചക്രവാളങ്ങളുടെ അതിരുകൾക്കപ്പുറത്തേക്കു നമ്മെ നയിക്കുന്നു. ഒരേ സ്വർഗീയപിതാവിന്റെ മക്കൾ എന്ന നിലയിൽ സാർവത്രിക സാഹോദര്യത്തിന്റെ ചൈതന്യത്തിൽ ജീവിക്കാൻ നമ്മെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നു.

ഈശോയുടെ അനുയായികളെ സംബന്ധിച്ചിടത്തോളം ഈ യാത്ര, മാമ്മോദീസ സ്വീകരിച്ചവരുടെ പാപങ്ങളുടെ മോചനത്തിനായി കർത്താവു നല്കിയ അനുരഞ്ജനകൂദാശയാൽ താങ്ങി നിറുത്തപ്പെടുന്നു. സഭയുടെ ഈ കൂദാശ വ്യക്തികളെയും സമൂഹങ്ങളെയും നവീകരിക്കുന്നു. ഈശോയെ നോക്കിക്കൊണ്ടിരിക്കാൻ നമ്മോടു കല്പിക്കുകയും ചെയ്യുന്നു. ''സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു''(കൊളോ 1:20). നമ്മുടെ അയല്ക്കാർക്ക് എതിരായോ ദൈവത്തിന്റെ സൃഷ്ടിക്ക് എതിരായോ ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള ഓരോ അക്രമപ്രവർത്തനത്തെയും മാറ്റിവയ്ക്കാൻ ഇത് നമ്മോട് ആവശ്യപ്പെടുന്നു.

നമ്മുടെ പിതാവായ ദൈവത്തിന്റെ കൃപ വ്യവസ്ഥകളില്ലാത്ത സ്നേഹമെന്നപോലെ നമ്മിലേക്ക് ചൊരിയപ്പെട്ടു. മിശിഹായിൽ അവിടത്തെ പൊറുതി സ്വീകരിച്ച നാം നമ്മുടെ കാലത്തെ സ്ത്രീപുരുഷന്മാർക്ക് സമാധാനം നല്കാൻ നമുക്കു പുറപ്പെടാം. ഓരോ ദിവസവും പരിശുദ്ധാത്മാവ് നമ്മെ നീതിയുടെയും സമാധാനത്തിന്റെയും സ്രഷ്ടാക്കളാക്കാൻ കഴിയുന്ന വിധത്തിൽ ചിന്തിക്കാനും സംസാരിക്കാനുമുള്ള മാർഗങ്ങൾ പരിശുദ്ധാത്മാവ് അനുദിനം നമ്മിൽ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

സമാധാനത്തിന്റെ ദൈവം നമ്മെ ആശീർവദിക്കുകയും നമ്മെ സഹായിക്കാൻ വരുകയും ചെയ്യട്ടെ.സമാധാനത്തിന്റെ രാജകുമാരിയും ഭൂമിയിലെ സർവജനതകളുടെയും മാതാവുമായ മറിയം അനുരഞ്ജനത്തിനുള്ള നമ്മുടെ യാത്രയിൽ ഓരോ അടിയും നടക്കാൻ

നമ്മോടൊപ്പമുണ്ടായിരിക്കുകയും നമ്മെ താങ്ങി നിറുത്തുകയും ചെയ്യട്ടെ.

ഈ ലോകത്തിലേക്കു വരുന്ന എല്ലാ സ്ത്രീപുരുഷന്മാരും സമാധാനത്തിന്റെ ജീവിതം അനുഭവിക്കട്ടെ. അവർ അവരുടെ ഹൃദയങ്ങളിൽ നിവസിക്കുന്ന ജീവന്റെയും സ്നേഹത്തിന്റെയും വാഗ്ദാനം പൂർണമായി വികസിപ്പിക്കട്ടെ.

വത്തിക്കാനിൽ നിന്ന്

8 ഡിസംബർ 2019

ഫ്രാൻസിസ് മാർപാപ്പാ

[1] BENEDICT XVI, Encyclical Letter Spe Salvi (30 November 2007), 1.

[2] Address on Nuclear Weapons, Nagasaki, Atomic Bomb Hypocenter, 24 November 2019.

[3] Cf. Homily at Lampedusa, 8 July 2013.

[4] Address on Peace, Hiroshima, Peace Memorial, 24 November 2019.

[5] SECOND VATICAN ECUMENICAL COUNCIL, Pastoral Constitution Gaudium et Spes, 78.

[6] Cf. BENEDICT XVI, Address to the Italian Christian Workers' Associations, 27 January 2006.

[7] Apostolic Letter Octogesima Adveniens (14 May 1971), 24.

[8] Encyclical Letter Laudato Si' (24 May 2015).

[9] Ibid., 217.

[10] Cf. SAINT JOHN OF THE CROSS, Noche obscura, II, 21,8.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

Ref: 3240 /K-5/KCBC/OL/DS 10 December 2019

## ഡിസംബർ 13-ന്

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പൗരോഹിത്യ സുവർണജൂബിലി വേളയിൽ

### കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2019 ഡിസംബർ 17-ന് 83-ാം ജന്മദിനം ആഘോഷിക്കുന്ന ഫ്രാൻസിസ് പാപ്പാ ഡിസംബർ 13-ന് പൗരോഹിത്യത്തിന്റെ 50 സുവർണവത്സരങ്ങൾ പൂർത്തിയാക്കും. അജഗണങ്ങളോടൊപ്പം സഞ്ചരിക്കുകയും നഷ്ടപ്പെട്ടവയെ തേടിപ്പോവുകയും ചെയ്യുന്ന നല്ല ഇടയനായ ഈശോയെ തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ പിൻചെല്ലുന്ന പരിശുദ്ധ പിതാവ് എല്ലാ പുരോഹിതർക്കും ഒരു മാതൃകയാണ്. 1936 ഡിസംബർ 17-ന് അർജന്റീനയിലെ ലാസ് ഫ്ളോറസിലാണ് ഫ്രാൻസിസ് പാപ്പാ ജനിച്ചത്. 1969 ഡിസംബർ 13-ന് ഈശോസഭയിൽ വൈദികനായി. 1992 ജൂൺ 27-ന് മെത്രാഭിഷേകം സ്വീകരിച്ചു. 2013 മാർച്ച് 13-ന് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

സുവിശേഷം നല്കുന്ന ആനന്ദം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും തന്റെ ചുറ്റുപാടുകളിലേക്കു പ്രസരിപ്പിക്കുകയും ചെയ്യുന്നതിലൂടെ അദ്ദേഹം സകലർക്കും പ്രിയങ്കരനായിത്തീരുന്നു. സുവിശേഷത്തിന്റെ മർമ്മം ദൈവത്തിന്റെ കരുണയാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പിതാവിന്റെ കരുണ ഈശോയിലൂടെ ലോകം അനുഭവിച്ചതുപോലെ, തിരുസ്സഭയും, സഭയുടെ എല്ലാ ശുശ്രൂഷകരും, ഈശോയുടെ ഹൃദയം സ്വന്തമാക്കി മുറിവേറ്റ സകലർക്കും കാരുണ്യത്തിലൂടെ സൗഖ്യം പകരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ദൈവകാരുണ്യം ഒരിക്കലും അടയാത്ത വാതിലാണെന്നും തന്റെ എല്ലാ മക്കളെയും ദൈവം കാത്തിരിക്കുന്നു എന്നും അദ്ദേഹം സഭയെ ഓർമ്മിപ്പിക്കുന്നു. ലോകത്തെ എല്ലാ വിഭാഗം ജനങ്ങളോടും അദ്ദേഹം സംവദിക്കുന്നു. മനുഷ്യരെ വേർതിരിക്കുന്ന എല്ലാ മതിലുകളും ഭേദിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ മനുഷ്യഹൃദയങ്ങളിൽ പതിക്കുന്നു. ദൈവസ്നേഹത്തിലൂന്നിയ മനുഷ്യദർശനം എല്ലാത്തരം മനുഷ്യരുടെയും അന്തസ്സും മാന്യതയും മഹത്വവും ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. അവരിൽ ആരെയും വിധിക്കാനല്ല, കരുതലോടെ അനുധാവനം ചെയ്യാനാണ് സഭ നിയുക്തയായിരിക്കുന്നത് എന്നദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു. ദരിദ്രരുടെയും

പ്രകൃതിയുടെയും വിലാപത്തിനു ചെവിക്കൊടുക്കണമെന്ന് അദ്ദേഹം ലോകത്തെ അനുസ്മരിപ്പിക്കുന്നു. ലോകം ഒരു ആത്മീയ പിതാവായി അദ്ദേഹത്തെ കാണുകയും ആദരിക്കുകയും ചെയ്യുന്നു. നല്ല ഇടയനായ ഈശോയെ പിൻചെല്ലുന്നതിൽ അദ്ദേഹം നമുക്കു മുമ്പേ നടക്കുന്നു.

പാപ്പായുടെ വാക്കുകൾ ഋജുവും ലളിതവുമാണ്. അദ്ദേഹത്തിന്റെ പ്രവൃത്തികൾ സുവിശേഷത്തിന്റെ സാക്ഷ്യവും വ്യാഖ്യാനവുമാണ്. അപ്പസ്തോല പ്രവർത്തനങ്ങളിൽ പത്രോസും പൗലോസും മിശിഹായെ പ്രഘോഷിച്ചതുപോലെ സഭയ്ക്കുള്ളിലും ലോകം മുഴുവനും പിതാവായ ദൈവത്തിന്റെ കാരുണ്യത്തോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടുംകൂടെ ഈശോ മിശിഹായുടെ രക്ഷാകരദൗത്യം തുടരാൻ അദ്ദേഹം സഭയെ ആഹ്വാനം ചെയ്യുന്നു.

ഇക്കാലയളവിൽ സമാധാനത്തിന്റെയും സഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും അരൂപിയിൽ സഭയെ നയിക്കാൻ പരിശുദ്ധ പിതാവിനെ നല്കിയ പരമ കാരുണികനായ ദൈവത്തിന് നന്ദി നമുക്കു പറയാം. പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ ജീവിതത്തിന്റെ എല്ലാ മേഖലകളെയും പരിവർത്തനത്തിനു പ്രേരിപ്പിക്കാൻ ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾക്കു കഴിയട്ടെ! ദൈവവചനത്തോടു വിധേയത്വവും ആത്മീയനേതൃത്വത്തോട് ആദരവും പുലർത്തുന്ന ജീവിതശൈലിയിലൂടെയും പ്രാർത്ഥനയിലൂടെയും സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളെയും നമുക്ക് ശക്തിപ്പെടുത്താം. 13-ാംതീയതിയും 17-ാംതീയതിയുമുള്ള വിശുദ്ധ കുർബാനകളിൽ പരിശുദ്ധ പിതാവിന്റെ ശുശ്രൂഷാജീവിതത്തിന്റെ നന്മകൾക്കായി ദൈവത്തിനു നന്ദിപറയുകയും അദ്ദേഹത്തിന്റെ നിയോഗങ്ങൾക്കായി പ്രത്യേക പ്രാർത്ഥനകൾ സമർപ്പിക്കുകയും ചെയ്യാം. സർവോപരി, സുവിശേഷ സൗഭാഗ്യങ്ങളെ ജീവിതപ്രമാണങ്ങളാക്കിയും പരസ്നേഹപ്രവൃത്തികളെ ക്രിസ്തീയ ദൗത്യത്തിന്റെ ഭാഗമാക്കിയും വിശുദ്ധിയിലും സന്തോഷത്തിലും സുവിശേഷ സാക്ഷികളാകാൻ നമുക്കു പരിശ്രമിക്കാം.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**ജോർജ് കാർഡിനൽ ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

## സർക്കുലർ

19 Ch. 230-306

# ലിറ്റർജിയുടെ ആഘോഷവും ദൈവാലയവും

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

**1.** **മം**ഗളവാർത്തക്കാലത്തോടെ പുതിയ ആരാധനാവത്സരത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കയാണ്. അതിരൂപതയുടെ പഞ്ചവത്സര അജപാലനപദ്ധതിയുടെ മൂന്നാം വർഷാചരണത്തിനും ആരംഭം കുറിച്ചിരിക്കുന്നു. സഭാജീവിതത്തിന്റെ ഹൃദയമെന്നു വിളിക്കാവുന്ന ലിറ്റർജിയാണ് ഈ വർഷാചരണത്തിൽ മുഖ്യവിഷയമായി സ്വീകരിച്ചിരിക്കുന്നത്. വിശ്വാസത്തിന്റെ ആഘോഷമായ ലിറ്റർജി പരമാവധി പരിപൂർണ്ണമായി അനുഷ്ഠിക്കാൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. അതിന് ലിറ്റർജി സംബന്ധമായ കാര്യങ്ങളിൽ ശരിയായ അറിവും ബോദ്ധ്യവും എല്ലാവർക്കും ഉണ്ടായിരിക്കണം. എല്ലാവരും അറിയുകയും പാലിക്കയും ചെയ്യേണ്ട പൊതുവായ ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അജപാലകർ എന്ന നിലയിൽ സഭാശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന എല്ലാ വൈദികരും ഇക്കാര്യങ്ങൾ നന്നായി മനസ്സിലാക്കി സൂക്ഷ്മതയോടെ ലിറ്റർജി പരികർമ്മം ചെയ്യാനും, ദൈവജനത്തിന് ശരിയായ ബോധനവും പരിശീലനവും നൽകി ദൈവാരാധനയിൽ അവരെ പങ്കുചേർക്കാനും ശ്രദ്ധിക്കേണ്ടതാണ്.

**2.** **വി**ശ്വാസത്തിന്റെ ആഘോഷം എന്ന നിലയിൽ മുഖ്യസ്ഥാനമാണ് സഭയിൽ ലിറ്റർജിക്കുള്ളത്. അതിനാൽ ആരാധനക്രമാനുഷ്ഠാനം സംബന്ധിച്ചു വ്യക്തമായ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സഭ നൽകിയിട്ടുണ്ട്. സഭയിലും സഭയോടു ചേർന്നുമാണ് ഓരോ വിശ്വാസിയും ഔദ്യോഗികമായി ദൈവാരാധന നിർവ്വഹിക്കുന്നത്. വിശ്വാസികളുടെ ആരാധനാജീവിതം ശരിയായി നടക്കുന്നതിന് രൂപതാതലത്തിൽ മേൽനോട്ടം വഹിക്കുന്നതിനും പ്രബോധനം നൽകുന്നതിനും രൂപതാദ്ധ്യക്ഷന്മാരായ മെത്രാന്മാർക്ക് അധികാരവും ഗൗരവമായ ചുമതലയുമുണ്ട്. ഓരോ സഭയുടെയും ആധികാരികമായ

ആരാധനക്രമപാരമ്പര്യങ്ങൾക്കും പ്രബോധനങ്ങൾക്കും അനുസൃതമായി രൂപതാദ്ധ്യക്ഷൻ ആരാധനക്രമം സംബന്ധിച്ചു നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ എല്ലാ രൂപതാംഗങ്ങളും കടപ്പെട്ടിരിക്കുന്നു. തങ്ങളുടെ അജപാലനമേഖലയിൽ അവ നടപ്പിലാക്കാൻ, മെത്രാന്റെ സഹപ്രവർത്തകരും മെത്രാനാൽ നിയോഗിക്കപ്പെട്ടവരുമായ വൈദികർക്ക് ചുമതലയുണ്ട്. ആരാധനക്രമസംബന്ധമായി രൂപതാദ്ധ്യക്ഷൻ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തന്റെ ഫൊറോനായിലെല്ലായിടത്തും പാലിക്കപ്പെടുന്നുണ്ടോ എന്നന്വേഷിക്കാനും ആവശ്യമായ മേൽനോട്ടം വഹിക്കാനും ഫൊറോനാ വികാരിക്കുള്ള ഉത്തരവാദിത്വവും ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങനെ നമ്മുടെ അതിരൂപതയിലെങ്ങും ആരാധനക്രമവിഷയത്തിൽ ഐക്യവും അച്ചടക്കവും പുലരുവാൻ വൈദികരും സമർപ്പിതരും അല്മായരുമുൾപ്പെടുന്ന അതിരൂപതാംഗങ്ങളെല്ലാവരും സഹകരിക്കേണ്ടതാണ്. നൽകുന്ന മാർഗ്ഗനിർദേശങ്ങളും പ്രബോധനങ്ങളും ഇടവക-ഫൊറോനാ തലങ്ങളിലും സംഘടനാതലങ്ങളിലും കുടുംബകൂട്ടായ്മകളിലും വിവിധങ്ങളായ ഭരണസമിതികളിലുമൊക്കെ ചർച്ച ചെയ്ത് വിശ്വാസികൾക്ക് ശരിയായ പരിശീലനവും ബോദ്ധ്യവും നൽകാൻ വൈദികരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കേണ്ടതാണ്.

### 3. ലിറ്റർജിയും ദൈവാലയവും

പൗരസ്ത്യസഭകളുടെ ആരാധനക്രമം സംബന്ധിച്ച് വത്തിക്കാന്റെ പൗരസ്ത്യസഭാ കാര്യാലയം 1996-ൽ പ്രസിദ്ധപ്പെടുത്തിയ പ്രബോധനത്തിലെ ദൈവാലയത്തെയും അതിന്റെ ഘടനയേയും സംബന്ധിച്ച് നമ്മൾ മനസ്സിലാക്കേണ്ട ചില പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

പുതിയനിയമത്തിൽ സഭയാണ് പുതിയ ദൈവാലയം. വിശ്വാസികളാകുന്ന ജീവിക്കുന്ന കല്ലുകൾക്കൊണ്ടാണത് പണി ചെയ്തിരിക്കുന്നത്. റൂഹാദ്ക്കുദ്ശായിൽ വാസസ്ഥലമായി അത് പണിയപ്പെട്ടുകൊണ്ടിരിക്കുന്നു. ശ്ലീഹന്മാരും പ്രവാചകന്മാരുമാണ് അതിന്റെ അടിത്തറ; അടിത്തറയുടെ മൂലക്കല്ല് മിശിഹായും (എഫേ. 2:20-22).

സഭയുടെ ഈ ലോകകാലഘട്ടത്തിൽ ഭൂമിയിൽ നമ്മൾ നിർമ്മിക്കുന്ന ആലയം കർത്താവായ മിശിഹായിലേക്കുള്ള വഴി കാണിച്ചുതരുന്ന അടയാളമാണ്. മിശിഹാ സ്വർഗ്ഗമാകുന്ന തന്റെ രാജ്യത്തിലേക്ക് നമ്മെ നയിക്കുന്നു. കാരണം, നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ് (ഫിലിപ്പി. 3:20). നമ്മുടെ ഈ ഭൗതികദൈവാലയം, മിശിഹാ പ്രവേശിച്ച സ്വർഗ്ഗീയ അൾത്താരയുടെയും വിശുദ്ധ സ്ഥലത്തിന്റെയും അടയാളമാണ്. നമുക്കുവേണ്ടി ദൈവസന്നിധിയിലായിരിക്കാൻ വേണ്ടിയാണ് മിശിഹാ സ്വർഗ്ഗത്തിൽ പ്രവേശിച്ചത് (ഹെബ്രാ.9:24).

ഭൂമിയിലെ വിശുദ്ധ സ്ഥലം മറ്റൊരു ലോകത്തിലേക്കാണ് നമ്മെ എത്തിക്കുന്നത്, അതായത് ദൈവസാന്നിദ്ധ്യത്തിലേക്ക് (പ്രബോധനം 109). ഇപ്രകാരം ഇരുലോകങ്ങൾ തമ്മിൽ, സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ബന്ധം എല്ലാ ക്രിസ്തീയാരാധനക്രമങ്ങളും എടുത്തുപറയുന്നുണ്ട്. 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേയ്ക്കുയരട്ടെ', 'കർത്താവായ ദൈവമേ, സ്വർഗ്ഗീയ ഗണങ്ങളോടുകൂടി അങ്ങേയ്ക്കു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുന്നു' എന്നിങ്ങനെ നമ്മുടെ കുർബാനയിലെ പ്രാർത്ഥനകൾ നമുക്ക് സുപരിചിതമാണല്ലോ.

**4.** സ്വർഗ്ഗവും ഭൂമിയും തമ്മിൽ, ദൈവവും മനുഷ്യനും തമ്മിൽ, സ്വർഗ്ഗവാസികളും ഭൂവാസികളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുകയും ആഴപ്പെടുത്തുകയും ചെയ്യുന്ന പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ദൈവാലയ സംവിധാനങ്ങളും നമ്മുടെ സഭയുടെ ആരാധനക്രമത്തിൽ വളരെ പ്രകടമാണ്. സ്വർഗ്ഗത്തിന്റെ പ്രതീകമായ മദ്ബഹായും ഭൂമിയുടെ പ്രതീകമായ ഹൈക്കലായും തമ്മിൽ ബന്ധിപ്പിക്കുന്ന സ്കക്കോന (വചനവേദിയിൽനിന്ന് മദ്ബഹായിലേക്കുള്ള പാത); ഹൈക്കലായിൽ സ്ഥാപിച്ചിരിക്കുന്ന വചനവേദി (ബേമ); ബലിപീഠത്തിൽനിന്ന് വചനവേദിയിലേക്കുള്ള സുവിശേഷഗ്രന്ഥ പ്രദക്ഷിണം; ബലിപീഠത്തിൽനിന്ന് ഹൈക്കലയിലേക്ക് ദിവ്യകാരുണ്യവുമായി വരുന്നത്; കാർമ്മികന്റെ ആഘോഷമായ മദ്ബഹാ പ്രവേശനവും അൾത്താരയെ സമീപിക്കലും എല്ലാം ഉദാഹരണങ്ങളാണ്.

**5.** ആദിപാപത്തിനു മുമ്പ് മനുഷ്യൻ ധരിച്ചിരുന്ന കൃപാവരവസ്ത്രം വീണ്ടും മനുഷ്യനെ ധരിപ്പിച്ച് സ്വർഗ്ഗപ്രവേശത്തിന് അവനെ യോഗ്യനാക്കുന്ന രക്ഷാരഹസ്യത്തിന്റെ ആഘോഷമാണ് ലിറ്റർജി (പ്രബോധനം 109). ലിറ്റർജിയിലൂടെ ഭൂവാസികളായ നമ്മൾ വിശുദ്ധീകരിക്കപ്പെട്ട് മിശിഹായുടെ പ്രതിച്ഛായയോട് സാദൃശ്യപ്പെടുകയും സ്വർഗ്ഗീയരായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. സ്വർഗ്ഗം ഭൂമിയിലേക്കിറങ്ങുകയും ഭൂമി സ്വർഗ്ഗത്തിലേക്കുയരുകയും ചെയ്യുന്ന രക്ഷാകരപ്രവർത്തനമാണ് ലിറ്റർജി. ചുരുക്കത്തിൽ, ഈ ലോകത്തെ ദൈവരാജ്യമായി രൂപാന്തരപ്പെടുത്താൻ സഭയിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനമാണ് ലിറ്റർജി. ഇവയെല്ലാം പ്രതീകാത്മകമായി പ്രകാശിപ്പിക്കുന്ന ദൈവാലയസംവിധാനമാണ് നമുക്കുള്ളത്. അവയ്ക്കൊന്നും കോട്ടം വരുത്താതെ സൂക്ഷ്മതയോടെ വേണം ദൈവാലയം നിർമ്മിക്കാൻ. നമ്മുടെ താൽപര്യങ്ങളും സൗകര്യങ്ങളുമാകരുത് ദൈവാലയനിർമ്മാണത്തിന്റെ മാനദണ്ഡം.

## 6. അൾത്താര

ദൈവാലയത്തിന്റെ മുഖ്യകേന്ദ്രമാണ് അൾത്താര. ബലിവേദി

യാണത്. നന്ദിപ്രകാശനവും, സമർപ്പണവും പ്രാർത്ഥനയും പാപപ്പരിഹാരവുമെല്ലാം ഉൾക്കൊള്ളുന്ന ബലിയർപ്പണമാണ് അവിടെ നടക്കുന്നത്. പഴയനിയമ ബലിയർപ്പണത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമബലി. പഴയനിയമ ദൈവാലയത്തിലെ അതിവിശുദ്ധ സ്ഥലത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമ അൾത്താര; കർത്താവിന്റെ ഗാഗുൽത്തായാകുന്ന ബലിപീഠമാണത്. മിശിഹായുടെ ബലിയർപ്പണത്തിന്റെ മുന്നനുഭവമായ അന്ത്യഅത്താഴത്തിന്റെ മേശയും കർത്താവിന്റെ കല്ലറയും ഉയിർപ്പിന്റെ സ്ഥലവുമാണത്. എല്ലാ കൗദാശിക കൃപകളുടെയും ഉറവിടമാണ് അൾത്താര; അത് സ്വർഗ്ഗീയലിറ്റർജിയുടെ ബലിപീഠമാണ്.

സ്വർഗ്ഗീയ ലിറ്റർജിയുടെ ഐക്കൺ (Icon, പ്രതിഛായ) ആണ് സഭയുടെ ലിറ്റർജി. സ്വർഗ്ഗങ്ങൾക്കും അതീതനായ ദൈവം ജീവിക്കുകയും ചരിക്കുകയും ചെയ്യുന്ന ഭൂമിയിലെ സ്വർഗ്ഗമാണ് പുതിയനിയമ ദൈവാലയത്തിലെ അൾത്താര (പ്രബോധനം 103). അഭിഷേകം ചെയ്യപ്പെടുന്ന അൾത്താരയെ അഭിഷിക്തനായ മിശിഹായുടെ ശരീരത്തിന്റെ തന്നെ പ്രതീകമായും പൂർവ്വപിതാവായ യാക്കോബ് കണ്ട സ്വർഗ്ഗീയ കോവണിയായും സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്.

### 7. മദ്ബഹാ

ദൈവാലയത്തിലെ വിവിധ ഭാഗങ്ങളിൽ ഏറ്റവും പരിശുദ്ധമായത് ബലിപീഠം സ്ഥിതിചെയ്യുന്ന മദ്ബഹായാണ്. വിരികൊണ്ട് അത് വേർതിരിക്കപ്പെട്ടിരിക്കുന്നു. ആരാധനാകർമ്മങ്ങൾക്കായി പ്രത്യേകം നിയോഗിക്കപ്പെട്ടവർ മാത്രമാണ് മദ്ബഹായിൽ പ്രവേശിക്കുന്നത് (പ്രബോധനം 104) ബലിവസ്തുക്കൾ ബലിപീഠത്തിലേക്ക് സംവഹിക്കുന്നതിനുമുമ്പ് അവ ഒരുക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന ബേസ്ഗസ്സാകൾ മദ്ബഹായിൽ ഇരുവശങ്ങളിലുമായി സ്ഥാപിക്കുന്നു.

### 8. ബേമ - വചനവേദി

ദൈവാലയ മദ്ധ്യത്തിലായി സമൂഹവേദിയിൽ അൽപം ഉയർത്തി സജ്ജീകരിക്കുന്ന പ്ലാറ്റുഫോറവും, അതിന്മേൽ ഒരു ചെറിയ അൾത്താരയും, മെത്രാനും വൈദികർക്കും ശുശ്രൂഷികൾക്കുമുള്ള ഇരിപ്പിടങ്ങളും, വചനപീഠങ്ങളും ഉൾപ്പെടുന്ന സംവിധാനമാണ് ബേമ. അൾത്താരമേൽ സ്ലീവായും തിരികളും ഉണ്ടായിരിക്കും. ബേമായിൽനിന്നാണ് വേദപുസ്തകവായനകൾ നടത്തുന്നത്. ബേമായെ ഗാഗുൽത്ത എന്നും വിളിക്കാറുണ്ട്. വി. കുർബാനയിലെ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് ബേമയിൽ നിന്നാണ്. തന്റെ പരസ്യജീവിതകാലത്ത് ജനങ്ങളുടെ ഇടയിൽ ആയിരുന്നുകൊണ്ട്

ഈശോ അവരെ പഠിപ്പിക്കുകയും നയിക്കുകയും അവരുടെ ഇടയിൽ പ്രവർത്തിക്കുകയും ചെയ്തതിനെ അനുസ്മരിക്കുപ്പിക്കുന്നതാണ് സമൂഹവേദിയിൽ സ്ഥാപിതമായിരിക്കുന്ന ബേമയിലെ വചനശുശ്രൂഷ. മദ്ബഹായിലേയ്ക്ക് തിരിഞ്ഞുനിൽക്കുന്ന കാർമ്മികന്റെ വലതുഭാഗത്തുള്ള വായനാപീഠത്തിൽ നിന്ന് പഴയനിയമവായനകളും ഇടതുവശത്തേതിൽനിന്ന് ലേഖനവും മധ്യഭാഗത്തുനിന്ന് സുവിശേഷവും വായിക്കുന്നു.

പഴയദൈവാലയങ്ങൾ പുനരുദ്ധരിക്കുമ്പോഴും പുതിയ ദൈവാലയങ്ങൾ നിർമ്മിക്കുമ്പോഴും ദൈവാലയത്തിന്റെ പ്രതീകാത്മകത സൂക്ഷ്മതയോടെ പഠിച്ച് ശരിയായ പാരമ്പര്യം പുനഃസ്ഥാപിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് റോമൻ പ്രബോധനം ആഹ്വാനം ചെയ്യുന്നു (പ്രബോധനം, 105).

### 9. മോണ്ടളം

പള്ളിയുടെ പ്രവേശനകവാടത്തോടു ചേർന്നാണ് മോണ്ടളത്തിന്റെ സ്ഥാനം. മാമ്മോദീസാർത്ഥികൾക്കും അനുതാപികൾക്കുംവേണ്ടിയുള്ള ശുശ്രൂഷകൾ, ആഘോഷം കുറഞ്ഞതോ അനുതാപത്തിന്റേതോ ആയ പ്രാർത്ഥനകൾ, ലഘു യാമപ്രാർത്ഥനകൾ തുടങ്ങിയവ നിർവ്വഹിക്കുന്നതിനുള്ള സ്ഥലമാണ് മോണ്ടളം.

### 10. മാമ്മോദീസാത്തൊട്ടി

മിശിഹായോടുകൂടി മരിച്ച്, സംസ്ക്കരിക്കപ്പെട്ട്, ഉയിർപ്പിക്കപ്പെട്ട് ആത്മീയമായി പുതിയ മനുഷ്യനായി തീരുന്ന സംഭവമാണ് മാമ്മോദീസാ. മിശിഹായുടെ മരണത്തിലുള്ള മുങ്ങലിന്റെ കുളം എന്ന് മാമ്മോദീസാത്തൊട്ടിയെ വിളിക്കാറുണ്ട്. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, പാപത്തിന്റെ മനുഷ്യൻ ഉരിഞ്ഞുമാറ്റപ്പെടുകയും റൂഹാദ്ക്കുദ്ശായാൽ അഭിഷേകം ചെയ്യപ്പെട്ട് പുതിയ മനുഷ്യനെ ധരിക്കുകയും ചെയ്യുന്ന ആത്മീയ ജനനമാണ് മാമ്മോദീസായിൽ നടക്കുന്നത്. ഈശോ മാമ്മോദീസാ സ്വീകരിച്ച ജോർദ്ദാൻ നദിയായും അവൻ സംസ്ക്കരിക്കപ്പെടുകയും ഉയിർക്കുകയും ചെയ്ത കല്ലറയായും സഭാപാരമ്പര്യം മാമ്മോദീസാത്തൊട്ടിയെ കാണുന്നു. മാമ്മോദീസാ ജലത്തെ സഭയുടെ ഗർഭപാത്രം / ഉദരമായും ലിറ്റർജിയിൽ അനുസ്മരിക്കുന്നു.

സഭയുടെ പുരാതനപാരമ്പര്യമനുസരിച്ച് ദൈവാലയത്തിനു വെളിയിലാണ് മാമ്മോദീസാത്തൊട്ടി സ്ഥാപിക്കേണ്ടത്. മാമ്മോദീസായിലൂടെയാണല്ലോ ഒരാൾ സഭയുടെ അംഗമാകുന്നത്. അതിനാൽ സഭയുടെ പ്രതീകമായ ദൈവാലയത്തിൽ പ്രവേശിക്കുന്നതിനു

മുമ്പ് അതിനുള്ള യോഗ്യത മാമ്മോദീസായിലൂടെ നേടേണ്ടതുണ്ട്. മാമ്മോദീസായ്ക്കുള്ള സ്ഥലം ദൈവാലയത്തിന് വെളിയിലായിരിക്കുക എന്ന സഭാപാരമ്പര്യത്തിന്റെ യുക്തി അതാണ്. ഇപ്പോഴുള്ള ദൈവാലയങ്ങളിൽ അത് സാധ്യമെങ്കിൽ പള്ളിയുടെ കവാടത്തിന് അടുത്തെങ്കിലുമായിരിക്കണം മാമ്മോദീസാത്തൊട്ടി സ്ഥാപിക്കേണ്ടത് എന്നാണ് റോമൻ പ്രബോധനം അനുശാസിക്കുന്നത് (നം. 107).

## 11. അനുരഞ്ജനവേദി - കുമ്പസാരക്കൂട്

ദൈവാലയവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സ്ഥലമാണ് അനുരഞ്ജനവേദി അഥവാ കുമ്പസാരക്കൂട്. അനുതപിക്കുന്ന പാപിയുടെ തിരിച്ചുവരവിനായി ദൈവം കാത്തിരിക്കുന്ന സ്ഥലം. ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ, മനുഷ്യമക്കൾക്കുവേണ്ടി സ്നേഹത്തോടെ, കരുണയോടെ, ക്ഷമയോടെ ദൈവപിതാവ് കാത്തിരിക്കുന്ന സ്ഥലം. ദൈവാലയത്തിലോ, ഉചിതമായ മറ്റൊരു സ്ഥലത്തോ അനുരഞ്ജനവേദി കൃത്യതയോടെ സ്ഥാപിക്കുകയും, അനുതാപിക്ക് പാപമേറ്റു പറഞ്ഞ് ദൈവവുമായും സഹോദരങ്ങളുമായും അനുരഞ്ജനപ്പെട്ട് ജീവിത നവീകരണത്തിന് അവസരമൊരുക്കുകയുംവേണം.

ദൈവം സന്നിഹിതനാവുകയും മനുഷ്യരായ നമ്മൾ ദൈവമക്കളായി ജനിക്കുകയും വിശുദ്ധീകരിക്കപ്പെടുകയും മിശിഹായോട് സദൃശ്യരായി ദൈവീകരിക്കപ്പെടുകയും ചെയ്യുന്ന വിശുദ്ധ സ്ഥലമാണ് ദൈവാലയം. സ്വർഗ്ഗത്തിന്റെ പ്രതീകമായ ദൈവാലയവും പരിസരങ്ങളും എത്രമാത്രം ശ്രദ്ധയോടെയും ആദരവോടെയും വിശുദ്ധിയിൽ സംരക്ഷിക്കേണ്ടിയിരിക്കുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. അതിനാൽ സഭയുടെ ശരിയായ പാരമ്പര്യങ്ങൾക്കനുസരിച്ച് ദൈവാലയം നിർമ്മിക്കാനും ദൈവജനത്തെ അതിന്റെ വിശുദ്ധിയും പ്രാധാന്യവും ബോധ്യപ്പെടുത്താനും അജപാലകരായ വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

29/12/2019
പിറവിക്കാലം ഒന്നാം ഞായർ തിരുക്കുടുംബത്തിന്റെ തിരുനാൾ

NB : *ഈ സർക്കുലർ ജനുവരി 12 - ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.*

Ref: 3242/K-5/KCBC/OL/DS 19.12. 2019

# മിസ്സിയോ ദേയി 2020

## പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ചയായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസത്തിൽ സഭാ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠനശിബിരങ്ങളും ചർച്ചകളും മിഷണറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിതമാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശുശ്രൂഷയുടെ പ്രഥമ പരിഗണനാ വിഷയമാക്കിമാറ്റാനും പ്രേഷിതവർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് 'ദൈവികദൗത്യം' എന്നർത്ഥംവരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ

തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങളിലൂടെയും ദൈവികപദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻവേണ്ടിയാണ് മിശിഹായുടെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്തംവരെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ 28:19-20). മനുഷ്യസമൂഹത്തെ ഈശോയിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' (യോഹ 20:21) എന്നാണ് യേശു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടന്നിൽ നിന്നാണ് സഭ പ്രേഷിതദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ഈശോ അപ്പോസ്തലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

മിശിഹായുടെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ

കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

**പ്രേഷിത മാനസാന്തരം**

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും മിശിഹായെ കണ്ടുമുട്ടുക. രണ്ട്, ഈശോസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യ പ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

''എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും'' (മത്താ 24:14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. ''ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു'' (2 കോറി 5:14) എന്ന പൗലോസ്

അപ്പോസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യനിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബ

ങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസ പരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിതവർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

*N.B:* ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## സർക്കുലർ

19 Ch. 229-305

# കർഷക രക്ഷാസംഗമവും കളക്ട്രേറ്റ് മാർച്ചും

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കേരളത്തിലെയും ഭാരതത്തിലെയും കർഷകരും കാർഷിക മേഖലയും ഇന്നു വലിയ പ്രശ്നങ്ങൾ നേരിടുകയാണ്. കേരളത്തിലും ഇന്ത്യയുടെ പലഭാഗങ്ങളിലും കർഷകരുടെ സംഘടിതമുന്നേറ്റം ഉയർന്നുവരുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു.

ആഗോളീകരണവും വിവിധ ഗവൺമെന്റുകളുടെ കർഷക വിരുദ്ധ നയങ്ങളും പ്രകൃതി ദുരന്തങ്ങളും കർഷകന്റെ ജീവിതത്തിലും കാർഷിക മേഖലയിലും വലിയ പ്രതിസന്ധി തീർത്തിരിക്കുന്നു. അധ്വാന വർഗത്തിന്റെ നിലവിളി ഇനിയും അധികാരികളുടെ കണ്ണുതുറപ്പിച്ചിട്ടില്ല. മഴയിലും വെയിലിലും കഠിനാദ്ധ്വാനം ചെയ്ത് മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകന്റെ അവകാശസംരക്ഷണം ഇന്ന് കേരള ജനതയുടെ പൊതു ആവശ്യമായി തീർന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ കേരള കർഷകരുടെ അവകാശസംരക്ഷണത്തിനായി, പ്രത്യേകിച്ച് കുട്ടനാട്ടിലെ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഡിസംബർ 16-തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് അതിരൂപതയുടെ നേതൃത്വത്തിൽ ആലപ്പുഴയിൽ കർഷകരക്ഷാസംഗമവും കളക്ട്രേറ്റ് മാർച്ചും സംഘടിപ്പിച്ചിരിക്കുന്ന വിവരം ഇതിനോടകം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

### കർഷകരുടെ ഇന്നത്തെ അവസ്ഥ

നമ്മുടെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ഗവൺമെന്റുകളുടെയും ബന്ധപ്പെട്ട കേന്ദ്രങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് അതിരൂപത ബദ്ധശ്രദ്ധയാണ്. കേരള

ത്തിലെ കർഷകരുടെ പ്രശ്നങ്ങൾ അവരുടേതു മാത്രമല്ല; കേരള ത്തിന്റെ വികസന, സാമ്പത്തിക പ്രതിസന്ധി കൂടിയാണെന്നത് നാം മറന്നുകൂടാ.

കർഷകർ സമൂഹത്തിന്റെ ഉയർന്ന ശ്രേണിയിലായിരുന്ന കാല ത്തുനിന്നും നിലനില്പിനുവേണ്ടിയുള്ള പോരാട്ടത്തിലായിരിക്കുന്ന അവസ്ഥ ഇന്നു സംജാതമായിരിക്കുന്നു. എല്ലായിടത്തുമെന്നതു പോലെ ഇവിടെയും കർഷകർ വലിയ പ്രതിസന്ധിയിലാണ്; കുട്ട നാടൻ കർഷകർ പ്രത്യേകിച്ചും. കാർഷിക ഉല്പന്നങ്ങൾക്ക് ന്യാ യമായ വില ലഭിക്കാത്തതും, ഗുണകരമല്ലാത്ത ഇറക്കുമതി നയങ്ങളും, കൃഷിനാശവും, പ്രകൃതിദുരന്തങ്ങളും വന്യമൃഗങ്ങളുടെ ആക്രമണവും കർഷകരുടെ ജീവിതം ദുരന്തപൂർണ്ണമാക്കിയിരിക്കുന്നു.

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കാലാകാലങ്ങളിൽ സ്വീകരിച്ച നയങ്ങളും അന്താരാഷ്ട്രവാണിജ്യകരാറുകളും കർഷകരെ കാണാ തെയുള്ളതായിരുന്നു എന്നത് നാമിപ്പോൾ തിരിച്ചറിയുന്നു (ഉദാ. ആസിയാൻ, മറ്റു ഉഭയകക്ഷി കരാറുകൾ). ആർ.സി.ഇ.പി. (Regional Comphrehensive Economic Partnership) കരാറിന്റെ ഭീഷണി നമ്മെ വിട്ടുപോയിട്ടില്ല.

തനതായ കാർഷിക സംസ്കാരത്തെ നിലനിർത്തിക്കൊണ്ട് കു ട്ടനാടൻ കാർഷികമേഖലയെ നമുക്കു സംരക്ഷിക്കേണ്ടതുണ്ട്. കുട്ട നാട്ടുകാരന്റെ ജീവിതശൈലിയായിരുന്ന കാർഷിക സംസ്കൃതിയെ നാം പുനഃസൃഷ്ടിക്കേണ്ടതുണ്ട്.

കുട്ടനാട്ടിലെ നെൽകർഷകർ വലിയ പ്രതിസന്ധിയെ നേരിടുന്നു. കുട്ടനാടിന്റെ തനതു മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു. കുട്ടനാടൻ താറാവ്കൃഷിയുടെ അവസ്ഥ പലപ്പോഴും നഷ്ടത്തിലാണ്. ക്ഷീര കർഷകർ ദുഃഖത്തിലാണ്. അതുപോലെതന്നെ റബ്ബറിന്റെയും മറ്റു നാണ്യവിളകളുടെയും അവസ്ഥയും വ്യത്യസ്തമല്ല.

## സത്വരശ്രദ്ധ അർഹിക്കുന്ന മേഖലകൾ

സംഭരിച്ച നെല്ലിന്റെ വില ഗവൺമെന്റ് ബാങ്കുകൾക്കു കൊടുക്കാ ത്തതുമൂലം കർഷകർ കടക്കെണിയിലായിരിക്കുന്നതും, വിറ്റ നെല്ലി ന്റെ പേരിൽ ജപ്തി ഭീഷണിയെ നേരിടുന്നതും (PRS പ്രശ്നം), അടിയന്തരമായി നടപടിയുണ്ടാകേണ്ട കാര്യങ്ങളാണ്. ഡിസംബർ 31 ന് അവസാനിക്കുന്ന വായ്പാ തിരിച്ചടവ് മൊറട്ടോറിയം നീട്ടൽ, സംഭരണവില ഉയർത്തൽ, സംഭരണവും കൊയ്ത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സംഭരണകൂലിച്ചിലവ് ഉയർത്തി നിശ്ചയിക്കൽ, പുറം ബണ്ടുകളുടെ ബലപ്പെടുത്തൽ, ക്ഷീരകാർഷികമേഖലയെ തൊഴി ലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപന്ന നിർ

മ്മാണസാഹചര്യമൊരുക്കൽ തുടങ്ങി ഉടൻ പരിഹാരം കാണേണ്ട വിഷയങ്ങൾ നാം ഉയർത്തിപ്പിടിക്കേണ്ടതുണ്ട്.

റബറിന്റെ സംഭരണവില 250 രൂപയായി ഉയർത്തുക, റബ്ബർ ടാപ്പിംഗ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക, കർഷക പെൻഷൻ കുറഞ്ഞത് 10000 രൂപയാക്കുക, നിലം-പുരയിടം, തോട്ടം-പുരയിടം വേർതിരിവുകളിലെ അപാകത പരിഹരിക്കുക എന്നിവയും അധികാരികളുടെ സത്വരശ്രദ്ധ പതിയേണ്ട ആവശ്യങ്ങളാണ്.

ഉടൻ പരിഹാരം കാണേണ്ട വിഷയങ്ങൾക്കു പുറമേ അടിസ്ഥാന പരമായി ദീർഘകാല പരിഹാരം കാണേണ്ട വിഷയങ്ങൾ നമ്മുടെ കാർഷിക മേഖലയിലുണ്ട്. കാർഷിക മേഖലയുടെ തകർച്ച ശാശ്വതമായി തടയുന്നതിന് കേന്ദ്രഗവൺമെന്റ് നിയോഗിച്ച കുട്ടനാട്ടുകാരനായ ഡോ. സ്വാമിനാഥന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച റിപ്പോർട്ട് ഉടൻ നടപ്പിലാക്കണം. ഓരോ കാർഷികോൽപന്നത്തിന്റെയും ഉത്പാദനചിലവ് കണക്കാക്കി അതിന്റെ 50 ശതമാനം തുകയുംകൂടി കൂട്ടിയുള്ള തുക തറവിലയായി നിശ്ചയിക്കണം. ഇതിനായി പാർലമെന്റിൽ നിയമം പാസ്സാക്കി ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആവശ്യമായ സന്ദർഭങ്ങളിൽ സംഭരണം നടത്തണം. ഉൽപാദനചിലവിന് ആനുപാതികമായിരിക്കണം കാർഷിക ഉൽപന്നങ്ങളുടെ തറവിലയെന്ന സ്വാമിനാഥൻ കമ്മീഷൻ ശുപാർശ കർഷകർക്ക് വലിയ പ്രതീക്ഷ നൽകിയിരുന്നു. ഈ റിപ്പോർട്ടിലെ പല നിർദ്ദേശങ്ങളും കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതാണ്.

### നീതിക്കായി കേഴുന്ന കുട്ടനാട്


ലോകത്തിൽ സമുദ്രനിരപ്പിൽനിന്നു താഴെയുള്ള രണ്ടു ഭൂപ്രദേശങ്ങളിലൊന്നാണല്ലോ കുട്ടനാട്. പൈതൃകമായ, ഭൂമിശാസ്ത്രപരമായ ഒട്ടേറെ പ്രത്യേകതകളുള്ള കുട്ടനാട് പരമ്പരാഗതമായി അദ്ധ്വാനത്തിന്റെ ശക്തികേന്ദ്രമാണ്. പക്ഷേ ഇന്നു കുട്ടനാട്ടിലെ കാർഷികമേഖല തകർച്ചയെ നേരിടുന്നു. വെള്ളപ്പൊക്കവും നാശനഷ്ടങ്ങളും നിരന്തരം സംഭവിക്കുന്നു. വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാനായില്ലെങ്കിൽ വെള്ളപ്പൊക്കത്തിന്റെ കെടുതിയിലേക്ക് നാം വീണ്ടും ചെന്നുപെടും.

കുട്ടനാടിന്റെ പൈതൃക സവിശേഷതകളും ഭൂപ്രകൃതിയും സംരക്ഷിച്ചുകൊണ്ട് ലോകപൈതൃകഭൂമിയായി കുട്ടനാടിനെ പ്രഖ്യാപിക്കുന്നതിനായി ഗവൺമെന്റുകൾ തയ്യാറാകണം. വിശാല കുട്ടനാട് അതോറിറ്റി രൂപീകരിക്കുക, എ.സി. കനാൽ തുറക്കുക, രണ്ടാം

കുട്ടനാട് പാക്കേജ് അനുവദിക്കുക, കുട്ടനാട് പൈതൃക ടൂറിസം പദ്ധതി നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. അതോടൊപ്പം കേരളത്തിന്റെ പ്രധാന കാർഷികോൽപ്പന്നമായ റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കുവാനും കുടിയേറ്റ കർഷകരുടെ അതിജീവനത്തിനായുള്ള പദ്ധതികൾ നടപ്പിലാക്കുവാനും സാധിക്കണം. അതിനായി രാഷ്ട്രീയ, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾക്കതീതമായി ജനത ഒരുമിച്ചു പോരാടേണ്ടിയിരിക്കുന്നു. അതിനുള്ള ശക്തമായ തുടക്കമെന്ന നിലയിലാണ് 16-ാം തീയതി നാം നടത്തുന്ന കർഷകസംഗമത്തെ കാണേണ്ടത്. കാർഷികോൽപ്പന്നങ്ങളുടെ സാമ്പിളുകളുമായി കർഷകസംഗമത്തിൽ പങ്കെടുക്കുന്നത് അഭികാമ്യമായിരിക്കും. തുടർന്ന് 20-ാം തീയതി മുഖ്യമന്ത്രിയെ കണ്ട് നമ്മുടെ കാർഷിക അവകാശ പ്രഖ്യാപനരേഖയും സമർപ്പിക്കും.

ഈ പശ്ചാത്തലത്തിൽ 16-ാം തീയതിയിലെ കർഷക രക്ഷാ സംഗമത്തിലും കളക്ട്രേറ്റ് മാർച്ചിലും പങ്കെടുത്ത് ഈ സംരംഭത്തെ വിജയിപ്പിക്കണമെന്നും ഇതിന്റെ ഒരു തുടർനടപടിയായി എല്ലാ ഇടവകകളിലും നമ്മുടെ സാമൂഹികസേവനവിഭാഗമായ CHASSന്റെ ആഭിമുഖ്യത്തിൽ കർഷകസമിതികൾ (Farmers Club) രൂപീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. കർഷകക്ഷേമത്തിനായുള്ള അതിരൂപതയുടെ പരിശ്രമങ്ങൾക്ക് ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിക്കുന്നു.


ഈശോയിൽ സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

NB : *ഡിസംബർ 15-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായനയ്ക്കായി നല്കിയിരുന്ന സർക്കുലർ.*




# I
# ക്രൈസ്തവ ഐക്യപ്രാർത്ഥന

ജനുവരി 18 മുതൽ 25 വരെ ആചരിക്കുന്ന സഭൈക്യവാരത്തിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനാശുശ്രൂഷാക്രമം സന്ദേശനിലയത്തിൽനിന്നും ലഭിക്കുന്നതാണ് (അതിരൂപതാ വെബ്സൈറ്റിലും ഈ പ്രാർത്ഥന ലഭ്യമാണ്). ഇടവകയിൽ പൊതുവായും കുടുംബകൂട്ടായ്മകളിലും ഈ പ്രാർത്ഥനാശുശ്രൂഷ നടത്തിയും ഇടവകതലത്തിൽ സഭൈക്യസമ്മേളനങ്ങൾ സംഘടിപ്പിച്ചും സഭൈക്യവാരം ഏറ്റവും ഉചിതമായി ആചരിക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# II
# സീറോമലബാർ മിഷൻ വാരാചരണം

സീറോമലബാർ സഭാംഗങ്ങളുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് 2020 ജനുവരി 5 മുതൽ 11 വരെ പ്രേഷിത വാരമായി ആചരിക്കുന്നു. ജനുവരി 12-ാം തീയതി നടത്തുന്ന മിഷൻ പിരിവ് ജനുവരി 31 നു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

# III
# കളർ എ ഹോം ക്രിസ്മസ് ധനശേഖരണം

ഈ വർഷത്തെ ക്രിസ്മസ് ധനശേഖരണം 'കളർ എ ഹോം' -ന്റെ പ്രധാന ഉദ്ദേശ്യം അഭി. പവ്വത്തിൽ പിതാവിന്റെ നവതിസ്മാരക ഭവനപദ്ധതി ആയതിനാൽ എല്ലാ ഇടവകകളും പരമാവധി വിഭവസമാഹരണം നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു. ആകെ ലഭിക്കുന്ന തുകയുടെ 40 ശതമാനവും തിരുത്തൽ വരുത്തിയ കുടുംബവിവര ഫാറങ്ങളും 2020 ജനുവരി 31 ന് മുമ്പായി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കണം.

# IV
# മാർ നെസ്തോറിയസിന്റെ കൂദാശക്രമം

1. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണ് മാർ നെസ്തോറിയസിന്റെ ക്രമം. ദനഹാത്തിരുനാളിൽ മാർ നെസ്തോറിയസിന്റെ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐച്ഛികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.

3. നാലാം ഗ്ഹാന്തായിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

## V
## 2020 - ലെ വൈദികരുടെ തുടർപരിശീലനം

നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ക്രമീകരിച്ചിരിക്കുന്ന ദ്വിദിന സെമിനാർ കുന്നന്താനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ താഴെപറയുന്ന തീയതികളിൽ നടക്കുന്നതാണ്. തങ്ങൾക്കു നിർദ്ദേശിച്ചിരിക്കുന്ന ബാച്ചിൽ *(ഡിസംബർ മദ്ധ്യസ്ഥൻ കാണുക)* പങ്കെടുക്കുവാൻ അസൗകര്യമുള്ള വൈദികർ അതിരൂപതാ കാര്യാലയത്തിൽ മുൻകൂട്ടി അറിയിച്ച് മറ്റ് ഏതെങ്കിലും ഒരു ബാച്ചിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

പ്രോഗ്രാം ആദ്യദിവസം രാവിലെ 9.30 ന് ആരംഭിച്ച് രണ്ടാം ദിവസം 4 മണിക്ക് അവസാനിക്കുന്നതാണ്. പ്രസ്തുത ദിവസങ്ങളിൽ ഇടവകകളിലെ വി. കുർബാനയർപ്പണത്തിന് വേണ്ട ക്രമീകരണങ്ങൾ ബഹു. വികാരിമാർ മുൻകൂട്ടി ചെയ്യേണ്ടതാണ്.

**ബാച്ച്** I. ജനുവരി 28-29, II. ഫെബ്രുവരി 4-5, III. ഫെബ്രുവരി 10-11

## VI
## അതിരൂപത ബൈബിൾ കൺവൻഷൻ

21-ാമത് അതിരൂപത ബൈബിൾ കൺവൻഷൻ 2020 ഫെബ്രുവരി 25 മുതൽ 29 വരെയുള്ള തീയതികളിൽ പാറേൽപള്ളി മൈതാനിയിൽ റവ. ഫാ. ദാനിയേൽ പൂവണ്ണത്തിലിന്റെ നേതൃത്വത്തിൽ വൈകുന്നേരം 3:30 മുതൽ 9:00 വരെ നടത്തപ്പെടുന്നു. ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ചങ്ങനാശേരി, തൃക്കൊടിത്താനം, തുരുത്തി, കുറുമ്പനാടം ഫൊറോനകളിലെ ദൈവാലയങ്ങളിൽ മറ്റ് ധ്യാനപരിപാടികൾ നടത്താതിരിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## സുവർണ്ണ-രജത ജൂബിലി
## അതിരൂപതാതല ആഘോഷം

ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ സംഗമം ഫെബ്രുവരി ഒന്നാംതീയതി ശനിയാഴ്ച രാവിലെ 09:30 മുതൽ അമല തിയോളജിക്കൽ കോളേജിൽ വച്ചു നടത്തപ്പെടുന്നു. അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വിവിധ കോൺഗ്രിഗേഷൻസിലെ ബഹു. സിസ്റ്റേഴ്സ് ഇതിൽ സംബന്ധിക്കുന്നതിനുവേണ്ട ക്രമീകരണം ബഹു. സുപ്പീരിയേഴ്സ് ചെയ്യണമെന്ന് അറിയിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യം ഉണ്ടായിരിക്കും.

# വി. കുർബാനാനുഭവധ്യാനം

## മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്റർ

ക്രിസ്തീയജീവിതകേന്ദ്രമായ പരിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ സഭാത്മക ആദ്ധ്യാത്മികജീവിതം നയിക്കുവാൻ ഉപകരിക്കുന്ന 'കുർബാനാനുഭവധ്യാനം', 2020 ജനുവരി 5 മുതൽ 10 വരെ, മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിലെ മാർ സ്ലീവാ മല്പാനേറ്റിൽ വച്ച് പെരിയ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് ടീം നടത്തുന്നു. 5-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിച്ച് 10-ാം തീയതി രാവിലെ അവസാനിക്കുന്നു. വൈദികർക്കും സമർപ്പിതർക്കും അൽമായർക്കും സ്വാഗതം. വിശദവിവരങ്ങൾക്ക്: 9497588192, 9847824702, 0481 2578192. **(ഫാ. മാത്യു വെള്ളാനിക്കൽ)**

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രം

ആരാധന വർഷത്തോടനുബന്ധിച്ച് കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ജനുവരി 23 മുതൽ 26 വരെ തീയതികളിൽ വിശുദ്ധ കുർബാനാനുഭവ ധ്യാനം നടക്കും. ധ്യാനം ഇരുപത്തിമൂന്നാം തീയതി വൈകുന്നേരം ആറിന് ആരംഭിച്ചു ഇരുപത്തിയാറാം തീയതി 4 മണിക്ക് സമാപിക്കും. രജിസ്ട്രേഷൻ മുൻകൂട്ടി നടത്തണം. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല. വിശദവിവരങ്ങൾക്ക്: 9447343828

### ഏകദിന ധ്യാനം - ജനുവരി 11 ന്

ധ്യാനം രാവിലെ ഒൻപതിന് തുടങ്ങി വൈകുന്നേരം നാലിന് സമാപിക്കും. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പുകൾ

2019 ഡിസംബറിൽ PPFA കുടുംബത്തിൽ നിന്നും നിത്യസമ്മാനത്തിന് യാത്രയായ റവ. ഫാ. തോമസ് കറുകക്കളം, റവ. ഫാ. തോമസ് കൊട്ടാരം, റവ. ഫാ. ജോർജ് കളരിക്കൽ എന്നീ വൈദികരെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കാം. എല്ലാ അംഗങ്ങളും അവരുടെ നിയോഗത്തിൽ മൂന്ന് കുർബാനകൾ അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. സൈജു അയ്യങ്കരി**
സെക്രട്ടറി

# ക്ഷേമപ്രവർത്തനങ്ങളിലൂടെ ദൈവത്തെ മഹത്വപ്പെടുത്തിയ കർമ്മയോഗി : കറുകക്കളം ബഹു. തോമസച്ചൻ (1933 – 2019)



"Gloria Dei homo Vivens" ജീവിക്കുന്ന മനഷ്യനാണ് ദൈവത്തിന്റെ മഹത്വം. അതായത് ശോഭനമായി ജീവിക്കുന്ന, ജീവിതത്തികവുള്ള മനുഷ്യനാണ് ദൈവത്തിന്റെ മഹത്വം. സഭാപിതാവായ വി. ഇരണേവൂസിന്റെ ഈ പ്രസ്താവനയായിരുന്നു കറുകക്കളം ബഹു. തോമസച്ചന്റെ മുദ്രാവാക്യം. അദ്ദേഹം പ്രസിദ്ധികരിച്ച ഒരു ലഘുലേഖയിൽ ഇത് വ്യക്തമാക്കുന്നു. മനുഷ്യന്റെ ദാരിദ്രം, കഷ്ടപ്പാടുകൾ ഇവയൊന്നുമല്ല ദൈവത്തെ മഹത്വപ്പെടുത്തുന്നത്. ഈ ബോധ്യമുണ്ടായിരുന്ന അച്ചൻ താൻ ജോലി ചെയ്ത പ്രദേശങ്ങളുടെയൊക്കെ വികസനത്തിനുവേണ്ടി കഠിനമായി അധ്വാനിച്ചു.

ഹൈറേഞ്ചിന്റെ കിഴക്കേ അറ്റത്ത് തമിഴ്നാടതിർത്തിയിലുള്ള കരുണാപുരം ഇടവകയിൽ വികാരിയായിരിക്കുമ്പോൾ എത്ര പ്രാവശ്യമാ നാടിന്റെ വികസനത്തിനു വേണ്ട ഓരോ കാര്യങ്ങൾ സാധിച്ചുകിട്ടാൻ അവിടെ നിന്ന് തിരുവനന്തപുരം സെക്രട്ടേറിയറ്റിലേയ്ക്കു യാത്ര ചെയ്തിട്ടുള്ളത്. കാറിലാണുയാത്ര എന്നു ചിന്തിക്കുകയേ വേണ്ട. തേക്കടി – തിരുവനന്തപുരം ബസിലാണു യാത്ര. ഈ ബസിലെ സ്റ്റാഫിനും സെക്രട്ടേറിയറ്റിലെ പല ഉദ്യോഗസ്ഥന്മാർക്കും ചില മന്ത്രിമാർക്കും അച്ചൻ സുപരിചിതനായി തീർന്നു. മടക്കയാത്രയിൽ ബസിൽ ചങ്ങനാശേരിയിൽ വന്നിറങ്ങുമ്പോൾ പലപ്പോഴും കൊടുംപാതിരാ. ആ സമയത്തു ചങ്ങനാശേരിയിൽ നിന്നു കിഴക്കോട്ടു ബസൊന്നുമില്ല. എന്തു ചെയ്യും? ഒറ്റ നടപ്പ് മിത്രക്കരിക്ക്. ചിലപ്പോൾ കിടങ്ങറയിലെത്തുമ്പോൾ വല്ല കൊച്ചുവള്ളവും കിട്ടും. വീട്ടിൽ വിശ്രമിച്ചിട്ട് പിറ്റേ ദിവസം കരുണാപുരത്തിന്.

നടപ്പ് അദ്ദേഹത്തിനൊരു ഹരമായിരുന്നു. ഇതേക്കുറിച്ചു പറയുമ്പോൾ അദ്ദേഹം തന്റെ പിതാവിനെ അനുസ്മരിക്കും. പിതാവിനോടുള്ള വലിയ സ്നേഹവും ഭക്തിയും തോമസച്ചന്റെ സ്വഭാവവിശേഷമായിരുന്നു. പിതാവിനെ കുറിച്ച് പറയുമ്പോഴൊക്കെ ''എന്റെ വന്ദ്യനായ അപ്പൻ'' എന്നേ അദ്ദേഹം പറയൂ. അദ്ദേഹത്തിന്റെ വത്സലപിതാവ് തന്റെ തൊഴിൽ പ്രമാണിച്ച് മിത്രക്കരിയിൽ നിന്ന് ഈരാറ്റുപേട്ടയ്ക്ക് നടന്നിരുന്നത് അദ്ദേഹം പലപ്പോഴും അനുസ്മരിച്ചിരുന്നു.

സാധാരണ വൈദികർ വികസനപ്രവർത്തനങ്ങൾക്കു പണമുണ്ടാക്കുന്നത് ഇടവകയിൽ പിരിവെടുത്ത്, എന്നാൽ, ഇടവകജനങ്ങളുടെ കഷ്ടപ്പാടുകൾ അറിയാവുന്ന തോമസച്ചൻ ഈ മാർഗ്ഗം സാധാരണ സ്വീകരിക്കാറില്ലായിരുന്നു. എഴുത്തുകുത്തുകൾ നടത്തി സ്വദേശത്തും വിദേശത്തുമുള്ള സമ്പന്നന്മാരിൽ നിന്നും വികസനപ്രവർത്തന ഏജൻസികളിൽ നിന്നും സഹായവും സംഭാവനയും വരുത്തി കാര്യങ്ങൾ നടത്തുകയാണ് അദ്ദേഹം ചെയ്തിരുന്നത്. ഇടവകയിലെ സാധാരണജനങ്ങളുടെ തലയിൽ ഭാരം ചുമത്താത്തതുകൊണ്ട് അവർക്കു സന്തോഷവുമായി.

വണ്ടൻപതാൽ ഇടവകയിൽ അദ്ദേഹം ഏർപ്പാടു ചെയ്തു കൊടുത്ത റബർ തോട്ടങ്ങൾ അവിടുത്തെ സാധാരണക്കാർക്ക് ഒരു കാലത്ത് വലിയ വരുമാന മാർഗ്ഗമായി.

എ. സി. റോഡിൽ നിന്ന് നസ്രത്ത് പള്ളിയിലേയ്ക്കുള്ള റോഡ്, മുട്ടാർ സെന്റ് തോമസ് പള്ളിയിലെ വൈദികമന്ദിരം, കൊടുപ്പുന്ന ഇടവകയിലെ കുടിവെള്ള സംഭരണി മുതലായവയൊക്കെ അദ്ദേഹത്തിന്റെ ശാശ്വതസ്മാരകങ്ങളാണ്.


സായാഹ്നങ്ങളിൽ ഇടവകയിലുള്ള അദ്ദേഹത്തിന്റെ പര്യടനം എടുത്തു പറയത്തക്ക സവിശേഷതകളുള്ളതായിരുന്നു. ആദ്യം പള്ളിക്കടുത്തുള്ള ഒരു വീടിന്റെ വാതിൽക്കലെത്തും, അവിടുത്തെ കുട്ടികളെ വിളിക്കും. അവരെ കൂട്ടത്തിൽ കൂട്ടും. അടുത്ത വീട്ടിൽ ചെന്ന് അവിടുത്തെ കുട്ടികളെയും കൂട്ടും. ഇങ്ങനെ ഓരോ വീട്ടിലുമെത്തും. അഞ്ചാറുകുട്ടികളായാൽ പിന്നെ എല്ലാവരും കൂടി കൈയടിച്ച് പാട്ടും പാടിയാണ് യാത്ര. പതിനഞ്ചു മിനിറ്റു കഴിയുമ്പോൾ ഒരു ഘോഷയാത്ര യാവും. ഫ്രാൻസീസ് സേവ്യർ തീരദേശത്ത് മണിയും കിലുക്കി നടന്നിരുന്നതു പോലെ. ഈ ഘോഷയാത്രയിൽ പങ്കെടുത്ത കുട്ടികളിൽ ചിലർ പില്ക്കാലത്ത് വൈദികരായിത്തീർന്നു.

സ്വന്തമായ രസകരമായ ഒരുപാടു ശൈലികൾ അദ്ദേഹത്തിന്റെ സംഭാഷണ ത്തിലുണ്ടായിരുന്നു. ഉദാഹരണം : വൈദികമന്ദിരത്തിലെ അച്ചന്മാരെക്കുറിച്ച് അദ്ദേഹം പറയുന്നത് ''മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനം'' കാത്തിരിക്കു ന്നവർ; അച്ചന്മാരുടെ ളോവ അദ്ദേഹത്തിന്റെ സംഭാഷണത്തിൽ '' ഉണ്ണിയീശോ യുടെ ഉടുപ്പാ''ണ്.

ജനത്തിന്റെ നാനാവിധക്ഷേമത്തിനുവേണ്ടി ജീവിതം മുഴുവൻ വിനിയോഗിച്ച തോമസച്ചന് നിത്യ വിധിയാളന്റെ മുമ്പിൽ നിത്യസമ്മാനം ലഭിക്കട്ടെ എന്നാശം സിക്കുന്നു.

**ഫാ. തോമസ് മറ്റപ്പള്ളി**

# കർത്താവിന്റെ വിശ്വസ്തനായ പുരോഹിതൻ: കളരിക്കൽ ബഹു. ജോർജച്ചൻ (1933 – 2019)



ബഹു. ജോർജ് കളരിക്കലച്ചൻ 1933 മാർച്ചുമാസം 21-ാം തീയതി, പുല്ലങ്ങടി കളരിക്കൽ ചെറിയാൻ മറിയം ദമ്പതികളുടെ മകനായി ഭൂജാതനായി. ചിറയകം എൽ. പി. സ്കൂൾ, ചമ്പക്കുളം എസ്. എച്ച്. യു. പി. സ്കൂൾ, എടത്വാ സെന്റ് അലോഷ്യസ് ഹൈസ്കൂൾ എന്നിവിട ങ്ങളിൽ പഠിച്ച് ESLC പാസ്സായി. 1951 ജൂൺ മാസത്തിൽ പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിൽ വൈദി കപരിശീലനത്തിനായി പ്രവേശിച്ചു. ആ വർഷമാണ് ഞാനും പെറ്റി സെമിനാരിയിൽ ചേർന്നത്. അങ്ങനെ ഞങ്ങൾ സഹപാഠികളായിത്തീർന്നു.

അന്നുമുതൽ പൗരോഹിത്യസ്വീകരണംവരെ ഞങ്ങൾ സഹപാഠികളായി തുടർന്നു. പെറ്റി സെമിനാരി പഠനം പൂർത്തിയാക്കിയതിനുശേഷം, 1953 ജൂൺമാ സത്തിൽ ആലുവാ മംഗലപ്പുഴ സെമിനാരിയിൽ, തത്ത്വശാസ്ത്രവിഭാഗം ഒന്നാം വർഷ വിദ്യാർത്ഥികളായി ഞങ്ങളെത്തിച്ചേർന്നു. റോമിലെ പൗരസ്ത്യ തിരു സംഘത്തിന്റെ പ്രീഫെക്ട് ആയിരുന്ന കർദ്ദിനാൾ ടിസറാങ് തിരുമേനി 1953 ൽ സീറോ മലബാർ സഭാസന്ദർശനത്തിനായി കേരളത്തിൽ വന്നതു പ്രമാണിച്ച്

ലത്തീൻ ക്രമത്തിൽ ആദ്യ തിരുപ്പട്ടമായ 'ആസ്തപ്പാടു പട്ടം' (Tonsure) അദ്ദേഹത്തിൽനിന്നും ആദ്യവർഷംതന്നെ സ്വീകരിക്കുവാൻ ഞങ്ങൾക്കു ഭാഗ്യമുണ്ടായി. ആ കാലഘട്ടത്തിൽ നമ്മുടെ സഭയിൽ തിരുപ്പട്ടസ്വീകരണക്രമം ലത്തീൻക്രമത്തിൽതന്നെയായിരുന്നു.


അതേത്തുടർന്ന് തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും ഒരേ ക്ലാസിലിരുന്ന്, ചിലപ്പോഴെല്ലാം ഒരേ ബഞ്ചിലിരുന്ന്, ഏഴു വർഷക്കാലം പഠിച്ചത് ഞാനിപ്പോഴും ഓർക്കുന്നു. സഹോദരതുല്യമായ സ്നേഹത്തോടും സ്വാതന്ത്ര്യത്തോടുംകൂടെ പരസ്പരം പങ്കുവച്ചും, സംശയങ്ങൾ തീർത്തും, തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിച്ചും കടന്നുപോയ ആ ഏഴു വർഷങ്ങൾ ഇപ്പോഴും ഓർമ്മയിൽ തങ്ങിനില്ക്കുന്നു. ലാളിത്യവും സൗഹൃദവും നിറഞ്ഞ അദ്ദേഹത്തിന്റെ ജീവിതശൈലി സെമിനാരിക്കാലം മുഴുവൻ അനുഭവിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. പിന്നീട് തന്റെ പുരോഹിതശുശ്രൂഷയിലും ആ ശൈലി തുടരുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. സെമിനാരി പരിശീലനം പൂർത്തിയാക്കി 1960 മാർച്ചുമാസം 12-ാം തീയതി ആലുവാ മംഗലപ്പുഴ സെമിനാരിയിൽവച്ചുതന്നെ, ദൈവദാസൻ അഭിവന്ദ്യ മാർ മാത്യു കാവുകാട്ടു പിതാവിൽനിന്നാണ് പുരോഹിതപട്ടം ഞങ്ങളുടെ ബാച്ചിലുള്ള എല്ലാവരും സ്വീകരിച്ചത്. ലത്തീൻ പുരോഹിതപട്ടക്രമം മാറ്റി, പൗരസ്ത്യ സഭാപാരമ്പര്യമനുസരിച്ചുള്ള ക്രമത്തിൽ സീറോ മലബാർ സഭയിൽ ആദ്യം പട്ടം സ്വീകരിക്കുവാനുള്ള ഭാഗ്യം ഞങ്ങൾക്കു ലഭിച്ചത് ഇന്നും സന്തോഷപൂർവ്വം അനുസ്മരിക്കുന്നു.

കർത്താവിന്റെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ട ബഹു. കളരിക്കലച്ചൻ ആദ്യത്തെ വർഷം കാവാലം പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും അതേത്തുടർന്ന് കുമരകം, നവനസ്രത്ത്, വേഴപ്രാ, പുതുക്കരി, കണ്ടങ്കരി, ഐക്കരച്ചിറ, മിത്രക്കരി, തകഴി-കേളമംഗലം, നർബോനപുരം, പുറക്കാട്, മണലാടി, പാണ്ടി, കണ്ണാടി, മാമ്പുഴക്കരി എന്നീ ഇടവകകളിൽ വികാരിയായും ശുശ്രൂഷ നിർവഹിച്ചു. പുരോഹിതപരമായ കൂദാശാശുശ്രൂഷകൾ വിശ്വസ്തതയോടുകൂടി നിർവഹിക്കുക എന്നതായിരുന്നു 1960 മുതൽ 2001 വരെ ദീർഘിച്ച അദ്ദേഹത്തിന്റെ പുരോഹിതശുശ്രൂഷയുടെ മുഖമുദ്രയായി എടുത്തുപറയുവാൻ സാധിക്കുക. അതുപോലെതന്നെ നല്ലയിടയനായ ഈശോയുടെ അജപാലനസ്നേഹം എല്ലാവർക്കും അനുഭവവേദ്യമാകത്തക്ക രീതിയിലുള്ള സ്നേഹപൂർവ്വകമായ പെരുമാറ്റവും അദ്ദേഹത്തിന്റെ സ്വന്തമായിരുന്നു.

2001 ൽ ജോലിയിൽനിന്നും വിരമിച്ച് 2019 വരെ ഇത്തിത്താനം സെന്റ് ജോസഫ്സ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ച അദ്ദേഹത്തെ സന്ദർശിക്കുവാൻ സാധിച്ചപ്പോഴെല്ലാം, തന്റെ രോഗാവസ്ഥയെ ശാന്തതയോടെ സ്വീകരിച്ച് സന്തോഷപൂർവ്വം സംസാരിക്കുന്നതായിട്ടാണ് അച്ചനെ കണ്ടിട്ടുള്ളത്. 2019 ഡിസംബർ 12-ാം തീയതി ബഹു. കളരിക്കൽ ജോർജച്ചൻ തന്റെ ജീവിതബലി പൂർത്തിയാക്കി, സ്വർഗ്ഗസമ്മാനത്തിനായി യാത്രയായി. ബഹു. അച്ചന്റെ മൃതസംസ്കാരശുശ്രൂഷ 2019 ഡിസംബർ 17-ാം തീയതി സ്വന്തം ഇടവകയായ പുല്ലങ്ങടി തിരുക്കുടുംബ ദൈവാലയത്തിൽ, ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ, അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം. ഇടയന്മാരുടെ തലവനായ മിശിഹാ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടമണിയിച്ച് ബഹു. ജോർജച്ചനെ അനുഗ്രഹിക്കട്ടെ!

**മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ**

# തോമസ് കൊട്ടാരത്തിലച്ചൻ അനുസ്മരണം (1934 – 2019)



1934 ജൂലൈ 2-ാം തീയതി കൊട്ടാരത്തിൽ തോമസിന്റെയും ഏലിയാമ്മയുടെയും ഏഴ് മക്കളിൽ ഇളയ മകനായി കുഞ്ഞച്ചൻ എന്നു വിളിക്കപ്പെടുന്ന തോമസ് ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ പഠനവും തെക്കേക്കര എൽ. പി. സ്കൂളിലും, പുളിങ്കുന്ന് യു. പി. സ്കൂളിലും സെന്റ് ജോസഫ് സ്കൂളിലുമായി നടത്തി. തുടർന്ന് തന്നിലെ ദൈവവിളി തിരിച്ചറിഞ്ഞ് പാറേൽ സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. ഫിലോസഫിയും തിയോളജി പഠനവും ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ പൂർത്തിയാക്കി 1961 മാർച്ച് 12-ാം തീയതി വൈദികപട്ടം സ്വീകരിച്ചു.

തുരുത്തി, കൈനകരി എന്നിവിടങ്ങളിൽ അസിസ്റ്റന്റ് വികാരിയായും കുമരങ്കരി, മുട്ടാർ ന്യൂ, പുന്നവേലി, ആര്യങ്കാവ്, പങ്ങട, മണിമല ന്യൂ, മാടപ്പള്ളി, വായ്പൂർ പഴയപള്ളി, വെരൂർ, കരിമ്പനക്കുളം, വെട്ടിമുകൾ, കടയനിക്കാട്, ഫാത്തിമാപുരം, മുട്ടാർ പഴയപള്ളി, പുളിങ്കുന്ന് ഫൊറോനാപള്ളി, പാറമ്പുഴ, നാലുകോടി സെന്റ് തോമസ് പള്ളി, കൂത്രപ്പള്ളി എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. 2011 സെപ്റ്റംബർ 27-ാം തീയതി തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും വിരമിച്ച് ഇത്തിത്താനം വൈദികമന്ദിരത്തിൽ തന്റെ വിശ്രമജീവിതം അരംഭിച്ചു. 2019 ഡിസംബർ 11-ാം തീയതി അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

## പൗരോഹിത്യം ആഘോഷിച്ച വൈദികൻ

ബഹുമാനപ്പെട്ട തോമസ് കൊട്ടാരത്തിലച്ചന്റെ കൂടെ 2 ഇടവകകളിൽ (നാലുകോടി, കൂത്രപ്പള്ളി) നാലുവർഷക്കാലം അസിസ്റ്റന്റ് വികാരിയായി സേവനം ചെയ്യാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. വിളിച്ചവനോട് നൂറുശതമാനം വിശ്വസ്തനായി പൗരോഹിത്യം ആഘോഷിച്ച പുരോഹിതനാണ് ബഹുമാനപ്പെട്ട അച്ചൻ. ഇടവകയെ എപ്പോഴും സജീവമാക്കി നിർത്താൻ അച്ചൻ ശ്രമിച്ചിരുന്നു. കൂട്ടായ്മാവാർഷികങ്ങൾ, സോൺതല വാർഷികങ്ങൾ, ഇടവകദിനം, ഇതര പരിപാടികൾ ഇവയിൽ ജനം സന്തോഷത്തോടെ പങ്കെടുക്കുന്നതിൽ അച്ചൻ ഏറെ സന്തുഷ്ടനായിരുന്നു.

കുമരങ്കരിയിൽ ജനത്തിനുവേണ്ടി ആദ്യദൈവാലയം പണിതതും ആര്യങ്കാവിൽ വളരെ പ്രതിസന്ധികളെ തരണം ചെയ്ത് ദൈവാലയനിർമ്മാണം പൂർത്തിയാക്കിയതും മറ്റും അച്ചൻ വളരെ സന്തോഷത്തോടെ സ്മരിക്കാറുണ്ടായിരുന്നു. സേവനം ചെയ്ത ഇടവകകളിൽ ഒരു നല്ല സൗഹൃദവലയം അച്ചനുണ്ടായിരുന്നു. മറ്റു ദൈവാലയങ്ങളിൽ ശുശ്രൂഷ ചെയ്യുമ്പോഴും മുൻപ് താൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെ ജനങ്ങൾ നിരവധിയായി അദ്ദേഹത്തെ കാണാൻ എത്തിയിരുന്നു.

ത്രിവിധ പൗരോഹിത്യധർമ്മങ്ങൾ ജനത്തിനുവേണ്ടി പ്രാവർത്തികമാക്കു

ന്നതിൽ അച്ചൻ നിഷ്ഠ പുലർത്തിരുന്നു. കൂത്രപ്പള്ളിയിൽ ആയിരുന്നപ്പോൾ പാലമറ്റംപള്ളി നിർമ്മിച്ചതും അച്ചന്റെ നേതൃത്വത്തിലായിരുന്നു. പുളിങ്കുന്ന് പള്ളിയോട് ചേർന്നുള്ള പാലം നാനാജാതിമതസ്ഥരെ ഒരുമിപ്പിച്ച് അച്ചന്റെ നേതൃത്വത്തിൽ നിർമ്മിച്ചതാണ്.

## നിലപാടുകളുള്ള വൈദികൻ

അച്ചന്റെ ഒരു സവിശേഷത അദ്ദേഹത്തിന്റെ ശക്തമായ നിലപാടുകളായിരുന്നു. താൻ ഏറ്റെടുക്കുന്ന തീരുമാനം ജനത്തിനുവേണ്ടിയുള്ളതാണെന്നും നീതിയോടെയാണെന്നും തനിക്ക് ഉത്തമബോധ്യമുണ്ടെങ്കിൽ എത്രപ്രതിസന്ധികൾ വന്നാലും ഉറച്ചു നിൽക്കുന്ന വൈദികനെയാണ് അച്ചനിൽ കാണാൻ സാധിച്ചത്. കാര്യലാഭത്തിനുവേണ്ടി നിലപാടുകൾ മാറ്റുന്ന വ്യക്തിത്വമല്ലായിരുന്നു അദ്ദേഹത്തിന്റേത്. സഭയുടെ നിലപാടുകളിലും കൃത്യതയും നിഷ്ഠയും പുലർത്തിയിരുന്ന ഒരു വൈദികനായിരുന്നു അച്ചൻ. ഒരു പക്ഷേ അദ്ദേഹത്തിന്റെ നിലപാടുകൾ ചില സമയങ്ങളിലെങ്കിലും എല്ലാവരും ശരിയായരീതിയിൽ മനസിലാക്കാത്തതുകൊണ്ട് കാർക്കശ്യക്കാരനായി പലപ്പോഴും മുദ്രകുത്തപ്പെട്ടിട്ടുണ്ട്.

## ഔദാര്യമുള്ള വ്യക്തിത്വം

അർഹതപ്പെട്ടവർക്ക് അളവില്ലാതെ ജാതിയോ മതമോ നോക്കാതെ ഔദാര്യത്തോടെ കൊടുക്കുന്നത് അച്ചന്റെ ശീലമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് എടുത്തുപറയത്തക്ക സമ്പാദ്യം ഒന്നും ഉണ്ടായിരുന്നില്ല. പല ഇടവകകളിലും നിരവധി ഭവനങ്ങൾ നിർമ്മിച്ചു നൽകി. രോഗികൾക്കും നിർധനർക്കും ഔദാര്യപൂർവ്വം നൽകി. പാവപ്പെട്ട പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായങ്ങൾ നൽകി.

## ആദ്ധ്യാത്മീക ജീവിതം

വിശുദ്ധകുർബാന നല്ല ഒരുക്കത്തോടെ അർപ്പിക്കാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. അച്ചൻ എപ്പോഴും പറയുന്ന ഒരു വാചകം ഇതാണ് ഓരോ ബലിയും നിന്റെ അവസാന ബലി പോലെ നീ അർപ്പിക്കണം എന്ന്. പ്രാർത്ഥനയിൽ നിന്ന് ലഭിച്ച ഊർജത്തിൽ നിന്ന് കർമ്മമണ്ഡലത്തിലേയ്ക്ക് ഇറങ്ങി പ്രവർത്തനനിരതനാവുന്ന അച്ചനെയാണ് എനിക്ക് കാണാൻ സാധിച്ചത്.

## കരുതലുള്ള വ്യക്തിത്വം

കൂടെയുള്ള വൈദികരോട് എപ്പോഴും സ്നേഹവും കരുതലും ജീവിതത്തിൽ പ്രതിഫലിപ്പിച്ച വ്യക്തിത്വമായിരുന്നു അച്ചന്റേത്. കൂടെ ശുശ്രൂഷ ചെയ്ത വൈദികരുടെ കുടുംബവുമായി നല്ല ബന്ധം പുലർത്തിരുന്നു. വിശേഷാവസരങ്ങളിൽ വീട്ടിൽ വന്ന് ആ ബന്ധം ഊട്ടിയുറപ്പിക്കാൻ ശ്രമിച്ചിരുന്നു.

ദൈവസന്നിധിയിലേയ്ക്ക് ചേർക്കപ്പെടുമ്പോൾ ഞങ്ങൾ മനസിലാക്കുന്നു, അതിരൂപതയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്ത, ദൈവജനത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച, നിരവധി പ്രതിസന്ധികളെ അഭിമുഖീകരിച്ച് അതിജീവിച്ച സ്നേഹമുള്ള കരുതലുള്ള ഒരു വൈദികനാണ് അങ്ങ് എന്ന്. നിങ്ങളുടെയൊക്കെ കഠിനാദ്ധ്വാനത്തിന്റെ ഫലങ്ങളാണ് ഞങ്ങൾ അനുഭവിക്കുന്ന ഇന്നത്തെ തണൽ എന്ന് മനസിലാക്കുന്നു.

**ഫാ. തോമസ് പാറത്താനം**

മിശിഹായിൽ സ്നേഹമുള്ളവരേ,

പാപത്തിൽ നിന്നും ലോകത്തെ രക്ഷിക്കുവാനായി ആഗതനായ ഈശോയുടെ ജനനം അനുസ്മരിക്കുന്ന ഈ പിറവിക്കാലത്തിൽ, തിരുപ്പിറവിയിലൂടെ ദൈവം ലോകത്തിന് പ്രദാനം ചെയ്ത സന്തോഷവും സമാധാനവും നമുക്കനുഭവിക്കുവാനും അത് മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കുവാനും നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം. പുതുവർഷത്തിൽ പുത്തൻ തീക്ഷ്ണതയോടെ, നമുക്ക് വിശ്വാസ പരിശീലന പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകാം.

അതിരൂപതാ ബൈബിൾ കലോത്സവം ഭംഗിയായി ക്രമീകരിക്കുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. ജനുവരി 25 ന് നടക്കുന്ന മതാധ്യാപക നേതൃസംഗമം നിങ്ങളുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ. പുതുവർഷ ആശംസകളോടെ.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**2020 ജനുവരി**

| | | |
|---|---|---|
| 1 ബുധൻ | : | **ഈശോയുടെ നാമകരണത്തിരുനാൾ** |
| 2 വ്യാഴം | : | MCC ക്ലാസ്സ് |
| 3 വെള്ളി | : | **വി. ചാവറ കുര്യാക്കോസ് ഏലിയാസ്** |
| 4 ശനി | : | **ദൈവമാതൃത്വതിരുനാൾ** |
| | | CLT ക്ലാസ്സ് |
| 5 ഞായർ | : | **പിറവിക്കാലം രണ്ടാം ഞായർ**, ആഘോഷപൂർവ്വകമായ റംശാ, **പിണ്ടികുത്തിത്തിരുനാൾ** |
| | | **"Let's Talk Sex" 8-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ** |
| | | (അതിരമ്പുഴ ഫൊറോന : സമയം 9.00 am to 4.30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്) |
| 6 തിങ്കൾ | : | **ദനഹാത്തിരുനാൾ** (കടമുള്ള ദിവസം, ഓഫീസ് അവധി) |
| 11 ശനി | : | CLT ക്ലാസ്സ്, MCC ക്ലാസ്സ് |
| 12 ഞായർ | : | **"Let's Talk Sex" 8-ാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോന സെമിനാർ** |
| | | (തുരുത്തി ഫൊറോന : സമയം 9:00 a.m. to 4:30 p.m. പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്) |

18 ശനി : CLT ക്ലാസ്സ്

24 വെള്ളി : സുവിശേഷകന്മാർ

25 ശനി : **അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമവും ജൂബിലേറിയൻസിനെ ആദരിക്കലും** (സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച്)

31 വെള്ളി : മാർ എസ്തപ്പാനോസ് സഹദാ

**2020 ഫെബ്രുവരി**

1 ശനി : CLT ക്ലാസ്സ്

2 ഞായർ : രണ്ടാം ടേം പരീക്ഷ

8 ശനി : MCC ക്ലാസ്സ്

## ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം

നമ്മുടെ അതിരൂപതയിലെ ബധിരരും മൂകരുമായിട്ടുള്ള സഹോദരങ്ങളുടെ വിശ്വാസപരിശീലനത്തിന്റെ ഭാഗമായി 2020 ജനുവരി 5 ഞായറാഴ്ച സന്ദേശനിലയത്തിൽ വച്ച് ക്ലാസ്സ് നടത്തപ്പെടുന്നു. അവർക്കായി കുമ്പസാരവും വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ സമാപിക്കുന്നതായിരിക്കും. ഇടവകയിൽ ഈ വിഭാഗത്തിലുള്ളവർ ഉണ്ടെങ്കിൽ അവരെ പറഞ്ഞയയ്ക്കണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

## അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം

അതിരൂപതാ മതാദ്ധ്യാപക നേതൃസംഗമം 2020 ജനുവരി 25 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ സന്ദേശനിലയം മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെടുന്നു. മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. ഫൊറോന സെക്രട്ടറിമാർ, CRT അംഗങ്ങൾ, അതിരൂപതയിലെ മുഴുവൻ സൺഡേസ്കൂളിലെയും ഹെഡ്മാസ്റ്ററമാർ, ഓഫീസ് സെക്രട്ടറിമാർ, സ്റ്റാഫ് സെക്രട്ടറിമാർ, എന്നിവർ പങ്കെടുക്കേണ്ടതാണ്. രജി ഫീസ്. 100 രൂപ.

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

2019 –20 അധ്യയനവർഷത്തെ രണ്ടാം ടേം പരീക്ഷ ഫെബ്രുവരി 2 ഞായറാഴ്ച നടത്തപ്പെടുന്നതാണ്. 1 മുതൽ 7 വരെ ക്ലാസ്സുകൾക്ക് രാവിലെ 11 മുതൽ 1 മണിവരെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 മണിവരെയും പരീക്ഷകൾ നടത്തപ്പെടുന്നതാണ്. രണ്ടാംടേമിലെ പരീക്ഷകളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 19, 20 കാണുക.

## കുട്ടികളുടെ വിഹിതവും മതബോധനഫണ്ടും

കുട്ടികളുടെ വിഹിതവും മതബോധനഫണ്ടും നല്കാനുള്ളവർ എത്രയും വേഗം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

## രണ്ടാംഘട്ട സപ്ലിമെന്ററി പരീക്ഷയും സിലബസും

സീറോമലബാർ സിനഡൽ കമ്മീഷൻ തയ്യാറാക്കി നടപ്പിലാക്കിയ പാഠാവലിയിൽ സഭാചരിത്രം പൂർണ്ണതയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ പല

രൂപതകളും സഭാചരിത്രപഠനം വിവിധ സപ്ലിമെന്ററി ടെക്സ്റ്റുകൾ പ്രസിദ്ധീകരിച്ച് നടത്തിവരുന്നു. ചങ്ങനാശേരി അതിരൂപതയിൽ 7,8,9 ക്ലാസ്സുകൾക്കായി തയ്യാറാക്കിയിരിക്കുന്ന സപ്ലിമെന്ററി ടെക്സ്റ്റ്ബുക്ക് സഭാചരിത്രപഠനത്തിനു വേണ്ടിയുള്ളതാണ്. കുട്ടികളിൽ സഭാസ്നേഹം ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മതാധ്യാപകർ ഈ സഭാചരിത്രപഠന ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടത്. സഭാരഹസ്യത്തെ വിശ്വാസവീക്ഷണത്തിൽ ഉൾക്കൊള്ളാനും അവതരിപ്പിക്കാനും വിശ്വാസപരിശീലകർക്കു സാധിക്കണം. ''ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു. കാരണം എനിക്ക് അവളുടെ ചരിത്രം അറിയാം'' എന്ന കാർഡിനൽ ടിസ്സറാങ്ങിന്റെ വാക്കുകളെ ശ്രദ്ധിക്കുമ്പോൾ മാതൃസഭയെ അറിയുക എന്നത് വിശ്വാസപരിശീലനത്തിന്റെ അവിഭാജ്യ ഘടകമാകുന്നു. പൂർവ്വീകർ പകർന്നു തന്ന വിശ്വാസത്തിന്റെ ഭദ്രദീപം അണയാതെ കാത്തുസൂക്ഷിക്കുവാനും സമൂഹത്തിന്റെ രാഷ്ട്രീയ സാമൂഹിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ വലിയ സേവനങ്ങൾ നല്കിയ ക്രൈസ്തവരെ അറിയുവാനും അവരുടെ പാത പിന്തുടരാനും, ചരിത്രവഴികളിലൂടെ ഇന്നത്തെ തലമുറയെ നടക്കുവാൻ പഠിപ്പിക്കുകയാണ് സഭാചരിത്ര പഠനക്ലാസ്സുകളിൽ. ഈ ചിന്തകളോട് ചേർന്ന് നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത സ്വന്തമാക്കി 7, 8, 9 ക്ലാസ്സുകളിലെ സഭാചരിത്രപഠന ക്ലാസ്സുകൾ ആകർഷകമാക്കുവാൻ നമുക്കു പരിശ്രമിക്കാം.

ഫെബ്രുവരി 2-ാം തീയതി നടക്കുന്ന രണ്ടാംടേം പരീക്ഷയ്ക്കുശേഷമുള്ള ഞായറാഴ്ചകളിൽ നമസ്കാരങ്ങളും സപ്ലിമെന്ററി ടെക്സ്റ്റുമാണ് 1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കേണ്ടത്. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ നമസ്കാരങ്ങൾക്ക് ''നാഥാ വന്നു വസിച്ചാലും'' എന്ന ആഘോഷപൂർവ്വമായ വി.കുർബാന സ്വീകരണ പരിശീലന ടെക്സ്റ്റ് അധ്യാപകർ റഫറൻസായി ഉപയോഗിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 -3 ക്ലാസ്സുകൾക്ക് | : | പാഠപ്പുസ്തകത്തിലെ നമസ്കാരങ്ങളും ബൈബിൾ വാക്യങ്ങളും |
| ക്ലാസ്സ് 4 | : | നമസ്കാരങ്ങൾ, ആഘോഷമായ വി.കുർബാന സ്വീകരണത്തിനുള്ള നാഥാ വന്നു വസിച്ചാലും എന്ന പുസ്തകം (1 മുതൽ 4 വരെ പാഠങ്ങൾ). |
| ക്ലാസ്സ് 5,6 | : | നമസ്കാരങ്ങൾ, ഉപപാഠപുസ്തകം (CML പ്രസിദ്ധീകരണം) |
| ക്ലാസ്സ് 7 | : | നമസ്കാരങ്ങൾ, ഭാരതസഭ ചരിത്രവഴികളിലൂടെ എന്ന പുസ്തകം |
| ക്ലാസ്സ് 8 | : | നമസ്കാരങ്ങൾ, ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികൾ (പാഠങ്ങൾ 4, 5, 6, 8) |
| ക്ലാസ്സ് 9 | : | നമസ്കാരങ്ങൾ, രാജ്യപുരോഗതിക്ക് ക്രൈസ്തവ സംഭാവനകൾ (പാഠങ്ങൾ 5, 6, 9) |

*(കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 20-21 കാണുക)*

## അതിരൂപതാ സ്കോളർഷിപ്പ് പരീക്ഷ

ഏപ്രിൽ 18-ാം തീയതി ശനിയാഴ്ച സ്കോളർഷിപ്പ്പരീക്ഷ അതാത്

ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷ സബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി മതബോധനകലണ്ടർ പേജ് 29 കാണുക.

## നവോദയ - സൈനികസ്കൂൾ കുട്ടികളുടെ ക്യാമ്പ്

'നവോദയ - സൈനിക' സ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 20, 21, 22 തീയതികളിൽ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടും. ഓരോ സൺഡേസ്കൂളിൽ നിന്നും ഇപ്രകാരം പഠിക്കുന്ന കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുക. മാർച്ച് 19നകം പേര് രജിസ്റ്റർ ചെയ്യുവാൻ ഓർമ്മിക്കുമല്ലോ. രജി. ഫീസ് 1000 രൂപ. നവോദയ കുട്ടികളുടെ പരിശീലനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് മതബോധന കലണ്ടർ പേജ് 22, 23 കാണുക.

## ആദരാഞ്ജലികൾ

തിരുവല്ല മുത്തൂർ സെന്റ് ആന്റണീസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്ററും അതിരൂപതാ CRT അംഗവുമായ ശ്രീ. എൻ. റ്റി. സേവ്യറിന്റെ പിതാവിന്റെ നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# അഭിനന്ദനങ്ങൾ



ഡിണ്ടിഗൽ ഗാന്ധിഗ്രാം യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ **ബഹു. കാഞ്ഞൂപ്പറമ്പിൽ തോമസച്ചനും**



റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടിയ **ബഹു. കളീക്കൽ അലക്സ് അച്ചനും**

***ചങ്ങനാശേരി അതിരൂപതാ കുടുംബത്തിന്റെ ആശംസകൾ***

ഈശോയിൽ സ്നേഹമുള്ളവരേ,

പുതിയ വർഷത്തിലേക്കു നാം പ്രവേശിക്കുമ്പോൾ കഴിഞ്ഞവർഷം ദൈവം കനിഞ്ഞു നല്കിയ നിരവധിയായ കൃപകളെ നന്ദിയോടെ ഓർക്കുകയും പുതു വത്സരത്തെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങളെ ദൈവകരങ്ങളിലർപ്പിക്കുകയും ചെയ്യാം. പുതിയ പ്രവർത്തനവർഷത്തേയ്ക്കുള്ള ഭാരവാഹികളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. സീറോമലബാർ പ്രേഷിതവാരത്തിൽ (ജനുവരി 6 – 12) മാർ തോമ്മാശ്ലീഹാ പകർന്നു നല്കിയ പ്രേഷിത ചൈതന്യത്തിൽ ജീവിക്കുവാൻ നമുക്കു ശ്രമിക്കാം, ഒപ്പം മിഷനും മിഷനറിമാർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

എക്ലേസിയ ക്വിസ്, മിഷൻ ആന്തം മത്സരങ്ങളിൽ പങ്കെടുത്ത ഏവർക്കും നന്ദിയും വിജയികളായവർക്ക് അഭിനന്ദനങ്ങളും നേരുന്നു. അൽഫോൻസാ കാരുണ്യനിധി സമാഹരണത്തിനായ് യത്നിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ജനുവരി 11 ന് നടക്കുന്ന മിഷൻ എലൈവ് മത്സരത്തിലേയ്ക്ക് കുട്ടികളെ തയ്യാറാക്കി അയയ്ക്കുമല്ലോ. പുതുവർഷം എല്ലാവിധത്തിലും ദൈവാനുഗ്രഹപ്രദമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ, ദനഹാത്തിരുനാളിന്റെ മംഗളാശംസകളോടെ,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ഐബിൻ പകലോമറ്റം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**2020 ജനുവരി**

| | | |
|---|---|---|
| 1 ബുധൻ | : | ഈശോയുടെ നാമകരണത്തിരുനാൾ |
| 3 വെള്ളി | : | വി. കുര്യാക്കോസ് ഏലിയാസ് – സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം. |
| 4 ശനി | : | ദൈവമാതൃത്വതിരുനാൾ |
| 6 തിങ്കൾ | : | ദനഹാതിരുനാൾ (ഓഫീസ് അവധി) |
| 11 ശനി | : | മിഷൻ എലൈവ് അതിരൂപതാതല മത്സരം |
| 12 ഞായർ | : | സീറോമലബാർ മിഷൻ ഞായർ |

## ക്രിസ് കാർഡ് മത്സരം

ക്രിസ്കാർഡുകൾ ശാഖയിൽ തയ്യാറാക്കി ഒന്നു രണ്ടും സ്ഥാനങ്ങൾ ലഭിച്ച കാർഡുകൾ ഡിസംബർ 31 നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കുമല്ലോ.

## മിഷൻ എലൈവ്

അതിരൂപതാ തലത്തിൽ നടക്കുന്ന ''മിഷൻ എലൈവ്'' വിഷയം - നിങ്ങൾ ജീവിക്കുന്നത് എങ്ങനെയെന്ന് സൂക്ഷിച്ചുകൊള്ളുവിൻ. കാരണം ചിലരെങ്കിലും വായിക്കുന്ന ബൈബിൾ നിങ്ങളാണ്. വി. ജോൺ പോൾ II. (പഠനഗ്രന്ഥം ദ് മെൽസ്സാ പേജ് 57. മാർഗ്ഗരേഖ പേജ് 37 കാണുക.) അതെ, വചനം ജീവിതവെളിച്ചമാക്കി കുഞ്ഞുമിഷനറിമാർ മറ്റുള്ളവർക്ക് ഒരു സുവിശേഷമായി മാറണം. പഠനഗ്രന്ഥം ആസ്പദമാക്കി എല്ലാവർഷവും നടന്നുവരുന്ന അതിരൂപതാതല മിഷൻ എലൈവ് മത്സരം ജനുവരി 11 ശനിയാഴ്ച രാവിലെ 9.30 ന് സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. മിഷൻ എലൈവിൽ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ 7 ആയിരിക്കണം. 11, 12 ക്ലാസ്സുകളിലുള്ള ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. സമയം 10 മിനിറ്റ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. ഭക്ഷണം ആവശ്യമുള്ളവർ 60 രൂപ തന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് മുൻകൂട്ടി അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## എന്റെ ഏവൻഗേലിയോൻ

വചനവർഷത്തിൽ നമ്മുടെ അതിരൂപതാ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റ തിരുനാൾ ദിനത്തിൽ നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് സമ്മാനമായി ഏറ്റവും കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ സുവിശേഷം തിരഞ്ഞെടുക്കപ്പെടുന്നതും പ്രത്യേക സമ്മാനം നല്കുന്നതുമാണ്. ''എന്റെ ഏവൻഗേലിയോൻ'' ഫെബ്രുവരി 1 നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കണമേ.

## ശാഖാ-മേഖല തല തിരഞ്ഞെടുപ്പ്

ശാഖാ-മേഖലാ തലത്തിൽ ഭാരവാഹികളുടെ പ്രവർത്തനകാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. 2020-21 പ്രവർത്തന വർഷത്തേയ്ക്കുള്ള ശാഖാതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2020 ജനുവരി മാസത്തിലും 2020-21 പ്രവർത്തന വർഷത്തേയ്ക്കുള്ള മേഖലാതല ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2020 ഫെബ്രുവരി മാസത്തിലും നടത്തി റിപ്പോർട്ട് മാർച്ച് 7 നകം അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**എക്ലേസിയ ക്വിസ്, മിഷൻ ആന്തം മത്സര വിജയികൾ**

ഒന്നാം സമ്മാനം - ലിറ്റിൽ ഫ്ളവർ കൊല്ലാട്

രണ്ടാം സമ്മാനം - സെന്റ് ജോസഫ്സ് ചമ്പക്കര

മൂന്നാം സമ്മാനം - സെന്റ് തോമസ് നാലുകോടി

**മിഷൻ ആന്ത മത്സരം**

ഒന്നാം സമ്മാനം - സെന്റ് മേരീസ് അതിരമ്പുഴ

രണ്ടാം സമ്മാനം - സെന്റ് ഗ്രിഗോറിയോസ് പുന്നപ്ര

മൂന്നാം സമ്മാനം - ഗ്ലോറിയ ഗാർഡൻ വടക്കേ അമിച്ചകരി

## അൽഫോൻസാ കാരുണ്യനിധി കൂപ്പൺ നറുക്കെടുപ്പിൽ വിജയികളായവർ

*ഒന്നാം സമ്മാനം*

അജു പി. ജി. പുത്തൻപുരയ്ക്കൽ
സെന്റ് സെബാസ്റ്റ്യൻസ് ചാഞ്ഞോടി, തൃക്കൊടിത്താനം ഫൊറോന

*രണ്ടാം സമ്മാനം*

വിൽഫ്രഡ് ചക്കാല
സെന്റ് തോമസ് പുഴവാത്, ചങ്ങനാശ്ശേരി ഫൊറോന

*മൂന്നാം സമ്മാനം*

സാബു എബ്രാഹം മഠത്തിൽ
ലിറ്റിൽ ഫ്ളവർ വെള്ളായണി, തിരുവനന്തപുരം ഫൊറോന

*നാലാം സമ്മാനം*

ടോം കെ. സാജൻ കൊച്ചികുടിയിൽ
സെന്റ് അത്തനേഷ്യസ് മല്ലപ്പള്ളി, നെടുംകുന്നം ഫൊറോന

*അഞ്ചാം സമ്മാനം*

അമ്മു മുണ്ടയ്ക്കൽ
സെന്റ് ജോർജ്ജ് മുട്ടാർ, എടത്വാ ഫൊറോന

*ആറാം സമ്മാനം*

ആൽഫ്രഡ് നിധിൻ പുല്ലംപുര പുത്തൻപുരയിൽ
ക്രിസ്തുരാജ് ഏറ്റുമാനൂർ, അതിരമ്പുഴ ഫൊറോന

*101 –ാം സമ്മാനം*

കുഞ്ഞുമോൾ കിഴക്കേ രണ്ടുപറ
സെന്റ് സേവ്യേഴ്സ് വെളിയനാട്, പുളിംകുന്ന് ഫൊറോന

## പ്രത്യേക ശ്രദ്ധയ്ക്ക്

◈ 5, 6 ക്ലാസ്സുകളിലേയ്ക്കുള്ള ദ്മെൽസ്സാ എന്ന പഠനഗ്രന്ഥം ഇനിയും വാങ്ങിയിട്ടില്ലാത്തവർ അതിരൂപത മിഷൻലീഗ് ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

## അൽഫോൻസാ കാരുണ്യനിധി

കാരുണ്യനിധി കൂപ്പണുകൾ അതിരൂപതാ ഓഫീസിൽ ഏല്പിക്കാത്തവർ പിരിഞ്ഞുകിട്ടിയ തുകയും വിൽക്കാത്ത കൂപ്പണുകളും എത്രയും വേഗം അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതുവത്സരം ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ അതിരൂപതാ മഹാസംഗമം "**ഹെസദ്**" വിജയമാക്കിത്തീർത്ത എല്ലാവർക്കും ബഹു.വികാരിയച്ചന്മാർക്കും, സിസ്റ്റേഴ്സിനും അത്യദ്ധ്വാനം ചെയ്ത എല്ലാ കമ്മറ്റി അംഗങ്ങൾക്കും സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

ലിറ്റർജിക്കൽ ക്വിസ് മത്സരം 2020 ഫെബ്രു. 9 ന് മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് ഉച്ചകഴിഞ്ഞ് 2.30ന് നടത്തപ്പെടുന്നു. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്തം പ്രതിക്ഷിക്കുന്നു,

പഞ്ചവത്സര അജപാലന പദ്ധതിയിൽ ദനഹാക്കാലം കൂട്ടായ്മയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കുന്ന കാലമാണ്. കുടുംബക്കൂട്ടായ്മകൾ കൂടുതൽ ശക്തിപ്പെടുത്താൻ ഈ കാലത്തിൽ നമുക്ക് പ്രത്യേകമായി പരിശ്രമിക്കാം.

ഏവർക്കും പുതുവത്സരത്തിന്റെയും ദനഹാ തിരുനാളിന്റെയും ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജെന്നി കായംകുളത്തുശേരി**

## വാർത്തകൾ - പ്രവർത്തനങ്ങൾ

### കുടുംബക്കൂട്ടായ്മാ മഹാസംഗമം - ഹെസദ് 2019

മൂന്നു വർഷത്തിലൊരിക്കൽ അതിരൂപതാ തലത്തിൽ കുടുംബക്കൂട്ടായ്മാ ലീഡേഴ്സ് ഒത്തുചേരുന്ന കുടുംബക്കൂട്ടായ്മാ മഹാസംഗമം - ഹെസദ് 2019 ഡിസം. 14 ന് എസ്. ബി കോളേജിലെ കാവുകാട്ട് ഹാളിൽവച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നായി 2700 പേർ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച സമ്മേളനത്തിൽ മാർ തോമസ് തറയിൽ പിതാവ് അദ്ധ്യക്ഷനായിരുന്നു. കിഡ്നി ഫെഡറേഷൻ ചെയർമാൻ റവ.ഫാ. ഡേവിസ് ചിറമേൽ മുഖ്യ പ്രഭാഷണം നടത്തുകയും തുടർന്ന് കുടുംബക്കൂട്ടായ്മാ മാർഗ്ഗരേഖാ പ്രകാശനം വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവ്വഹിക്കുകയും ചെയ്തു. റവ.ഫാ. ജെയിംസ് കൊക്കാവയലിൽ ക്രൈസ്തവ സമൂഹം അവശ്യം അിറിഞ്ഞിരിക്കേണ്ട വിവിധ പദ്ധതികളെക്കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. വചനവർഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തുകൊണ്ട് വെരി. റവ. ഡോ. തോമസ് പാടിയത്ത് സമാപന സന്ദേശം നൽകി. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരിയുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിക്കുകയുണ്ടായി.

## ഫാമിലി ക്വിസ്

ഇടവകയിലെ കുടുംബങ്ങൾക്കായി നവംബർ 16 ന് സെന്റ് ജോർജ്ജ് ഐക്കരച്ചിറയിലും, നവംബർ 24 ന് വെളിയനാട് സെന്റ് സേവ്യേഴ്സ് ഇടവകയിലും, ഡിസംബർ 20 ന് സെന്റ് അൽഫോൺസാ ചാത്തനാട് ഇടവകയിലും നടത്തപ്പെട്ട ഫാമിലി ക്വിസ് പരിപാടിയ്ക്ക് ഡയറക്ടർ റവ.ഫാ.ജെന്നി കായംകുളത്തുശേരി ക്വിസ് മാസ്റ്ററായിരുന്നു.

## കെ. എൽ. റ്റി കോഴ്സ്

പ്രഥമ ബാച്ചിന്റെ സർട്ടിഫിക്കറ്റ് വിതരണവും 2-ാം ബാച്ചിന്റെ ഉദ്ഘാടനവും 2020 ജനുവരി 18 ശനിയാഴ്ച രാവിലെ 9.30 ന് വിദ്യാനികേതൻ ഹാളിൽവച്ച് നടക്കുന്നതാണ്. രണ്ടാം ബാച്ചിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർ പേരുവിവരങ്ങൾ ജനുവരി 05 നകം ഓഫീസിൽ അറിയിക്കേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പറുകൾ : 9447776920, 7306208356.

## ലിറ്റർജിക്കൽ ക്വിസ്

ലിറ്റർജിക്കൽ ക്വിസ് അതിരൂപതാ മത്സരം ഫെബ്രു. 9 ഞായർ ഉച്ചകഴിഞ്ഞ് 2.30 ന് മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. മത്സരിക്കുന്നവരുടെ പേരു വിവരങ്ങൾ 2020 ജനു. 10 നകം കുടുംബക്കൂട്ടായ്മാ ഓഫീസിൽ അറിയിക്കേണ്ടതാണ്. ഒരിടവകയിൽ നിന്നും 3 കുടുംബങ്ങളാണ് പങ്കെടുക്കേണ്ടത്.

മത്സര സിലബസ് 2019 ഡിസം. ലക്കം മദ്ധ്യസ്ഥനിൽ കൊടുത്തിട്ടുണ്ട്.

## സൗഹൃദം

കുടുംബക്കൂട്ടായ്മാ നേതൃത്വം ഇടവകകൾ സന്ദർശിച്ചു നടത്തിവരുന്ന സൗഹൃദം പരിപാടി ജനുവരിയിൽ നടത്തപ്പെടുന്ന ഫൊറോനകളും തീയതികളും

ജനു. 11 ശനി - രാവിലെ 10 മണി - തുരുത്തി

ഉച്ചകഴിഞ്ഞ് 2 മണി - ചങ്ങനാശേരി

വൈകുന്നേരം 4 മണി - തൃക്കൊടിത്താനം

ഓരോ ഇടവകയിലേയും ജനറൽ കൺവീനർ, ജനറൽ സെക്രട്ടറി, ആനിമേറ്റർ (3 പേർ) എന്നിവരാണ് പങ്കെടുക്കേണ്ടത്. മാർഗ്ഗരേഖ നല്കുകയും വിശദീകരിക്കുകയും ചെയ്യുന്നതാണ്.

## കളർ എ ഹോം

അതിരുപതാ ജീവകാരുണ്യട്രസ്റ്റും കുടുംബക്കൂട്ടായ്മാ വിഭാഗവും സംയുക്തമായി നടത്തിവരുന്ന കുടുംബവിവര ശേഖരണത്തിന്റെ ഫോറവും കളർ എ ഹോം ഫണ്ടു സമാഹരണത്തിന്റെ കവറും ഇടവകകളിലെ കുടുംബങ്ങളിലെത്തിക്കുവാനും തിരികെ വാങ്ങുവാനും യത്നിച്ച എല്ലാ കുടുംബക്കൂട്ടായ്മാ പ്രവർത്തകരേയും നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഹോം മിഷൻ

2019 സെപ്. 9 മുതൽ 13 വരെ സെക്രട്ട് ഹാർട്ട് പങ്ങട ഇടവകയിൽ ബഹു. എസ്. എച്ച്, എഫ്. സി. സി സന്യാസിനി സമൂഹങ്ങളുടെ നേതൃത്വത്തിൽ ഹോം

മിഷൻ സംഘടിപ്പിക്കുകയുണ്ടായി. ബഹു. ജോൺ കൊച്ചുമലയച്ചൻ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി. അച്ചനോടൊപ്പം ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

2019 നവം. 11 മുതൽ 14 വരെ സെന്റ് ജോർജ്ജ് ഐക്കരച്ചിറ ഇടവകയിലും, 18 മുതൽ 22 വരെ സെന്റ് ജോർജ്ജ് വെഞ്ചെമ്പ് ഇടവകയിലും, 22 മുതൽ 28 വരെ സെന്റ് മേരീസ് തേക്കുപാറ ഇടവകയിലും ബഹു. സി. എം. സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ സംഘടിപ്പിക്കുകയുണ്ടായി. റവ. ഫാ. ജേക്കബ് ചീരംവേലി, റവ. ഫാ. മിഖായേൽ കിങ്ങണംചിറ, റവ. ഫാ. ജേക്കബ് കുഴിപ്പള്ളി എന്നീ അച്ചന്മാരോടൊപ്പം ഇടവകയിലെ സിസ്റ്റേഴ്സും , കീട്ടായ്മാ ലീഡേഴ്സും പരിപാടികൾക്ക് നേതൃത്വം നൽകി.

## പ്രത്യേക ശ്രദ്ധയ്ക്ക്

1961 ലെ ഇൻകംടാക്സ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പള്ളികൾ മറ്റിതര സ്ഥാപനങ്ങൾ അവരുടെ പണം താഴെ പറയുന്ന ബാങ്കുകളിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്.

1. നാഷണലൈസ്ഡ് ബാങ്കുകൾ
2. ഷെഡ്യൂൾഡ് ബാങ്കുകൾ
3. ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ
4. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ
5. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ

പ്രൈമറി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, അദ്ധ്യാപക സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ തുടങ്ങിയ സഹകരണസംഘങ്ങളിൽ നിക്ഷേപിക്കാൻ പാടില്ലാത്തതും, അപ്രകാരം നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ ഉടൻതന്നെ അത് നിർത്തലാക്കി മേൽപറഞ്ഞ ബാങ്കുകളിലേക്ക് ഉടൻ നിക്ഷേപം മാറ്റേണ്ടതുമാണ്. അല്ലാത്തപക്ഷം ഇൻകംടാക്സ് നിയമപ്രകാരം ഉള്ള ആനുകൂല്യങ്ങളും നിലവിലുള്ള രജിസ്ട്രേഷനും നഷ്ടപ്പെടുന്നതിനു കാരണമായിത്തീരും.

* 2018-19 ലെ കണക്കുകൾ അതിരൂപതാകേന്ദ്രത്തിൽ സമർപ്പിക്കാനുള്ള പള്ളികൾ 2020 ജനുവരി 31 ന് മുമ്പായി നൽകേണ്ടതാണ്.

**പ്രൊക്കുറേറ്റർ**

പ്രിയ കുടുംബ പ്രേഷിതരേ,

**ഏവർക്കും പുതിയ വർഷത്തിന്റെ ആശംസകൾ!**

മാതൃവേദി, പിതൃവേദി, തിരുബാലസഖ്യം സംഘടനകൾക്കും പ്രോലൈഫ് ശുശ്രൂഷകൾക്കും ഏറെ സ്വീകാര്യത ലഭിച്ച വർഷമായിരുന്നു 2019. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ മിക്കയിടവകകളിലും സജീവമായി. അതിന്റെ പിന്നിൽ നിങ്ങളുടെ ഓരോരുത്തരുടെയും പ്രാർത്ഥനയുടെ ബലമുണ്ടായിരുന്നു; അദ്ധ്വാനത്തിന്റെ ഉണർവുണ്ടായിരുന്നു; കൂട്ടായ്മയുടെ ശക്തിയുണ്ടായിരുന്നു. എല്ലാ കുടുംബപ്രേഷിതരെയും, സംഘടനാ ഭാരവാഹികളേയും പ്രത്യേകം അഭിനന്ദിക്കുന്നു. ദൈവത്തിന് നന്ദി പറയുന്നു. കഴിഞ്ഞ വർഷം ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉണ്ടെങ്കിൽ അതിന് പരിഹാരം കണ്ടെത്തി കൂടുതൽ കരുത്തോടെ മുന്നോട്ട് പോകണം. കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങളുടെ രീതികൾ മാറേണ്ടതായിട്ടുണ്ട്. അന്യം നിന്നുപോകുന്ന ഒരുപാട് നന്മകൾ നമ്മുടെ കുടുംബത്തിലുണ്ടായിരുന്നു. പ്രത്യേകിച്ച് കുടുംബ പ്രാർത്ഥന. നമ്മുടെ കുടുംബങ്ങളുടെ ഏറ്റവും വലിയ ശക്തിയായിരുന്നു കുടുംബപ്രാർത്ഥന. കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ച് പ്രാർത്ഥിച്ചിരുന്ന പാരമ്പര്യം തിരികെ കൊണ്ടുവരാൻ നമ്മുടെ സംഘടന ഈ വർഷം പ്രത്യേക ശ്രദ്ധ ചെലുത്തണം. വിവാഹ പ്രായം കഴിഞ്ഞിട്ടും വിവിധ കാരണങ്ങളാൽ വിവാഹം കഴിക്കാത്തവരുടെ എണ്ണം ഭീമമായി വർദ്ധിക്കുന്നത് അപകടകരമായ യാഥാർത്ഥ്യമാണ്. 25 വയസ്സിനു മുമ്പേ വിവാഹം കഴിക്കുന്ന ഒരു സംസ്കാരത്തിലേക്ക് നാം എത്തിച്ചേരണം.

മാതൃവേദി റൂബി ജൂബിലി വർഷത്തിൽ നല്ല ക്രൈസ്തവ വനിതാ നേതൃത്വത്തിലേക്കുള്ള ആഭിമുഖ്യം ഉണ്ടാകുന്നതിനുള്ള പരിശീലനം തുടർച്ചയായി നല്കണം.

നമ്മുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നു വിലയിരുത്തി കൂടുതൽ കരുത്തോടെ മുമ്പോട്ട് പോകാൻ സാധിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ. മാത്യു അഞ്ചിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
*(അസി. ഡയറക്ടർമാർ)*

## റിപ്പോർട്ട്

### അതിരൂപത വാർഷികം

മാതൃ-പിതൃവേദി അതിരൂപത വാർഷികം ഡിസംബർ 14 ശനി രാവിലെ 9.30 മുതൽ ചങ്ങനാശേരി മെത്രോപ്പോലീത്തൻ പാരീഷ് ഹാളിൽ ആരംഭിച്ചു. 1300 - ൽ അധികം പ്രതിനിധികൾ പങ്കെടുത്തു. അഭിവന്ദ്യ മെത്രാപ്പോലിത്താ മാർ

ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു. സമകാലിക വിഷയങ്ങളെ സംബന്ധിച്ച് പ്രൊഫ. ജാക്സൺ ജോസഫ് ക്ലാസ്സ് നയിച്ചു.

**വചനവീട് – ബെസ്റ്റ് യൂണിറ്റ് – ഫൊറോന സമ്മാനദാന ലിസ്റ്റ് താഴെ ചേർക്കുന്നു**

100 ദിന കർമ്മപദ്ധതി വചനവീട് – മികച്ച ഫൊറോന – ആലപ്പുഴ

ബെസ്റ്റ് യൂണിറ്റ് – ഹോളി ഫാമിലി ചർച്ച്, പൊടിപ്പാറ

Second – ക്രൈസ്റ്റ് ദി കിംഗ് മക്കന്നൂർ, കുറ്റിക്കോണം

Third – സെന്റ് തോമസ് ചർച്ച്, നാലുകോടി

മികച്ച യൂണിറ്റുകൾ – സെന്റ് മേരീസ് ചർച്ച് ഇത്തിത്താനം, സെന്റ് മേരീസ് ചർച്ച് മായം, എസ്. എഫ്. എസ്., വട്ടിയൂർക്കാവ്, ഗീവർഗ്ഗീസ് സഹദാ കേശവദാസ പുരം, സെന്റ് മാത്യൂസ് ചർച്ച് കോട്ടയ്ക്കപുറം, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് നെടുങ്കുന്നം, സെന്റ് തോമസ് ചർച്ച് നാപ്പാത്തിമല, സെന്റ് ജോസഫ്സ് ചർച്ച് പടഹാരം, സെക്രട്ട് ഹാർട്ട് അറുന്നൂറ്റംപാടം, സെന്റ് സേവ്യേഴ്സ് ചർച്ച് തൃക്കൊ ടിത്താനം

Special Prize – സെന്റ് ജോസഫ് ചർച്ച് കുട്ടമംഗലം

**കലോത്സവം** – പിതൃവേദി ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഫൊറോന – കുടമാളൂർ,

മാതൃവേദി ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ഫൊറോന – തുരുത്തി

മാതൃ – പിതൃ കലോത്സവത്തിൽ ഓവറോൾ കിരീടം കരസ്ഥമാക്കിയ ഫൊറോന – തുരുത്തി

**പിതൃവേദി** – ബെസ്റ്റ് യൂണിറ്റ് – ലിറ്റിൽ ഫ്ളവർ ചർച്ച് കടുവാക്കുളം

Second – സെന്റ് തോമസ് ചർച്ച് നാലുകോടി

Model – ലിറ്റിൽ ഫ്ളവർ ചർച്ച് മാടപ്പള്ളി, ഗീവർഗ്ഗീസ് സഹദാ കേശവദാസപു രം, ഹോളി ഫാമിലി ചർച്ച് പൊടിപ്പാറ

**മാതൃവേദി** – ബെസ്റ്റ് യൂണിറ്റ് – സെക്രട്ട് ഹാർട്ട് അറുന്നൂറ്റംപാടം

Second Best Forane – സെന്റ് സേവ്യേഴ്സ് ഫൊറോനപ്പള്ളി തൃക്കൊടിത്താനം

Model Forane – സെന്റ് സേവ്യേഴ്സ് ചർച്ച് വെളിയനാട്, സെന്റ് റീത്താസ് ചർച്ച് കണ്ണാടി, സെന്റ് തോമസ് ചർച്ച് നാപ്പാത്തിമല

**പിതൃവേദി** – ബെസ്റ്റ് ഫൊറോന – ആലപ്പുഴ

Second Best Forane – തിരുവനന്തപുരം

Model Forane – കോട്ടയം, നെടുങ്കുന്നം, ചമ്പക്കുളം

**മാതൃവേദി** – ബെസ്റ്റ് ഫോറോന – കോട്ടയം

Second Best Forane – നെടുങ്കുന്നം

Model Forane തിരുവനന്തപുരം, ചമ്പക്കുളം, ചങ്ങനാശേരി

**കുടുംബജ്യോതി** ഏറ്റവും കൂടുതൽ കുടുംബജ്യോതി ചിലവഴിച്ച യൂണിറ്റ് – സെന്റ് മൈക്കിൾസ് തത്തംപ്പള്ളി (861)

II[nd] – സെന്റ് മേരീസ് ചർച്ച് ഇത്തിത്താനം (680)

III[rd] – സെന്റ് ജോസഫ് വെരൂർ (614)

തെക്കൻ മേഖലയിൽ ഏറ്റവും കൂടുതൽ ചിലവഴിച്ച യൂണിറ്റ് – സെന്റ് ജോർജ്ജ് ചർച്ച് അമ്പൂരി

ഇടവകയിൽ ആനുപാതികമായി ചിലവഴിച്ച യൂണിറ്റ് – ഔവർ ലേഡി ഓഫ് അയിരൂർ, ലൂർദ്ദ് മാതാ ചർച്ച് പുതുശ്ശേരി കല്ലൂപ്പാറ, ഓൾ സെയിൻസ് ചർച്ച് വിതുര, സെന്റ് ജോസഫ്സ് ചർച്ച് ചങ്ങംങ്കരി.

### വിഹാഹ സുവർണ്ണ ജൂബിലി

വിവാഹത്തിന്റെ 50-ാം വാർഷികം ആഘോഷിക്കുന്ന അതിരൂപതയിലെ ദമ്പതിമാരെ ആദരിച്ചു. ചങ്ങനാശേരി മെത്രാപ്പോലീത്തൻ കബറിടപള്ളിയിൽ നടന്ന ചടങ്ങിൽ അതിരൂപത ഡയറക്ടർ റവ.ഫാ.ജോസ് മുകളേൽ വി.കുർബാന അർപ്പിച്ച് സന്ദേശം നൽകി. അഭിവന്ദ്യ മെത്രാപ്പോലിത്ത മാർ ജോസഫ് പെരുന്തോട്ടം സന്ദേശം നൽകുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ഓരോ ദമ്പതിമാർക്കൊപ്പം അഭിവന്ദ്യ പിതാവ് ഫോട്ടോസെക്ഷനിലും സ്നേഹവിരുന്നിലും പങ്കെടുത്തു.

## അറിയിപ്പുകൾ

### പ്രവർത്തനവർഷ ഉദ്ഘാടനം മാർഗ്ഗരേഖ പ്രകാശനം

ജനുവരി രണ്ടാംവാരം ചങ്ങനാശേരിയിൽ വെച്ച് അതിരൂപത തല പ്രവർത്തന വർഷം (2020) ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തുന്നതാണ്. ഇതേ തുടർന്ന് വിപുലമായ ഫൊറോന സമ്മേളനങ്ങൾ നടത്തുന്നതാണ്. വിശദവിവങ്ങൾ പിന്നീട് അറിയിക്കും.

## വിവാഹ ഒരുക്ക ധ്യാനം

FAMILY APOSTOLATE – ARCHDIOCESE OF CHANGANASSERY

| JANUARY 2020 | | FEBRUARY 2020 | | MARCH 2020 | |
|---|---|---|---|---|---|
| 6, 7, 8 | Zion | 3, 4, 5 | Chry | 9,10,11 | Zion |
| 13, 14, 15 | Zion | 10, 11, 12 | Chry | 27,28,29 | Chry |
| 20, 21, 22 | Zion | 14, 15, 16 | Chry | | |
| 27, 28, 29 | Chry | | | | |

## യുവനസ്രാണി സംഗമം ലോഗോ പ്രകാശനം ചെയ്തു.

യുവദീപ്തി - എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ വിവിധ സോണുകളിലായി നടത്തുന്ന "യുവനസ്രാണി" സംഗമത്തിന്റെ ലോഗോ പ്രകാശനം അതിരൂപത പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവും യുവദീപ്തിയുടെ സ്ഥാപകപിതാവ് ആർച്ചുബിഷപ് മാർ ജോസഫ് പവ്വത്തിൽ പിതാവും ചേർന്ന് നിർവ്വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ജനറൽ സെക്രട്ടറി ജസ്റ്റിൻ ജോർജ്, ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ, ട്രഷറർ ഡിലോ ദേവസ്യ, എഡിറ്റർ റോഷ്നി സെബാസ്റ്റ്യൻ, ബ്രദർ ബ്രിന്റോ എന്നിവർ പ്രസംഗിച്ചു.

## 48-ാം ജന്മദിനം ആഘോഷിച്ചു

യുവദീപ്തി - എസ്.എം.വൈ.എമ്മിന്റെ 48-ാമതു ജന്മദിനം പാസ്റ്ററൽ സെന്ററിൽവച്ച് ആഘോഷിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ജന്മദിനാഘോഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ജസ്റ്റിൻ മഞ്ചേരിക്കളം, ഡിലോ ദേവസ്യ, സീനാമോൾ ചെറിയാൻ എന്നിവർ പ്രസംഗിച്ചു. യുവദീപ്തി-എസ്.എം.വൈ.എം. പ്രഥമ ജനറൽ സെക്രട്ടറി രാജമ്മ തോമസ്, അതിരൂപതയുടെ രണ്ടാമത് ജനറൽ സെക്രട്ടറി അന്ത്രയോസ് മാറാട്ടുകളം എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. മുൻകാലനേതാക്കന്മാരെ ജന്മദിനസമ്മേളനത്തിൽവച്ച് ആദരിച്ചു.

## 48- ഡയാലിസിസ് കിറ്റുകൾ കൈമാറി

യുവദീപ്തിയുടെ 48-ാം ജന്മദിനത്തിൽ 48 ഡയാലിസിസ് കിറ്റുകൾ കൈമാറി. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ ചാരിറ്റി വേൾഡ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശേരിക്ക് 48 വൃക്കരോഗികൾക്ക് 48 കിറ്റിന്റെ തുക കൈമാറി. ഫാ. ജേക്കബ് ചക്കാത്ര, ഷിജോ മാത്യു ഇടയാടി, മുൻ ഡയറക്ടർ ഫാ. ആന്റണി എത്തയ്ക്കാട്, ജസ്റ്റിൻ ജോർജ്, ഡിലോ ദേവസ്യ, സീനാമോൾ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## റിസോഴ്സ് ടീം ട്രെയിനിംഗ്

അതിരൂപതയുടെ നാലു സോണുകളിലായി നടത്തുന്ന യുവനസ്രാണി സംഗമത്തോടനുബന്ധിച്ച് ഇടവകകളിൽ ക്ലാസുകൾ നടത്തുന്നതിനായി രൂപീകരിച്ച റിസോഴ്സ് ടീമിനുവേണ്ടി ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. അമൽ സിറിയക്, നിബിൻ കൊച്ചുവീട്ടിൽ എന്നിവർ ക്ലാസുകൾ നയിച്ചു. പ്രസിഡന്റ് ഷിജോ മാത്യു ഇടയാടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽവച്ച് അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര റിസോഴ്സ് ടീം ട്രെയിനിംഗ് ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ജസ്റ്റിൻ ജോർജ്, ഡെപ്യൂട്ടി പ്രസിഡന്റ് സീനാ ചെറിയാൻ, സിസ്റ്റർ സെലിൻ ജോസ് S.D., ബ്രദർ ബിന്റോ മനയത്ത്, ഡിലോ ദേവസ്യ എന്നിവർ പ്രസംഗിച്ചു.

## യുവനസ്രാണി സംഗമം – സോൺ – I

അതിരമ്പുഴ സോണിൽപ്പെട്ട, മണിമല, നെടുങ്കുന്നം, കോട്ടയം, കുടമാളൂർ, അതിരമ്പുഴ എന്നീ ഫൊറോനാകളിലെ യുവജനങ്ങൾ ഒരുമിക്കുന്ന "യുവനസ്രാണി സംഗമം I" ഡിസംബർ 29-ന് രാവിലെ 9:30 മുതൽ 4 മണി വരെ തെള്ളകം പുഷ്പഗിരി പള്ളിയിൽ നടക്കും. ക്ലാസുകൾ, ഇന്റർ ആക്ടീവ് പ്രോഗ്രാമുകൾ, കലാപരിപാടികൾ, ചാവറ തീർത്ഥാടനം എന്നിവയെല്ലാം യുവനസ്രാണി സംഗമത്തോടനുബന്ധിച്ച് നടക്കുന്നതാണ്.

## ജനുവരിമാസത്തെ പരിപാടികൾ

| | | |
|---|---|---|
| ജനുവരി | 1 | ന്യൂ ഇയർ |
| | 5 | യുവനസ്രാണി സംഗമം II : സോണൽ മീറ്റിംഗ് |
| | 11 | ദീപശിഖാപ്രയാണം |
| | 12 | യുവനസ്രാണി സംഗമം II : സോൺ – രാവിലെ 9:30 മുതൽ 4 മണി വരെ, ചെത്തിപ്പുഴ. |
| | 17, 18, 19 | കെ.സി.വൈ.എം വാർഷിക സെനറ്റ് – തൃശൂർ |
| | 25 | യുവനസ്രാണി സംഗമം : സോൺ III – ദീപശിഖാ പ്രയാണം, സോണൽ മീറ്റിംഗ് |
| | 26 | യുവനസ്രാണി സംഗമം : സോൺ III – ചമ്പക്കുളം ബസലിക്കാ പള്ളി. |

## ആദരാഞ്ജലികൾ



**സി. സോഫിയാ എസ്.ഡി.**
23-10-2019



**സി. അന്റോണിയ എസ്.ഡി.**
31-10-2019

സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ കുടുംബാംഗങ്ങളെ,

പുത്തൻതീരുമാനങ്ങളുമായി പുത്തൻപ്രതീക്ഷകളുമായി മറ്റൊരു വർഷക്കാലത്തേകൂടി നാം വരവേറ്റിരിക്കുന്നു. എല്ലാവർക്കും പുതുവർഷം അനുഗ്രഹപ്രദമായി തീരട്ടേ എന്ന് ആശംസിക്കുന്നു.

ഡിസംബർ 5,6 തീയതികളിലായി മണിമല സെന്റ് ജോർജ് സ്കൂളിൽ കെ.സി.എസ്.എലിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള ധ്യാനം നടന്നു. ഈ വർഷത്തെ കെ.സി.എസ്.എൽ ദിനാഘോഷം ഡിസംബർ 6-ാം തീയതി മണിമല സെന്റ് ജോർജ് സ്കൂളിൽ വച്ച് വിശുദ്ധ കുർബാന, കുമ്പസാരം എന്നിവയോട് കൂടി ആചരിച്ചു. വിശ്വാസ പ്രഖ്യാപനറാലിയും അതോടൊപ്പം പതാക ഉയർത്തലും ഉണ്ടായിരുന്നു. ക്രിസ്മസിനോടനുബന്ധിച്ച് കെ.സി.എസ്.എൽ-ന്റെ നേതൃത്വത്തിൽ ചങ്ങനാശേരി എസ്. ബി സ്കൂളിൽ വച്ച് ഡിസംബർ 21 ശനിയാഴ്ച കരോൾഗാനമത്സരവും നക്ഷത്ര നിർമാണമത്സരവും നടത്തപ്പെട്ടു. നിരവധി സ്കൂളിൽ നിന്നുള്ള പങ്കാളിത്തം മത്സരങ്ങളെ കൂടുതൽ ആകർഷകമാക്കി. മത്സരങ്ങളെ തുടർന്ന് ഡയറക്ടറച്ചനും സിസ്റ്റർ സോഫിയയും ക്രിസ്മസ്ദിന സന്ദേശം നൽകി. ഡിസംബർ 14-ാം തീയതി പി.ഒ.സി യിൽ നടന്ന സെൻട്രൽ മീറ്റിംഗിൽ നമ്മുടെ അതിരൂപതയുടെ സജീവ പങ്കാളിത്തമുണ്ടായിരുന്നു. ഈ വർഷത്തെ പ്രവർത്തനങ്ങളെപറ്റിയുള്ള വിലയിരുത്തലും അടുത്ത വർഷത്തെ പറ്റിയുള്ള ചർച്ചകളും ഈ മീറ്റിംഗിൽ വിഷയമായി. സാഹിത്യ മത്സരങ്ങളിൽ ഓവറോൾ നേടിയ നമ്മുടെ അതിരൂപതയ്ക്ക് പ്രത്യേകം അഭിനന്ദനങ്ങൾ നൽകുകയുണ്ടായി.

അതിരൂപതാതല മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച നമ്മുടെ കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനവും പരിശീലനവും നൽകി സംസ്ഥാനതലങ്ങളിൽക്കൂടി മികവുറ്റ പ്രകടനം നടത്താൻ അവരെ സഹായിക്കാൻ അധ്യാപകർ ശ്രദ്ധിക്കുമല്ലോ. സംസ്ഥാനതലകലോത്സവം ജനുവരി 11-ാം തീയതി ആണ് നടത്തപ്പെടുക. ഈ വർഷത്തെ കെ.സി.എസ്.എൽ പ്രവർത്തനങ്ങളുടെ വാർഷിക ആഘോഷം ജനുവരി 24 ന് നടത്തപ്പെടുന്നു. സംസ്ഥാനതലത്തിലുള്ള ഷോർട്ട് ഫിലിം കോംപറ്റീഷനുള്ള എൻട്രികൾ ഏറ്റവും അടുത്ത ദിവസങ്ങളിൽ കെ.സി.എസ്.എൽ ഓഫീസിൽ എത്തിക്കുക.

പുതുവത്സരത്തിന്റെ എല്ലാ ഭാവുകങ്ങളും പ്രാർത്ഥനകളും ഒരിക്കൽകൂടി ആശംസിച്ചുകൊണ്ട്

മിശിഹായിൽ സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും പുതുവത്സരാശംസകൾ !!!**

ശുഭപ്രതീക്ഷകൾ നൽകിക്കൊണ്ടാണ് ഓരോ പുതുവത്സരദിനവും പിറക്കുന്നത്. വത്സരം മുഴുവൻ ശുഭകരമായിരിക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

അതേ സമയം അത്രക്ക് ശുഭകരമല്ലാത്ത സാമൂഹ്യ-സാമ്പത്തിക സാഹചര്യം നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം നമ്മൾ മറന്നുകൂടാ. സാമ്പത്തിക അരക്ഷിതാവസ്ഥയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അവശ്യസാധനങ്ങളുടെ വില അനിയന്ത്രിതമായി ഉയരുന്നു. കാർഷിക ഉത്പ്പന്നങ്ങളുടെ ഉത്പാദനം ക്ഷയിക്കുന്നു, വിലകുറയുന്നു; അന്താരാഷ്ട്രതലത്തിൽ നമ്മുടെ രാജ്യം ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ അടിസ്ഥാനത്തിൽ ഇറക്കുമതി തീരുവ ഒഴിവാക്കിക്കൊണ്ട് അന്യരാജ്യങ്ങളിൽ നിന്നുള്ള കാർഷിക ഉൽപ്പന്നങ്ങൾ എത്തിചേരുന്നു. തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പ്രാഭവം നമ്മുടെമേലും കരിനിഴൽ വീഴ്ത്തി തുടങ്ങിയിരിക്കുന്നു. അതോടൊപ്പം രാഷ്ട്രീയ-മത-ജാതീയ ചേരിതിരുവുകൾ കൂടുതൽ തീവ്രമാകാൻ സഹായിക്കുന്ന തരത്തിലുള്ള നിയമ നിർമ്മാണങ്ങൾ സമൂഹത്തിന്റെ സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്നു. ഈ ഒരു പരിതസ്ഥിതിയിലാണ് പുതുവർഷത്തിൽ സമൂഹത്തിന്റെ സാമൂഹ്യ-സാമ്പത്തിക നിർമ്മാണ പ്രക്രിയയിൽ നാം കണ്ണിചേരേണ്ടിവരിക. നമ്മുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുകയാണ്. എല്ലാവരെയും സമഭാവനയിൽ കാണാനും കൂടുതൽ കാര്യക്ഷമതയോടെ, സംഘം-യൂണിറ്റുതലങ്ങൾ മുതൽ ജാഗ്രതയോടെയും ഫലപ്രദമായും പ്രവർത്തിക്കാനും നമുക്കാവണം. ഏവർക്കും മംഗളാശംസകൾ നേരുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

2019 ഡിസംബർ മാസം കുട്ടനാട് പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം വിതരണം ചെയ്തു.

### (I) ചാസ് ഭവനനിർമ്മാണ പദ്ധതി

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| കാവാലം ലിസ്യു | 1 | 1 | 1,00,000 |
| ആര്യാട് | 1 | 1 | 50,000 |
| ഈര | 1 | 1,2 | 2,00,000 |
| തോട്ടുവാത്തല | 1 | 1 | 1,00,000 |

| | | | |
|---|---|---|---|
| ചങ്ങംകരി | 1 | 1 | 75,000 |
| കൈനകരി | 1 | 2 | 50,000 |
| പാദുവാപുരം | 1 | 2 | 50,000 |
| ആകെ | 7 | | 6,25,000 |

## അറിയിപ്പ്

### 1. കേന്ദ്രതല പ്രധാന പരിപാടി (ജനുവരി 2020)

ജനുവരി 6, 7, 8 തീയതികളിൽ ഉച്ചകഴിഞ്ഞ് 2.30 ന് കേന്ദ്ര ഓഫീസിൽ വച്ച് മേഖല PME നടത്തപ്പെടുന്നതാണ്.

## കേന്ദ്രവാർത്തകൾ

### ചാസിന് ഊർജ്ജ കിരൺ അവർഡ്

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഊർജ്ജസംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച ചാസിന് ഊർജ്ജകിരൺ അവാർഡ് ലഭിച്ചു. കുടുംബങ്ങൾക്കും യുവജനങ്ങൾക്കും ഊർജ്ജ ഉപയോഗത്തിലും സംരക്ഷണത്തിലും പ്രായോഗിക അറിവുകൾ നൽകിക്കൊണ്ട് കഴിഞ്ഞ മൂന്നു വർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ് ലഭിച്ചത്. സംസ്ഥാന വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. എം.എം. മണിയിൽ നിന്നും ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അവാർഡ് ഏറ്റുവാങ്ങി.

### സ്റ്റാഫ് ട്രയിനിംഗ്

ചാസ് സ്റ്റാഫ് അംഗങ്ങൾക്ക് ഡിസംബർ 5, 6 തീയതികളിൽ പരിശീലനം സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ കേരളാസ്റ്റേറ്റ് മാനേജർ ശ്രീമതി ശോഭാ ജോസ് ട്രയിനിംഗ് നയിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ എന്നിവർ നേതൃത്വം നൽകി.

### കർഷക നേതൃസംഗമവും 50 വീടുകളുടെ താക്കോൽദാനവും

കർഷക നേതൃസംഗമവും നിർമ്മാണം പൂർത്തീകരിച്ച 50 വീടുകളുടെ താക്കോൽ ദാനവും 2019 ഡിസംബർ 23 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് പൊങ്ങ പള്ളി പാരീഷ്ഹാളിൽ സംഘടിപ്പിച്ചു. ഇന്ന് കാർഷിക മേഖല അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ജനകീയ കൂട്ടായ്മകളിലൂടെ അവയ്ക്കു പരിഹാരം കാണുന്നതിനും കർഷകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് കർഷകരുടെ നേതൃസംഗമം സംഘടിപ്പിച്ചത്. കാർഷികമേഖലയുടെ പുനരുദ്ധാരണത്തിന് ശ്രീ. പി.സി. സിറിയക്ക് IAS, ബദൽ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു. കുട്ടനാടിന്റെ സ്പന്ദനങ്ങൾ തിരിച്ചറിയുന്ന സെന്റർ ഫോർ ലോ സീലെവൽ ഫാമിങ്ങിന്റെ ഡയറക്ടർ ഡോ. കെ.ജി. പത്മകുമാർ കുട്ടനാടിന് അനുയോജ്യമായ പ്രായോഗിക ശാസ്ത്രീയ കാർഷിക ശൈലിയെക്കുറിച്ച് കർഷകരുമായി ചർച്ച നടത്തി.

തുടർന്ന് സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷതവഹിച്ചു. ചാസിന്റെ ആഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തിയാക്കിയ 50 വീടുകളുടെ താക്കോൽ ദാനകർമ്മം ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി.

നിർവ്വഹിച്ചു. മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന HDFC Ltd. ന്റെ എച്ച്.റ്റി. പാരേക് ഫൗണ്ടേഷന്റെ സാമ്പത്തിക സഹകരണത്തിലാണ് വീടുനിർമ്മാണം പൂർത്തിയാക്കിയത്. എറണാകുളം എച്ച്.ഡി.എഫ്.സി. ജനറൽ മാനേജർ ശ്രീ. വർഗീസ് ജോർജ്ജ് ആമുഖപ്രഭാഷണം നടത്തി. അതിരൂപതാ വികാരി ജന റാൾ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, എച്ച്.ഡി.എഫ്.സി. തിരുവനന്ത പുരം ജനറൽ മാനേജർ ശ്രീ. സലിൽ, അസി. മാനേജർ ശ്രീ. സോമി ജോൺ, ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർമാരായ ഫാ. തോമസ് കുളത്തുങ്കൽ, ഫാ. ജോർജ്ജ് മാന്തുരുത്തിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി തുടങ്ങിയവർ പ്രസംഗിച്ചു. നെടുമുടി, കൈനകരി, പുളിംകുന്ന്, കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീ. ചാക്കോച്ചൻ മുട്ടുംകൽ, ശ്രീമതി ഷീലാ സജീവ്, ശ്രീ. ബെന്നിച്ചൻ മണ്ണംകരത്തറ, ശ്രീമതി സന്ധ്യാ രമേശ് എന്നിവരുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

### SAFP പദ്ധതി വിശകലനം

SAFP ഇൻഡ്യയിൽ നിന്നും RPO ശ്രീ. ആൾട്ടോ ആന്റണി അതിരമ്പുഴ, എടത്വാ മേഖലകളിലെ സേവ് എ ഫാമിലി ഗുണഭോക്തൃ കുടുംബങ്ങളെ ഡിസം ബർ 10,11,12 തീയതികളിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. SAFP കോ ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA നേതൃത്വം നൽകി.

### ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം പ്രതിജ്ഞയും ഒപ്പ് ശേഖര ണവും

ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണത്തിന്റെ ഭാഗമായി ചാസിന്റെ നേതൃ ത്വത്തിൽ എനർജി മാനേജ്മെന്റ് സെന്റർ, സെന്റർ ഫോർ എൻവയൺമെന്റ് എന്നി വയുടെ സഹകരണത്തോടെ ചങ്ങനാശേരി പെരുന്ന ബസ് സ്റ്റാൻഡിൽ ഡിസം ബർ 13 ന് ഊർജ്ജ സംരക്ഷണ പ്രതിജ്ഞയും ഒപ്പ് ശേഖരണവും സംഘടിപ്പിച്ചു. നഗരസഭാ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, കൗൺസിലർ ശ്രീ. അനിൽ കു മാർ, ഡോ. ജോസഫ് എബ്രഹാം എന്നിവർ പ്രസംഗിച്ചു. പാത്താമുട്ടം സെന്റ് ഗിറ്റ്സ്, കുട്ടിക്കാനം മരിയൻ കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും ചാസ് സ്വാശ്രയസംഘാംഗങ്ങളും നേതൃത്വം നൽകി.

### PDRA (Participatory Disaster Risk Assessment) ട്രയിനിംഗ്

കുട്ടനാട്ടിൽ നടത്തുന്ന സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി അസംപ്ഷൻ കോളേജിലെ MSW വിദ്യാർത്ഥിനി കൾക്കായി ചാസ് കോൺഫറൻസ് ഹാളിൽ ഡിസംബർ 13 ന് PDRA ട്രയിനിംഗ് സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ കേരളാസ്റ്റേറ്റ് മാനേജർ ശ്രീമതി ശോഭാ ജോസ് പരിശീലനം നൽകി. MSW വിഭാഗം HOD സിസ്റ്റർ ശാലിനി CMC യുടെ നേതൃത്വത്തിൽ 30 വിദ്യാർത്ഥികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

### ചാസിന്റെ നേതൃത്വത്തിൽ കുട്ടനാട്ടിൽ സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

നിരന്തരം നേരിടുന്ന പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിന് കുട്ടനാടൻ ജനതയെ പ്രാപ്തമാക്കാൻ കാരിത്താസ് ഇൻഡ്യയുമായി സഹക രിച്ച് ചാസ് രൂപം നൽകിയ സാമൂഹ്യാധിഷ്ഠിത ദുരന്തസധ്യതാ നിവാരണ പ്ര

വർത്തനങ്ങൾ ശ്രീ. സി.എഫ്. തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീക്ഷണിയായ പ്രകൃതിദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാൻ ജനങ്ങളുടെ അറിവും കഴിവും കൂട്ടിയിണക്കി ശാസ്ത്രീയമായ രീതിയിൽ സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പ്രവർത്തനങ്ങൾ ലോകമെമ്പാടും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കുട്ടനാട് നിരന്തരം അനുഭവിക്കുന്ന പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിന് കുട്ടനാടൻ ജനതയെ വേണ്ടവിധം സജ്ജരാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം എന്ന തിരിച്ചറിവാണ് പദ്ധതിക്കാധാരം. ഡിസംബർ 13-ാം തീയതി വെള്ളിയാഴ്ച ചാസിൽ വച്ച് നടത്തപ്പെട്ട സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അധ്യക്ഷതവഹിച്ചു. ദുരന്താഘാതപഠനം, കർമ്മസേനയുടെ രൂപീകരണം, ദുരന്തനിവാരണ ലഘൂകരണ മാർഗ്ഗരേഖ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ, ദുരന്തനിവാരണ രേഖയെക്കുറിച്ചുള്ള പരിശീലനം, സ്കൂൾ കുട്ടികൾക്കുള്ള ദുരന്ത നിവാരണ പരിശീലനം തുടങ്ങിയവ പദ്ധതിയിൽപ്പെടുന്നു. കുട്ടനാട്ടിലെ തെരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്ത് വാർഡുകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

## ആശാകിരണം റിസോഴ്സ് ടീം ട്രയിനിംഗ്

ആശാകിരണം പദ്ധതി കൂടുതൽ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കാരിത്താസ് ഇൻഡ്യ ആശാകിരണം കോ-ഓർഡിനേറ്റർ റവ. സിസ്റ്റർ ക്രിസ്റ്റി എസ്.എച്ച്, ചാസ് കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് എന്നിവരുടെ നേതൃത്വത്തിൽ ഡിസംബർ 13 ന് ചാസ് ഓഡിറ്റോറിയത്തിൽ റിസോഴ്സ് ടീം അംഗങ്ങൾക്ക് പരിശീലനം സംഘടിപ്പിച്ചു

## ചാസ് എക്സ്പോ-പുളിങ്കുന്ന്-2019

ചാസ് പുളിംകുന്ന് മേഖലയുടെ ആഭിമുഖ്യത്തിൽ 'ചാസ് എക്സ്പോ പുളിംകുന്ന് -2019' പുളിംകുന്ന് സെന്റ് മേരീസ് ഫൊറോനാ പാരീഷ് ഹാളിൽ ഡിസംബർ 12,13,14 തീയതികളിൽ സംഘടിപ്പിച്ചു. പുളിംകുന്ന് ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു ജെ. ഓടലാനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ ഉദ്ഘാടനം വികാരി ജനറാൾ & പ്രസിഡന്റ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. റവ.ഫാ. ഐസക് കൂലിപ്പറമ്പിൽ, ജനറൽ കൺവീനർ ശ്രീ. ബാബു വടക്കേകളം, ശ്രീ. മാത്തുക്കുട്ടി കഞ്ഞിക്കര എന്നിവർ പ്രസംഗിച്ചു. ആശാകിരണം പദ്ധതി അടിസ്ഥാനമാക്കി മേളയിൽ സെമിനാറുകളും, തൊഴിൽ പരിശീലനപരിപാടികളും, സൗജന്യ വൈദ്യപരിശോധനയും സംഘടിപ്പിച്ചു. കാൻസർ ബോധവത്ക്കരണ സെമിനാർ ഡോക്ടർ അഭിരാമി പ്രകാശ് നയിച്ചു. സ്വാശ്രയസംഘങ്ങളുടെ സാമ്പത്തിക ഭദ്രത, വളർത്തുകൂട്ടം പദ്ധതി എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി സൗത്ത് ഇൻഡ്യൻ ബാങ്ക് പുളിംകുന്ന് ശാഖാ മാനേജർ ശ്രീ. സോനു തോമസ്, വെറ്റിനറി സർജൻ ഡോ. പി. ജേക്കബ് തോമസ് എന്നിവർ ക്ലാസിന് നേതൃത്വം നൽകി. മേളയോടനുബന്ധിച്ച് സ്വാശ്രയസംഘാംഗങ്ങൾക്ക് ഫ്ളവർ മേക്കിംഗ്, പേപ്പർ കാരിബാഗ്, ഫ്ളോർമാറ്റ്, ടേബിൾമാറ്റ്, സോപ്പുപൊടി എന്നിവ നിർമ്മിക്കുന്നതിന് പരിശീലനം നൽകി.

ഉറവിട മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, തെങ്ങിൻ തൈകൾ, പച്ചക്കറിതൈകൾ, ഫലവൃക്ഷതൈകൾ, വിത്തു

കൾ, കോഴിക്കൂടുകൾ, സ്വാശ്രയസംഘങ്ങളുടെ വിവിധ ഉൽപ്പന്നങ്ങൾ, ജൂട്ട് ബാഗുകൾ, ഖാദി ഉൽപ്പന്നങ്ങൾ, ഖാദി വസ്ത്രങ്ങൾ, വിവിധയിനം ഭക്ഷ്യഉൽപ്പ ന്നങ്ങളുടെ സ്റ്റാളുകൾ, ജലശുദ്ധീകരണ മാർഗ്ഗങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും ക്രമീകരിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ നേതൃ ത്വത്തിൽ സൗജന്യ വൈദ്യപരിശോധനയും ഇടിമണ്ണിക്കൽ ഒപ്റ്റിക്കൽസിന്റെ നേതൃത്വത്തിൽ നേത്ര പരിശോധനയും നടത്തി.

## ലഹരി വിപത്തിനെതിരെ ബോധവത്ക്കരണം

കേന്ദ്രഗവൺമെന്റിന്റെ സാമൂഹിക നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസിന്റെ (NISD) യും, നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷന്റെ (NAP-DDR) യും സഹായത്തോടെ ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി (CHASS) യുടെ റീജിയണൽ റിസോഴ്സ് ആന്റ് ട്രെയിനിംഗ് സെന്റർ ലഹരി വിപത്തിനെതിരെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്ലാസ്, ഫിലിം പ്രദർശനം എന്നിവ ക്രമീകരിച്ചു. ഫാ. തോമസ് കുളത്തുങ്കൽ, റ്റി.എം. മാത്യു തച്ചിലേട്ട്, സിസ്റ്റർ സെൽമ SRA, ലിറ്റിമോൻ എം.എസ്, സിസ്റ്റർ ജിഷ സിഎംസി എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

| *തീയതി* | *സ്ഥലം* | *പങ്കെടുത്തവർ* |
|---|---|---|
| നവം. 30 | മനയ്ക്കച്ചിറ (SHG) | 52 |
| ഡിസം. 10 | ഏറ്റുമാനൂർ (SHG) | 53 |
| ഡിസം. 12 | ഹോളിക്യൂൻസ് കമ്മ്യൂണിറ്റി സെന്റർ (സാരഥി ഓട്ടോ ഡ്രൈവേഴ്സ്) | 42 |
| ഡിസം. 17 | അസംപ്ഷൻ കോളേജ് | 26 |
| ഡിസം. 18 | മണിമല ഓൾഡ് (SHG) | 52 |
| ഡിസം. 19 | പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളേജ് | 202 |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2019 ഡിസംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 442. ആൻസി ഷാജി | കാരുണ്യ | മായം | അമ്പൂരി |
| 443. റോസമ്മ ജോസഫ് | സെന്റ് തെരേസാസ് | മുടിയൂർക്കര | കുടമാളൂർ |

### (2) മ്യൂച്വൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 333. രാജു കെ.ആർ. കൊച്ചുപറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 334. സുരേഷ് കുളങ്ങര | ഇരവുചിറ | കുറുമ്പനാടം |
| 335. എൽസമ്മ മാത്യു മള്ളാത്ത് | നെടുമണ്ണി | നെടുംകുന്നം |

| | | |
|---|---|---|
| 336. വിൻസെന്റ് ജോസഫ് വട്ടക്കുന്നേൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 337. ത്രേസ്യാമ്മ വർഗ്ഗീസ് മലയിൽ | ചേപ്പുംപാറ | കോട്ടയം |
| 338. ജോസഫ് കുര്യൻ ഈരൂരിക്കൽ | മായം | അമ്പൂരി |
| 339. ലക്ഷ്മി സുന്ദരി വാർവിള | മായം | അമ്പൂരി |
| 340. ആൻസി ഷാജി തെക്കേമലയിൽ | മായം | അമ്പൂരി |
| 341. ഒ. എം. ശാന്തൻ കുന്നേൽ വാളവനാൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 342 ത്രേസ്യാമ്മ വർഗ്ഗീസ് ആമ്പൽകണ്ടത്തിൽ | കലവൂർ | ആലപ്പുഴ |

• **ചികിത്സാസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 174. ഫിലോമിന ജോസഫ് കാപ്പിലിപറമ്പ് | കുളത്തൂർ | മണിമല |
| 175. മേഴ്സി ഫിലിപ്പ് തേക്കുംകൽ | കുളത്തൂർ | മണിമല |
| 176. ജോസഫ് സാബു പുരയ്ക്കൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 177. ഏലിയാമ്മ ജോസ് വില്ലൂന്നിൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 178. ആൻസി ജോസ് കളത്തിൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ഡിസംബർ മാസം 38 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ ശുപാർശപ്രകാരം 78 അപേക്ഷകർക്ക് 88150/- രൂപ നൽകി.

## മേഖലാവാർത്തകൾ

**സ്വാശ്രയ സംഘരൂപീകരണം**

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 27.11.2019 | കൊണ്ടാക്കൽ | ഒരുമ | 16 |
| 27.11.2019 | കൊണ്ടാക്കൽ | സെന്റ് തെരേസാ | 16 |
| 27.11.2019 | കൊണ്ടാക്കൽ | ഉന്നതി | 12 |
| 27.11.2019 | കൊണ്ടാക്കൽ | നന്മ | 15 |
| 27.11.2019 | കൊണ്ടാക്കൽ | ആൻമരിയ | 12 |
| 27.11.2019 | കൊണ്ടാക്കൽ | തെരേസാ | 13 |
| 27.11.2019 | കൊണ്ടാക്കൽ | ജാസ്മിൻ | 17 |
| 27.11.2019 | കൊണ്ടാക്കൽ | ശാലോം | 13 |
| 04.12.2019 | കായൽപുറം | മരിയ | 13 |
| 10.12.2019 | വെളിയനാട് | ദയ | 14 |
| 11.12.2019 | സെന്റ് സേവ്യേഴ്സ് കുറിച്ചി | വി കെയർ | 20 |

## SAFP മേഖലാതല മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ മേഖലാതല മീറ്റിംഗുകൾ നവംബർ 28, 30 തീയതികളിൽ കൈതവന ഏറ്റുമാനൂർ എന്നിവിടങ്ങളിൽ വച്ച് നടത്തപ്പെട്ടു. മേഖലാ പ്രസിഡന്റുമാരായ ശ്രീ. പി.ജെ ചെറിയാൻ പേഴത്തും മൂട്ടിൽ, ശ്രീ. ജേക്കബ് പാട്ട

ശ്ശേരി എന്നിവർ അദ്ധ്യക്ഷതവഹിച്ചു. 'കുടുംബ ബജറ്റ്'നെക്കുറിച്ച് SAFP കോ-ഓർഡിനേറ്റർ സിസ്റ്റർ സെൽമ SRA ക്ലാസ് നയിച്ചു. 168 കുടുംബങ്ങളിൽനിന്നും പ്രതിനിധികൾ. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാർക്ക് പ്രഥമ ശുശ്രൂഷയിൽ പരിശീലനം

അതിരമ്പുഴ, കുടമാളൂർ, കോട്ടയം എന്നീ മേഖലകളിലെ കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമർക്ക് നവംബർ 29 ന് അതിരമ്പുഴ യൂണിറ്റിൽ വച്ച് പ്രഥമ ശുശ്രൂഷയിൽ പരിശീലനം നൽകി. വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ബാബു സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. 55 അംഗങ്ങൾ പങ്കെടുത്തു.

## മത്സ്യകൃഷി

ഏറ്റുമാനൂർ യൂണിറ്റിൽ 'മാവേലി' പുരുഷസ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന മത്സ്യകൃഷിയുടെ ഈ വർഷത്തെ ഉദ്ഘാടനം ഡിസംബർ 3 ന് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ നിർവഹിച്ചു. വിഷരഹിത മത്സ്യവും, മുറ്റത്തൊരു മീൻകുളവും പദ്ധതി ജനങ്ങളിൽ എത്തിക്കുക എന്നതാണ് സംഘത്തിന്റെ ലക്ഷ്യം. പ്രസിഡന്റ് ശ്രീ. വിഷ്ണു പ്രസന്നൻ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

## കർഷക സമിതി രൂപീകരിച്ചു

മുട്ടാർ ഓൾഡ് യൂണിറ്റിൽ ഡിസംബർ 10 ന് കർഷക സമിതി രൂപീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രാഹം തയ്യിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് അബ്രാഹം കർഷകസമിതിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. 50 അംഗങ്ങൾ പ്രവർത്തിച്ചുവരുന്നു.

## സ്വാശ്രയ സംഘവാർഷികം

**പുല്ലങ്ങടി** യൂണിറ്റിൽ പ്രവർത്തിക്കുന്ന 6 സ്വാശ്രയസംഘങ്ങളുടെ സംയുക്ത വാർഷികം നവംബർ 30 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോർജ്ജ് വേലിയത്ത് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു.

**ചേന്നങ്കരി** യൂണിറ്റിലെ 'ബ്രദേഴ്സ്' പുരുഷ സ്വാശ്രയസംഘത്തിന്റെ വാർഷികം ഡിസംബർ 08 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. മാത്തപ്പൻ അദ്ധ്യക്ഷതവഹിച്ചു. കോ-ഓർഡിനേറ്റർ ബിനു ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

**കൂരോപ്പട** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'അഞ്ചലി' സ്വാശ്രയസംഘത്തിന്റെ 20-ാം മത് വാർഷികം ഡിസംബർ 14 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം ഉദ്ഘാടനം നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റ്റി.എം. ആന്റണി തുപ്പലഞ്ഞിയിൽ ആശംസയർപ്പിച്ചു.

## യൂണിറ്റ് കർഷകസമിതി-ലീഡേഴ്സ് സംഗമം

കുട്ടനാട്ടിലെ വിവിധ യൂണിറ്റുകളിൽ കർഷക സമിതികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 3, 20 തീയതികളിൽ പൊങ്ങ, ചമ്പക്കുളം യൂണി

റ്റുകളിൽ വച്ച് വിവിധ യൂണിറ്റ്-കർഷകസമിതി ഭാരവാഹികളുടെ ആലോചനാ യോഗം സംഘടിപ്പിച്ചു.

## യൂണിറ്റ് ഉദ്ഘാടനം

മാന്നാനം 12 ശ്ലീഹന്മാരുടെ പള്ളിയിൽ ഡിസംബർ 12 ന് ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി പുത്തൻകളം അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 53 അംഗങ്ങൾ പങ്കെടുത്തു.

## ഔഷധസസ്യവലയം സെമിനാർ

**പെരുംകാവ്** യൂണിറ്റിൽ ഡിസംബർ 13 ന് ഔഷധസസ്യവലയം സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തുശ്ശേരി ഉത്ഘാടനം ചെയ്തു. പ്രൊഫസർ സുരേഷ് ബാബു ക്ലാസ് നയിച്ചു. 52 അംഗങ്ങൾ പങ്കെടുത്തു.

**മൈലാടി** യൂണിറ്റിൽ ഡിസംബർ 14 ന് ഔഷധസസ്യവലയം സെമിനാർ സംഘടിപ്പിച്ചു. പ്രൊഫസർ സുരേഷ് ബാബു ക്ലാസ് നയിച്ചു. 66 അംഗങ്ങൾ പങ്കെടുത്തു. ഔഷധ സസ്യ വിപണനം നടത്തി.

## സൺഡേ മാർക്കറ്റ്

**ചെറുവാണ്ടൂർ** യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 15 മുതൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു. സ്വാശ്രയസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളാണ് മാർക്കറ്റിൽ വിപണനം ചെയ്യുന്നത്. യൂണിറ്റ് ഡയറക്ടർ റവ. ഫാ. എമ്മാനുവേൽ നെല്ലിവേലി, ശ്രീ. ബിജി ഫ്രാൻസിസിന് പച്ചക്കറി നൽകി ഉദ്ഘാടനം നിർവഹിച്ചു.

## ക്രിസ്മസ് ആഘോഷം

**വെട്ടിമുകൾ** യൂണിറ്റിലെ ചാസ് പ്രവർത്തകരുടെ നേതൃത്വത്തിൽ ഡിസംബർ 16 ന് ക്രിസ്മസ് ആഘോഷം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി കേക്ക് മുറിച്ച് ഉദ്ഘാടനം നിർവഹിച്ചു. അംഗങ്ങൾ പരസ്പരം സമ്മാനങ്ങൾ കൈമാറി.

## ആശാകിരണം-കാൻസർ ബോധവത്ക്കരണം

**പടഹാരം** യൂണിറ്റിൽ ഡിസംബർ 11 ന് സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ച് ആശാകിരണം കാൻസർ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. ആശാകിരണം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങൾ, കാൻസർ ഉണ്ടാകാനുള്ള കാരണങ്ങൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. 61 അംഗങ്ങൾ പങ്കെടുത്തു.

## പരിശീലന പരിപാടികൾ

**കാർപ്പെറ്റ് നിർമ്മാണം**

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| ഡിസംബർ 09 | കൊണ്ടാക്കൽ | 28 |
| ഡിസംബർ 10 | നസ്രത്ത് | 18 |
| ഡിസംബർ 10 | ചമ്പക്കുളം | 48 |

**പുല്ലങ്ങടി** യൂണിറ്റിൽ തയ്യൽ പരിശീലനത്തോടനുബന്ധിച്ച് നവംബർ 15, ഡിസംബർ 10, 11 തീയതികളിൽ കുടനിർമ്മണം, പേപ്പർ കാരിബാഗ്, ഫ്ളവർ മേക്കിംഗ്, ബേക്കറി നിർമ്മാണം എന്നിവയിൽ പരിശീലനം നൽകി.

## ഫ്ളവർ മേക്കിംഗ് & അറേഞ്ച്മെന്റ്സ്

**മീൻകുളം** യൂണിറ്റിൽ പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്കായി ഡിസംബർ 09 ന് ഫ്ളവർ മേക്കിംഗ് & അറേഞ്ച്മെന്റ്സ് പരിശീലനം നൽകി. 30 അംഗങ്ങൾ പങ്കെടുത്തു.

**പാണ്ടി** യൂണിറ്റിൽ പ്രവർത്തിക്കുന്ന സംഘാംഗങ്ങൾക്കായി ഡിസംബർ 12 ന് ഫ്ളവർ മേക്കിംഗ് & അറേഞ്ച്മെന്റ്സ് പരിശീലനം നൽകി. 25 അംഗങ്ങൾ പങ്കെടുത്തു.

## മോൺസിഞ്ഞോർ സിറിയക് കണ്ടങ്കരി അവാർഡ്

പ്രിയ വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരേ,

ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ നിന്നും സ്നേഹാശംസകൾ

കാൽ നൂറ്റാണ്ടുകാലം ചങ്ങനാശേരി പള്ളിയുടെ വികാരിയും രൂപതയുടെ വികാരി ജനറാളും പാറേൽ പള്ളിയുടെ (അമലോത്ഭവ ജൂബിലി കപ്പേള) സ്ഥാപകനും വിദ്യാഭ്യാസ, സാമൂഹ്യപരിഷ്കർത്താവുമായിരുന്ന മോൺ. സിറിയക് കണ്ടങ്കരി (1852– 1919) യുടെ ചരമശതാബ്ദിസ്മാരകമായി ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി മോൺ. സിറിയക് കണ്ടങ്കരി അവാർഡ് ഏർപ്പെടുത്തിയിരിക്കുകയാണ്. സാമൂഹ്യക്ഷേമ – ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ക്രൈസ്തവ സഭാംഗങ്ങൾ നൽകി വരുന്ന മഹത്തായ ശുശ്രൂഷയെ അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുകയെന്നതാണ് അവാർഡ് ഏർപ്പെടുത്തിയതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ചങ്ങനാശേരി അതിരൂപത അതിർത്തിയിൽ സാമൂഹ്യക്ഷേമ – ജീവകാരുണ്യ പ്രവർത്തനങ്ങളിൽ നിസ്തുല സേവനം നൽകിവരുന്ന ക്രൈസ്തവ സ്ഥാപനങ്ങളെയാണ് അവാർഡിനായി പരിഗണിക്കുക. 25000/- രൂപയും പ്രശസ്തിഫലകവും അടങ്ങുന്നതാണ് അവാർഡ്.

പ്രസ്തുത അവാർഡിനായുള്ള അപേക്ഷ, ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ ചുരുങ്ങിയ റിപ്പോർട്ട് സഹിതം 2020 ജനുവരി 10 നു മുമ്പായി ലഭിക്കത്തക്ക വിധത്തിൽ

Rev. Fr. Vicar, Metropolitan Church, Changanacherry, Pin - 686101 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 9447027820.

സ്നേഹപൂർവ്വം,

**ഫാ. കുര്യൻ പുത്തൻപുര**

(വികാരി)

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

ഏവർക്കും സ്നേഹവും സന്തോഷവും പുത്തൻ പ്രതീക്ഷകളും നിറഞ്ഞ പുതുവത്സരം സ്നേഹത്തോടെ നേരുന്നു. കഴിഞ്ഞ നാളുകളിൽ ജന നന്മയ്ക്കായി ദൈവസ്നേഹകൂട്ടായ്മയിൽ അനേകം കർമ്മ പദ്ധതികൾ നടത്തുവാൻ നമുക്കൊന്നായി സാധിച്ചു. പുതുവർഷത്തിലെ ഓരോ പുലരിയും നന്മകൾ കൊണ്ട് നമുക്ക് ഐശ്വര്യപൂർണ്ണമാക്കാം.

**ഫാ. ജോസ് പുത്തൻചിറ**

### പ്രവർത്തന വർഷ ഉദ്ഘാടനം

ഡിസംബർ മാസം ഒന്നാംതിയതി ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ അതിരൂപതാ ഡയറക്ടർ ഫാ.ജോസ് പുത്തൻചിറ വിശുദ്ധ ബലി അർപ്പിക്കുകയും തുടർന്ന് നടത്തിയ പൊതു യോഗത്തിൽ സംബന്ധിക്കുകയും 2020 വർഷത്തെ കർമ്മ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

### കുടുംബ സംഗമങ്ങൾ, വാർഷികാഘോഷങ്ങൾ

2019 ഡിസംബർ 1-ാം തീയതി കുറുമ്പനാടം അസംപഷൻ യൂണിറ്റിന്റെ കുടുംബസംഗമവും ഡിസംബർ 22-ാം തീയതി നെടുമ്മണ്ണി യൂണിറ്റിന്റെ കുടുംബസംഗമവും ഡിസംബർ 29-ാം തീയതി വെളിയനാട് യൂണിറ്റിന്റെ വാർഷികവും കുടുംബസംഗമവും അതേ ദിവസം തന്നെ പുളിങ്കുന്ന് യൂണിറ്റിന്റെ കുടുംബസംഗമം നടത്തപ്പെട്ടു.

### പുതിയ യൂണിറ്റുകൾ

08.12.2019 -ൽ പായിപ്പാട് ലൂർദ്ദ് യൂണിറ്റിലും, 15.12.2019 -ൽ കണ്ണാടി സെന്റ് ജോസഫ് യൂണിറ്റിലും പുതിയ യൂണിറ്റുകൾ ആരംഭിച്ചു

### ക്ഷേമനിധി സമ്മേളനം.

ചങ്ങനാശേരി മെത്രാപ്പോലിത്തൻ പള്ളിയിൽ നടത്തിയ ക്ഷേമനിധി മേള ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു. വെരി റവ.ഫാ. കുര്യൻ പുത്തൻപുര, സിബിച്ചൻ ഇടശേരിപറമ്പിൽ, ബിനു മുണ്ടിയത്ത്, തങ്കച്ചൻ മുഹമ്മ, സോബിച്ചൻ, ജോളി നാല്പതാംകളം, ജോണി ജോസഫ്, സണ്ണി അഞ്ചിൽ, കെ.ടി.ചാക്കോ, മാർട്ടിൻ പുല്ലുകാട്ടുപറമ്പിൽ, ബാബു പഴയചിറ, ജോജൻ ചക്കാലയിൽ, ബിനുമോൻ തോമസ്, ജോൺസൺ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി. 150-ൽ പരം വ്യക്തികൾ പങ്കെടുത്ത പരിപാടിയിൽ 47 പേർ അംഗത്വം എടുത്തു.

### കലണ്ടർ 2020

കെ.എൽ.എം ന്റെ ചരിത്രവും ക്ഷേമനിധികളുടെ വിവരങ്ങളും യൂണിറ്റുകളിലെ പ്രധാനതിരുനാളുകളും ഉൾപ്പെടുത്തി 2020-ലെ കലണ്ടർ പുറത്തിറങ്ങി.

### തൊഴിലാളി ശബ്ദം

കെ.എൽ.എം. പ്രസ്ഥാനത്തിന്റെ വളർച്ചയുടെ നാൾവഴികളിൽ നടത്തപ്പെടുന്ന പദ്ധതികൾ അറിയുവാനും വാർത്തകൾ രേഖപ്പെടുത്തുവാനും അങ്ങനെ അംഗങ്ങൾ തമ്മിലും സംഘങ്ങൾ തമ്മിലും ഉള്ള വളർച്ച പൂർണ്ണമാക്കാനും ഉതുകുന്ന രീതിയിൽ 'തൊഴിലാളി ശബ്ദം' എന്നപേരിൽ പത്രം ആരംഭിച്ചു.

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരേ,

പ്രവാസി അപ്പസ്തൊലേറ്റിൽനിന്നും തിരുപ്പിറവിയുടേയും പുതുവർഷത്തി ന്റേയും ആശംസകൾ അറിയിക്കുന്നു.

പ്രവാസി അപ്പസ്തൊലേറ്റിന്റെ സേവനങ്ങൾ പരമാവധി ഇടവകകളിലും പൊതുസമൂഹത്തിലും പ്രചരിപ്പിക്കാൻ കഴിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഏവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു. പ്രവാസി അപ്പസ്തൊലേറ്റിൽനിന്നും പ്രവാസി ക്ഷേമനിധിക്കായി അപേക്ഷകൾ സമർപ്പിച്ചവർക്ക് ഐഡന്റിറ്റി കാർഡുകൾ കൊടുത്തുതുടങ്ങി. ക്ഷേമപെൻഷനുവേണ്ടി ഇനിയുള്ള പ്രവാസികളും ഈ സേവനം പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു. റിക്രൂട്ട്മെന്റ് വിഭാഗത്തിൽ നോർക്ക റൂട്ട്സ് മുഖാന്തിരം അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർത്ഥികളിൽ തെരഞ്ഞെടുക്കപ്പെട്ട ഏതാനും പേർ ഇന്റർവ്യൂവിന് ഹാജരാകുകയും തുടർന്നുള്ള നടപടിക്രമങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്തു.

ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ പ്രവാസികൾക്കുവേണ്ടി ഒരു ഡിപ്പാർട്ടുമെന്റ് ഉൾപ്പെടുത്തിയ വിവരം സന്തോഷത്തോടെ അറിയിക്കുന്നു. പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവിൽ പ്രവാസി & ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ കൺവീനറായി ശ്രീ. തങ്കച്ചൻ പൊന്മാങ്കലിനെ തെരഞ്ഞെടുത്തു. പാസ്റ്ററൽ കൗൺസിൽ കൂടുന്നതിന് മുമ്പ് പ്രവാസി എക്സിക്യൂട്ടീവ് യോഗം ചേരുകയും അതിൽ ഉരുത്തിരിയുന്ന ആശയങ്ങൾ പാസ്റ്ററൽ കൗൺസിലിൽ അഭിവന്ദ്യ പിതാവിനെ അറിയിക്കുന്നതിലൂടെ പ്രവാസി അപ്പോസ്തലേറ്റ് ജീവസുറ്റ പ്രസ്ഥാനമായി വളരുകയാണ്. പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടറാണ് പാസ്റ്ററൽ കൗൺസിലിൽ പ്രവാസി ഡിപ്പാർട്ടുമെന്റിന്റെ ചെയർമാൻ.

1. 29.10.19 - ചങ്ങനാശേരി ഫൊറോന പ്രീസ്റ്റ് കോൺഫറൻസ് വെരൂർ പള്ളിയിൽ വൈകിട്ട് 7 മണിക്ക് നടന്നു. കത്തീഡ്രൽ പള്ളിയിലെ കൊച്ചച്ചനായ ഫാ. ജോസഫ് പുരയ്ക്കലിനെ ഫൊറോനാ ഡയറക്ടറായി തെരഞ്ഞെടുത്തു.

2. 25.11.2019- ചമ്പക്കുളം ഫൊറോനാ കോൺഫറൻസ് വൈകിട്ട് 7 മണിക്ക് നടന്നു. തെക്കേക്കര സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് വികാരി ഫാ. തോമസ് കൊച്ചെള്ളേച്ചങ്കളത്തിനെ ഫൊറോനാ ഡയറക്ടറായി തെരഞ്ഞെടുത്തു.

3. തൃക്കൊടിത്താനം ഫൊറോനാ കോൺഫറൻസ് നാലുകോടി സെന്റ് തോമസ് ഇടവകയിൽവച്ച് പകൽ 11.30ന് നടന്നു. കുന്നന്താനം സെന്റ് ജോസഫ്സ് ഇടവക വികാരി ഫാ. മാത്യു ഒഴികാട്ടിലിനെ ഫൊറോനാ ഡയറക്ടറായി തെരഞ്ഞെടുത്തു.

4. 10.12.2019 - നെടുംകുന്നം ഫൊറോനാ കോൺഫറൻസ് വൈകിട്ട് 7.30ന് നെടുംകുന്നം ഫൊറോനാ ദൈവാലയത്തിൽ വച്ച് നടന്നു. മല്ലപ്പള്ളി സെന്റ് അത്തനേഷ്യസ് ഇടവക വികാരി റവ. ഫാ. ആന്റണി നെരയത്തിനെ ഫൊറോനാ ഡയറക്ടറായി തെരഞ്ഞെടുത്തു.

5. 11.12.2019 – മണിമല ഫൊറോനാ കോൺഫറൻസ് വൈകിട്ട് 7.30ന് മണിമല ഫൊറോനാ ദൈവാലയത്തിൽ വച്ച് നടത്തി. ഡയറക്ടറെ തെരഞ്ഞെടുത്തിട്ടില്ല.

6. 12.12.2019 കത്തീഡ്രൽ പള്ളിയിൽ വച്ച് നടന്ന മാതൃ-പിതൃവേദി വാർഷിക സംഗമത്തിൽ അതിരൂപതാ ഡയറക്ടർ പ്രവാസി അപ്പോസ്തലേറ്റിനെപ്പറ്റി ക്ലാസ്സെടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ ബ്രൗഷറുകൾ വിതരണം ചെയ്തു.

7. അന്നേദിവസം എസ്.ബി. കോളേജ് കാവുകാട്ടുഹാളിൽ നടത്തിയ കുടുംബ സംഗമത്തിൽ അതിരൂപതാ ഡയറക്ടർ പ്രവാസി അപ്പോസ്തലേറ്റിനെപ്പറ്റി ക്ലാസ്സെടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ ബ്രൗഷറുകൾ വിതരണം ചെയ്തു.

8. 16.12.19-ൽ ആലപ്പുഴയിൽ നടന്ന കർഷകരക്ഷാ സംഗമത്തിൽ കർഷകർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഡയറക്ടറോടൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങളും സംഗമത്തിൽ പങ്കെടുത്തു.

9. വിവാഹഒരുക്കസെമിനാറുകളിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ആവേ മരിയ ടൂറിസം ഗ്രൂപ്പിനെപ്പറ്റിയും ക്ലാസ്സെടുത്തു.

പ്രവാസി അപ്പസ്തൊലേറ്റിന്റെ സേവനങ്ങളെ പൊതുജനങ്ങൾക്കു പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി എസ്.ബി. കോളേജിൽ മീഡിയ വില്ലേജും ചാരിറ്റി വേൾഡും നേതൃത്വം വഹിക്കുന്ന മെഗാമേളയിൽ പ്രവാസി അപ്പസ്തൊലേറ്റിന്റെ സ്റ്റാൾ ഡിസംബർ 21 മുതൽ 29 വരെ നടത്തി. വളരെ നല്ല പ്രതികരണം ഇതിനോടകം ലഭിച്ചുകഴിഞ്ഞു. ഇതിലൂടെ കൂടുതൽ എൻക്വയറികൾ ലഭിച്ചിട്ടുണ്ട്.

## ആവേമരിയ

ഒക്ടോബർ 28നും നവംബർ 12നും യാത്ര പുറപ്പെട്ട സംഘം ആവേമരിയയുടെ ശുശ്രൂഷാസംവിധാനത്തിൽ പൂർണ്ണ തൃപ്തരായി മടങ്ങിയെത്തി. ഡിസംബർ 15ന് ഡയറക്ടറോടൊപ്പം വിശുദ്ധനാട് തീർത്ഥാടനം നടത്തിയ 48 പേരുടെ സംഘം 27-ാം തീയതി മടങ്ങിയെത്തി. കേരളത്തിലുള്ള വിനോദനയാത്രാ ട്രിപ്പുകളുടെ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. ഭാരതയാത്രകൾക്കായി ഒരു സംഘം തയ്യാറെടുത്തുവരുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

*NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണി വരെ. വിളിക്കേണ്ട നമ്പർ : 9207470117*
*E-mai: pravasiapostolate50@gmail.com*

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

''എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും അവർ കഴുകനെപോലെ ചിറകടിച്ചുയരും അവർ ഓടിയാലും ക്ഷീണിക്കുകയില്ല നടന്നാൽ തളരുകയില്ല'' (ഏശയ്യാ 40: 31 ).

പുതുവത്സരത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഈ കാലയളവിൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയം അർപ്പിക്കാം. ലോകത്തിന്റെ ലഹരികളിൽ നിന്ന് പരുന്തിനെ പോലെ ചിറകടിച്ചുയരാം. നമ്മുടെ കുടുംബത്തെയും വ്യക്തിജീവിതങ്ങളെയും നശിപ്പിക്കുന്ന എല്ലാത്തരം ലഹരിയിൽ നിന്ന് മോചിതരായി നന്മയുടെ ജീവിതം നയിക്കാൻ ഈ പുതുവത്സരത്തിൽ നമുക്ക് പരിശ്രമിക്കാം.

**ഫാ. ജോസ് പുത്തൻചിറ**

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും ബുധനാഴ്ച ഇരവുചിറയിലും വ്യാഴാഴ്ച അതിരമ്പുഴയിലും വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ചികിത്സ നല്കി വരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്.

## ബോധവത്ക്കരണക്ലാസ്സ്

സെന്റ് ആൻഡ്രൂസ് ചർച്ച് പനപ്പാലം, കാഞ്ഞിരപ്പള്ളിയിൽ വച്ച് കുടുംബ ആരോഗ്യവും ലഹരിയും എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. റ്റി.എം. മാത്യു ക്ലാസ്സ് നയിച്ചു. കൂടാതെ അസംപഷൻ കോളജ്, പാത്താമുട്ടം Eng. കോളജിലും ലഹരിക്കെതിരെയുള്ള ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു.

## സപ്പോർട്ട് എ ചൈൽഡ്

നിത്യ രോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനു സാമ്പത്തിക സഹായം നല്കി ഈ പദ്ധതി മുന്നോട്ടു പോകുന്നു. മാസത്തിലെ മൂന്നാം ശനിയാഴ്ച പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിലും, നാലാം ശനിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ഇവർ ഒന്നിച്ചുകൂടുകയും റ്റി.എം മാത്യു ക്ലാസ്സ് നടത്തുകയും . സാമ്പത്തിക സഹായവും, ന്യൂട്രിഷ്ൻ കിറ്റ് വിതരണവും നടത്തുകയും ചെയ്തു. ഉച്ചഭക്ഷണത്തോടെ സമ്മേളനം സമാപിപ്പിക്കുകയും ചെയ്തു. സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിൽ സാമ്പത്തിക സഹായം നല്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു, പ്രാർത്ഥിക്കുന്നു.

## ലഹരി വിമുക്ത വിശുദ്ധീകരണ ധ്യാനം

കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ ഡിസംബർ 30 വ്യാഴം ഉച്ചകഴിഞ്ഞ് മുതൽ ജനുവരി 2 ഞായർ വരെ ധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന്റെ അവസരത്തിൽ ലഹരിക്കെതിരെ നിങ്ങേണ്ടതിന്റെ ആവശ്യകതയും അതു വരു

*ശേഷം പേജ് 72-ൽ*

## സംയുക്ത എക്സിക്യൂട്ടീവ് യോഗം

ചങ്ങനാശേരി അതിരൂപതാ DCMS, DCYL, DCVS ന്റെ സംയുക്ത എക്സിക്യൂട്ടീവ് യോഗം 1/12/19 ഞായറാഴ്ച 2 p.m. ന് പാസ്റ്ററൽ സെന്ററിൽ നടന്നു. 2020-2021 ലെ പ്രവർത്തനവർഷത്തേയ്ക്കുള്ള പ്രവർത്തനപരിപാടികൾ DCMS, DCVS, DCYL സെക്രട്ടറിമാർ അവതരിപ്പിക്കുകയും സംയുക്തകമ്മറ്റി അംഗീകരിക്കുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കലിന്റെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് സിജോ ജേക്കബ് അദ്ധ്യക്ഷതവഹിച്ചു. DCMS സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും ജോ. സെക്രട്ടറി ജസ്സി ജോൺ കൃതജ്ഞതയും പറഞ്ഞു. 4:30 p.m.ന് യോഗം സമാപിച്ചു.

## ജനറൽ കൗൺസിൽ

DCMS, DCYL, DCVS എന്നിവയുടെ സംയുക്ത ജനറൽ കൗൺസിൽ 22/12/19 ഞായർ 2 p.m. മുതൽ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കലിന്റെ നേതൃത്വത്തിൽ സന്ദേശനിലയം ഹാളിൽ നടക്കും. 2020-2021 വർഷത്തേയ്ക്കുള്ള സംയുക്ത പ്രവർത്തനപരിപാടികൾക്ക് രൂപതാ കൗൺസിലിന്റെ അംഗീകാരത്തിനുവേണ്ടി അവതരിപ്പിക്കും. രൂപതാ, ഫൊറോനാ, യൂണിറ്റ് ഭാരവാഹികളും കൗൺസിൽ അംഗങ്ങളും പങ്കെടുക്കും.

ക്രിസ്തുമസ്സ് നവവത്സരാശംസകളോടെ,

| | |
|---|---|
| **മാത്യു ജോസഫ്** | **ഫാ. ജോൺസൺ ചാലയ്ക്കൽ** |
| (ജ. സെക്രട്ടറി) | (ഡയറക്ടർ) |

---

*ആത്മതാകേന്ദ്രം തുടർച്ച....*

ത്തുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ ക്ലാസ് നയിച്ചു.

ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ധ്യാനത്തിന് നേതൃത്വം നല്കി. ഡോ. പരമേശ്വര ക്കുറുപ്പ് ഹോമിയോ മരുന്ന് നല്കി. ലഹരി വിമുക്തി ആഗ്രഹിക്കുന്നവർക്ക് പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും വിമുക്തിയുടെ മാർഗ്ഗം തുറക്കാൻ എല്ലാ മാസത്തിലും കുന്നന്താനം പ്രൊവിഡൻസ് റിന്യുവൽ സെന്ററിൽ വച്ച് ധ്യാനം നടത്തുന്നു. ജനുവരി മാസത്തെ ധ്യാനം 23 മുതൽ 26 വരെ നടത്തുന്നു. മേൽവിലാസവും, ഫോൺ നമ്പരും താഴെ ചേർക്കുന്നു.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം, തിരുവല്ല
ഫോൺ നമ്പർ : 0469 2693413, 2690414, 9495193406

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി അതിരൂപത കമ്മീസിയത്തിന്റെ 2019-ലെ ഡിസംബർ സമ്മേളനം പ്രാർത്ഥനാദിനമായി, പരിശുദ്ധ അമലോത്ഭവമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് മരിയൻ തീർത്ഥാടനകേന്ദ്രമായ പാറേൽപള്ളിയിൽ 1.12.19 ൽ നടത്തപ്പെട്ടു. ഏകദേശം 500 പേർ സന്നിഹിതരായിരുന്നു.

രാവിലെ 9:30 നുതന്നെ രൂപതയിലുള്ള വിവിധ പ്രസീദിയങ്ങളിലെ എല്ലാ സൈനികരുംതന്നെ ലീജിയന്റെ യൂണിഫോം (Blue & White) ൽ എത്തിച്ചേർന്നു. ലീജിയന്റെ ആത്മീയനിയന്താവായ ബഹു. ജോജോ പുതുവേലിൽ അച്ചൻ സൈനികരെ സ്വീകരിക്കുകയും അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. ജപമാല പ്രാർത്ഥനയ്ക്കുശേഷം വിശുദ്ധ കുർബാനയ്ക്ക് സൈനികർ സജ്ജീവമായി പങ്കെടുത്തു. Fev. Fr. പീറ്റർ കുമ്പിയ്ക്കൽ OFM Cap. ആയിരുന്നു കാർമ്മികൻ. അതിനുശേഷം ബഹുമാനപ്പെട്ട ജോജോ അച്ചന്റെ നേതൃത്വത്തിൽ രൂപതയുടെ വിവിധ ആവശ്യങ്ങൾ സമർപ്പിച്ചുകൊണ്ടുള്ള ദിവ്യകാരുണ്യ ആരാധന നടന്നു. പാറേൽപള്ളി നിറയെ സൈനികരെക്കൊണ്ടു നിറഞ്ഞത് ശ്രദ്ധേയമായിരുന്നു. ഓഡിറ്റോറിയത്തിൽ ക്രമീകരിച്ചിരുന്ന ഉച്ചഭക്ഷണത്തിനുശേഷം പാറേൽപള്ളി അസി. വികാരി ബഹു. ജോസഫ് ചമ്പക്കുളം അച്ചൻ മുഖ്യപ്രഭാഷണം നടത്തി. ജപമാലയുടെ പ്രാധാന്യം, നന്മനിറഞ്ഞ മറിയമെ എന്ന പ്രാർത്ഥനയുടെ ശക്തിയും ആഴവും അച്ചൻ വിശദീകരിച്ചു. പരിശുദ്ധ അമ്മ ഗുരുഭൂതയാണ്, അദ്ധ്യാപികയാണ് എന്നും ശരീരത്തെ നിയന്ത്രിക്കുവാൻ സാധിക്കാത്തവർക്ക് മനസ്സിനെ നിയന്ത്രിക്കുവാനോ ആത്മീയതയിൽ വളരുവാനോ സാധിക്കുകയില്ല എന്ന് അച്ചൻ തന്റെ പ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. ലീജിയൻ ഓഫ് മേരി സഭയുടെ നിധിയാണെന്ന് അച്ചൻ വിശേഷിപ്പിച്ചു.

പിന്നീട് ലീജിയന്റെ തെസ്സേരാ പ്രാർത്ഥനകൾ ചൊല്ലിയശേഷം ബഹു. ജോജോ അച്ചന്റെ കാർമ്മികത്വത്തിൽ റംശാപ്രാർത്ഥനചൊല്ലി, കൊടിയേറ്റ് കർമ്മത്തിൽ പങ്കെടുത്ത് 4:30 യോടുകൂടി പരസ്പരം സ്തുതികൊടുത്ത് അംഗങ്ങൾ സ്വഭവനങ്ങളിലേയ്ക്ക് പോയി.

കമ്മീസിയത്തിനുവേണ്ടി,

**ഫാ. ജോജോ പുതുവേലിൽ**
ആദ്ധ്യാത്മീക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ. കണ്ണമ്പള്ളി**
(സെക്രട്ടറി)

*(Secular Franciscan Order - SFO)*
**"സമാധാനം - സൗഭാഗ്യം"**

പ്രിയ സഹോദരീസഹോദരന്മാരേ,

പുതിയ ഒരു വർഷംകൂടി കടന്നുവന്നിരിക്കുകയാണല്ലോ. വിശ്വാസത്തോടും പ്രതീക്ഷയോടും കാരുണ്യത്തോടും ഉത്തരവാദിത്വബോധത്തോടും 2020-നെ നമുക്കു വരവേല്ക്കാം. കൂടുതൽ സ്നേഹത്തോടും തീക്ഷ്ണതയോടുംകൂടി ഈ നവവർഷത്തിലെ പ്രവർത്തനങ്ങളിൽ കർമ്മനിരതരാകാം. പുതുവർഷത്തിന്റെ എല്ലാ മംഗളങ്ങളും പ്രാർത്ഥനാപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു. കാരുണ്യവാനായ ദൈവം നമുക്ക് നിരവധിയായ അനുഗ്രഹങ്ങൾ ചൊരിഞ്ഞ വർഷമായിരുന്നല്ലോ കടന്നുപോയത്. പ്രളയജലത്താൽ മുഴുവനായും നശിച്ചുപോകേണ്ട ഒരു ജനതയെ ദൈവം തന്റെ കരങ്ങളാൽ താങ്ങി നടത്തിയതിന് പ്രത്യേകം നന്ദിപറയാം. ഒപ്പം SFO അതിരൂപതാവാർഷികം ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 111-ാം ചരമവാർഷികാചരണം, നോമ്പുകാലപീഢാനുഭവപദയാത്ര, റീജണൽ സെമിനാറുകൾ, SFO യുടെ ഭ്രാതൃത്വ, റീജൺ, അതിരൂപതാതല തെരഞ്ഞെടുപ്പുകൾ, തൊമ്മച്ചൻ സ്മാരക ക്വിസ്മത്സരം, എന്നിവയൊക്കെ ഭംഗിയായി നടത്തുവാൻ സാധിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ SFO അംഗങ്ങൾ കൂടുതൽ ഫ്രാൻസിസ്ക്കൻ സാഹോദര്യത്തിലും ചൈതന്യത്തിലും ജീവിക്കുന്നതിന് പോയവർഷത്തിൽ സാധിച്ചു എന്നതിൽ നമുക്ക് ആഹ്ളാദിക്കാം. കഴിഞ്ഞ വർഷങ്ങളിലെ ജീവിതത്തിലും പ്രവർത്തനങ്ങളിലും എന്തെങ്കിലും പോരായ്മകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ അവ തിരുത്തി സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവിഷ്ടം നിറവേറ്റി തിരുവചന അടിസ്ഥാനത്തിലും വി. ഫ്രാൻസീസിന്റെ വിശ്വസാഹോദര്യത്തിലൂടെ ജീവിക്കുന്നതിന് നമുക്ക് പ്രതിജ്ഞയെടുക്കാം.

## SFO ചങ്ങനാശേരി അതിരൂപതയ്ക്ക് പുതിയ നേതൃത്വനിര

2019 നവംബർ 30-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് SFO ചങ്ങനാശേരി അതിരൂപതാ കമ്മറ്റിയുടെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി. ഉച്ചകഴിഞ്ഞ് 3 മണിയോടുകൂടി SFO ഭ്രാതൃത്വ, റീജൺ, അതിരൂപതാ ഭാരവാഹികൾ വാഴപ്പള്ളി ഗെത്സെമനി ആശ്രമദൈവാലയത്തിൽ ഒത്തുകൂടി ദിവ്യകാരുണ്യ ആരാധന അർപ്പിച്ചു. ശ്രീമതി ലില്ലിക്കുട്ടി തോമസ് ആയല്ലൂർ, എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് എന്നിവർ ആരാധന നയിച്ചു. തുടർന്ന് തെരഞ്ഞെടുപ്പ് മീറ്റിംഗ് SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. സെക്രട്ടറി എത്സമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് SFO അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ അനുഗ്രഹപ്രസംഗം നടത്തുകയും തെരഞ്ഞെടുപ്പ് ക്രമീകരണങ്ങളെക്കുറിച്ചും തെരഞ്ഞെടുക്കപ്പെടേണ്ടവരെക്കുറിച്ചും വോട്ടു ചെയ്യേണ്ടതിനെക്കുറിച്ചും വിശദമായി വിവരിച്ചുകൊണ്ട് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

### പുതിയ ഭാരവാഹികൾ

പ്രസിഡന്റ് - വി.സി. അലക്സ് വലിയപറമ്പിൽ, മാടപ്പള്ളി; വൈസ്പ്രസിഡന്റ് -

പി.റ്റി. തോമസ് പുന്നശ്ശേരി, വാഴപ്പള്ളി; സെക്രട്ടറി - അന്നമ്മ ഫിലിപ്പ് എടത്വാ, ട്രഷറർ - ആന്റപ്പൻ എ.ജെ. ആട്ടോക്കാരൻ, തായങ്കരി; ഫോർമേറ്റേഴ്സ് - സിബിച്ചൻ സ്രാങ്കൻ, നാലുകോടി; ജോർജ്ജ് കെ.എ. കിഴക്കേക്കര, ചാഞ്ഞോടി; കുഞ്ഞുമോൾ ലാലി കണിച്ചേരിൽ, മുട്ടാർ; കൗൺസിലേഴ്സ് - എം.റ്റി. ജോസഫ് മാക്കാട്ടിൽ, വെട്ടിമുകൾ; ഷേർലി ബോബൻ മുറിയായ്ക്കൽ, കുറിച്ചി; സിസിലി ജോസ് സ്രാമ്പിക്കൽ, മാടപ്പള്ളി; എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട്, കുറുമ്പനാടം; ചാക്കോ ജോയി കൊല്ലാപറമ്പിൽ, പൂന്തോപ്പ്; ത്രേസ്യാമ്മ ഫ്രാൻസീസ് പുതുപ്പറമ്പിൽ, പൂന്തോപ്പ്; സാബു കരിക്കംപള്ളിൽ, എടത്വാ; ലാലി ജോസ് കണിച്ചേരിൽ, മുട്ടാർ എന്നിവരാണ്. SFO ചങ്ങനാശേരി അതിരൂപതയുടെ പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേർന്നുകൊണ്ട് 2019 ഡിസംബർ 6-ാം തീയതി നാലുകോടിയിൽ നടക്കുന്ന SFO അതിരൂപതാ വാർഷികത്തിനുശേഷം അനുയോജ്യമായ ഒരു ദിവസം കണ്ടെത്തി പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണവും സത്യപ്രതിജ്ഞയും നടത്തുമെന്ന് തോമസ് വെട്ടിക്കാലായിൽ അച്ചൻ അറിയിച്ചു. തുടർന്ന് അച്ചന്റെ സമാപന ആശീർവാദത്തോടെ മീറ്റിംഗ് പിരിഞ്ഞു.

## SFO അതിരൂപതാ വാർഷികവും വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും

SFO ചങ്ങനാശേരി അതിരൂപതാ വാർഷികവും വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളും 2019 ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3:45 വരെ നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽവെച്ച് സമുചിതമായി ആചരിച്ചു. രാവിലെയുള്ള അംഗങ്ങളുടെ രജിസ്ട്രേഷനുശേഷം SFO അംഗങ്ങൾ ദൈവാലയത്തിൽ ഒത്തുചേർന്ന് വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗ്ഗപ്രവേശാനുസ്മരണ പ്രാർത്ഥനനടത്തി. തുടർന്ന് ഇടവകവികാരി ബഹു. ആന്റണി കിഴക്കേവീട്ടിൽ അച്ചൻ തിരുനാൾ കൊടിയേറ്റുകർമ്മം നിർവ്വഹിച്ചു. പിന്നീട് കമനീയമായി അലങ്കരിച്ച പാരീഷ് ഹാളിൽവെച്ച് സെമിനാർ ക്ലാസ് നടത്തി. "കുടുംബജീവിതം ഫ്രാൻസിസ്ക്കൻ പാതയിൽ" എന്ന വിഷയത്തിൽ അതിരൂപത ഉന്നത വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ ബഹു. പ്രൊഫ. പി.സി. അനിയൻകുഞ്ഞ് ക്ലാസ് നയിച്ചു. തുടർന്ന് 11:45 ന് SFO വാർഷികസമ്മേളനം ആരംഭിച്ചു. SFO അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. തോമസ് വെട്ടിക്കാലായിൽ OFM Cap. സ്വാഗതം ആശംസിച്ചു. SFO അതിരൂപതാ പ്രസിഡന്റ് സിബിച്ചൻ സ്രാങ്കൽ അദ്ധ്യക്ഷതവഹിച്ചു. ചങ്ങനാശേരി അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. തോമസ് പാടിയത്ത് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. SFO അതിരൂപതാ സെക്രട്ടറി എത്സമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടി പോസ്റ്റുലേറ്റർ റവ. ഫാ. സിബിച്ചൻ പുതിയിടം OFM Cap. മുഖ്യപ്രഭാഷണം നടത്തി. വികാരി റവ. ഫാ. ആന്റണി കിഴക്കേവീട്ടിൽ, F.C.C. പ്രൊവിൻഷ്യാൾ റവ. സി. ലിസാമരിയ F.C.C., അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക്ക് ജോസഫ്, അസിസ്റ്റന്റ് വികാരി റവ. ഫാ. തോമസ് തുരുത്തുമാലിൽ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പ്രസ്തുത സമ്മേളനത്തിൽ പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന വികാരി ജനറാൾ റവ. ഫാ. തോമസ് പാടിയത്തിനെയും വികാരി ആന്റണി കിഴക്കേവീട്ടിൽ അച്ചനെയും ആദരിച്ചു. സമ്മേളനത്തിന് SFO അതിരൂപതാ വൈസ്പ്രസിഡന്റ് പ്രമോദ് പി.

ജോസഫ് പുതുപ്പറമ്പിൽ കൃതജ്ഞതയർപ്പിച്ചു. 1:30 മണിയോടുകൂടി വാർഷിക സമ്മേളനം സമാപിച്ചു. തുടർന്ന് ഉച്ചഭക്ഷണത്തിനായി പിരിഞ്ഞു. ഉച്ചകഴിഞ്ഞ് 2:30 ന് തിരുനാൾ കുർബാനയ്ക്കായി അംഗങ്ങൾ ദൈവാലയത്തിൽ ഒത്തുകൂടി. വി. കുർബാനയ്ക്ക് തൃക്കൊടിത്താനം ഫൊറോനാവികാരി റവ. ഫാ. ഫ്രാൻസിസ് കാരിവേലിൽ കാർമ്മികനായിരുന്നു. കുർബാനമധ്യേ അദ്ദേഹം തിരുനാൾ സന്ദേശം നൽകി. കുർബാനയ്ക്കുശേഷം വി. ഫ്രാൻസിസിന്റെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണവും നടത്തി. സമാപന ആശീർവാദത്തോടെ വാർഷിക പരിപാടികൾ സമംഗളം പര്യവസാനിച്ചു. ഈ വാർഷിക പരിപാടികൾ ഏറ്റെടുത്ത നാലുകോടി സെന്റ് തോമസ് ഇടവകവികാരി ആന്റണി കിഴക്കേവീട്ടിൽ അച്ചനും സെന്റ് തോമസ് ഭ്രാതൃത്വത്തിലെ ഭാരവാഹികൾക്കും അംഗങ്ങൾക്കും കൈക്കാരന്മാർക്കും കൊച്ചച്ചനും വിവിധ ഇടവകകളിൽനിന്നും വന്നുസഹകരിച്ച എല്ലാ SFO അംഗങ്ങൾക്കും നന്ദിപറഞ്ഞുകൊള്ളുന്നു.

## നിര്യാതയായി

SFO നെടുങ്കുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ ഭ്രാതൃത്വത്തിലെ സീനിയർ അംഗം പ്രക്കാട്ട്മറ്റം ത്രേസ്യാമ്മ ജോസഫ് (92) നിര്യാതയായി. SFO നേതൃത്വാംഗങ്ങൾ പരേതയുടെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും ഒപ്പീസ് ചൊല്ലുകയും സംസ്ക്കാരകർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. പരേതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കണമെ!

പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിന്റെ സ്നേഹാനുഗ്രഹങ്ങൾ ഈ പുതുവർഷത്തിൽ നിങ്ങൾക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. തോമസ് വെട്ടിക്കാലായിൽ** OFM. Cap.
SFO അതിരൂപതാ Spiritual Assistant

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

പുതുവർഷത്തെ 'സ്ഥാപകന്റെ അരൂപി വീണ്ടെടുക്കുക' എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് നമുക്ക് വരവേല്ക്കാം. 'ഒരു നല്ല തുടക്കം പകുതി കാര്യങ്ങൾ ചെയ്തുതീർക്കും' എന്നു പറയുന്നതുപോലെ പുതിയ തലമുറയെ നമ്മിലേക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങളായിരിക്കട്ടെ 2020 ലെ നമ്മുടെ ആദ്യ ലക്ഷ്യം. ഫ്രെഡറിക് ഓസാനാം യേശുവിലൂടെ ഇന്നും ജീവിക്കുന്നു. വിൻസെന്റ് ഡി പോൾ സംഘടനയിലൂടെ അദ്ദേഹം സമാരംഭിച്ച കരുണയുടെ ഓളങ്ങൾ ഇന്ന് എല്ലാ ഭൂഖണ്ഡങ്ങളിലും ചെന്നെത്തിയിരിക്കുന്നു. തങ്ങളുടെയും മറ്റുള്ളവരുടെയും നിത്യരക്ഷ ലക്ഷ്യമായി നീങ്ങുന്ന വിൻസെൻഷ്യൻ പ്രവർത്തകർ, ഭക്ഷണമില്ലാത്തവർക്ക് ഭക്ഷണം നല്കിയും, നഗ്നരെ ഉടുപ്പിച്ചും കയറിക്കിടക്കാൻ ഇടമില്ലാത്തവർക്ക് ഭവനം നിർമ്മിച്ചും സമയത്തിന്റെയും സമ്പത്തിന്റെയും ഒരോഹരി സന്തോഷപൂർവ്വം പങ്കുവച്ചും തങ്ങളുടെ ജൈത്രയാത്ര തുടരുകയാണ്. നിത്യതയിലേക്കുള്ള യാത്രക്കിടയിൽ ഒറ്റയാനായി നീങ്ങാതെ കൂടെയുള്ളവരെയും അങ്ങേയറ്റം പരിഗണിച്ച് നീങ്ങുന്ന ഒരു തീർത്ഥാടനസംഘമായി നമുക്ക് മുമ്പോട്ടുപോകാം. കരയുന്നവരുടെ കണ്ണീരൊപ്പി, അവരെ 'സഹോദരാ' എന്നുവിളിച്ച് തങ്ങളാലാകുന്ന സഹായം നല്കി നമുക്ക് യേശുനാഥനു സാക്ഷ്യംവഹിക്കാം. വിശുദ്ധ വിൻസെന്റ് ഡി പോളിൽനിന്ന് പരസ്നേഹത്തിന്റെ ഉദാത്തമാതൃക സ്വീകരിച്ച് യൗവനത്തിൽതന്നെ നിത്യതയിലേക്കു മറഞ്ഞുപോയ ഫ്രഡറിക്ക് ഓസാനാം എന്നും നമ്മുടെ വഴികാട്ടിയായിരിക്കട്ടെ.

പ്രിയപ്പെട്ടവരെ, നമുക്ക് പരസ്പരം സ്നേഹിക്കാം, എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നും ജനിച്ചവനാണ്. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്. അതുകൊണ്ടുതന്നെ ഒരു യഥാർത്ഥ വിൻസെൻഷ്യൻ പ്രവർത്തകൻ യാതൊരു ഭൗതീക പ്രതിഫലവും പ്രതീക്ഷിക്കാതെ സമൂഹത്തിന്റെ അംഗീകാരമോ ലോകം നല്കുന്ന പ്രശംസയോ നോക്കാതെ വിനീതദാസനായി സന്തോഷത്തോടെ തങ്ങളുടെ പ്രവർത്തനങ്ങളിൽ മുഴുകുന്നു. കത്തോലിക്കാ വിശ്വാസത്തിൽനിന്നും കൂദാശകളിൽനിന്നും ഊർജ്ജവും കരുത്തും സ്വീകരിച്ച് നമ്മുടെ സംഘടന മുമ്പോട്ടുപോകുന്നു. യേശുവിൽ ഒന്നായി, അവന്റെ സ്നേഹവും കരുണയും ഹൃദയത്തിൽനിറച്ച് എളിയവരിൽ എളിയവനായി നമുക്കവന്റെ കരുണയുള്ള മുഖവും കരങ്ങളുമായി പ്രവർത്തിക്കാം.

വിശുദ്ധ വിൻസെന്റ് ഡി പോളിനെക്കുറിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ എഴുതിയ ഏതാനും വാചകങ്ങൾ ചുവടെ ചേർക്കുന്നു. 'വി. വിൻസെന്റ് ഡി പോൾ ഒരിക്കലും നേതാവോ, ജേതാവോ ആകാൻ ആഗ്രഹിച്ചില്ല.'; 'അദ്ദേഹം എന്നും പുരോഗമിച്ചുകൊണ്ടിരുന്നു, വളർന്നുകൊണ്ടിരുന്നു. ദൈവത്തോടും തന്നോടുതന്നെയും തുറവിയുള്ളവനാകാൻ യത്നിച്ചുകൊണ്ടിരുന്നു.'; 'ഒരു ഇടയൻ എന്ന നിലയിൽ അദ്ദേഹം ഓരോ ദരിദ്രരിലും വളരെ സവിശേഷമായ വിധത്തിൽ നല്ല ഇടയനായ യേശുവിനെ കണ്ടുമുട്ടി. അദ്ദേഹം ഇതിനായി

വളരെ ലളിതമായ രീതിയാണ് സ്വീകരിച്ചത്. ആദ്യം സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം സംസാരിച്ചു. തുടർന്ന് വളരെ ലളിതവും ശ്രോതാക്കൾക്ക് മനസിലാകുന്ന സാധാരണ ഭാഷയിലൂടെ അതു നടത്തി.'; 'സഭയിൽ വലിയൊരു ആവേശം ഉണർത്തുവാൻ പരിശുദ്ധാത്മാവ് അദ്ദേഹത്തെ ഉപകരണമാക്കി. മനുഷ്യ ആസ്തിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളിലേയ്ക്കുപോകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ കഴിവുകൾ പ്രകടമാക്കുവാനല്ല, പാവപ്പെട്ടവരുടെ പിതാവായ കർത്താവിന്റെ ആത്മാവിനെ പ്രകടമാക്കുവാൻ വേണ്ടി.' (പരിശുദ്ധ പിതാവിന്റെ 2016 ലെ സന്ദേശത്തിൽനിന്നും)

വീണ്ടും വിശുദ്ധ വിൻസെന്റ് ഡി പോളിലേയ്ക്ക് തിരിഞ്ഞാൽ, അദ്ദേഹം പറഞ്ഞതുപോലെ ഉപവി ഒരു പുഷ്പമാണെങ്കിൽ സൗഹാർദ്ദം അതിന്റെ പരിമളമാണ്. സഭയോടും സൊസൈറ്റിയോടും പാവങ്ങളോടുമുള്ള വിശ്വസ്തത ഉറപ്പാക്കുവാൻ പ്രാർത്ഥന അത്യാവശ്യമാണ്. വിശുദ്ധ കൂദാശകൾ സ്വീകരിച്ച് കൃപാവരത്തോടെ പ്രവർത്തനമണ്ഡലങ്ങളിലേയ്ക്കുപോകണം, ത്യാഗമനോഭാവത്തോടെ നാം ദാനധർമ്മങ്ങൾ ചെയ്യണം. ദാരിദ്ര്യവും ദുഃഖവും പിണക്കവും തീർക്കുന്നവരാകണം.

ഉപവിപ്രവർത്തനങ്ങളെ ദൈവവിളിയായി കണക്കാക്കി ഈശോയുടെ സ്നേഹം ദരിദ്രരായ നമ്മുടെ സഹോദരങ്ങൾക്ക് ധാരാളമായി നല്കുവാനും നിത്യരക്ഷ ഉറപ്പാക്കുവാനും പരിശ്രമിക്കണം.

സി.സി. മീറ്റിംഗ്

അടുത്ത സി.സി. മീറ്റിംഗ് നേരത്തെ അറിയിച്ചിരുന്നതുപോലെ 2020 ജനുവരി 11-ാം തീയതി (2-ാം ശനി) രാവിലെ 9:30 ന് ഓഫീസിൽ കൂടുന്നതാണ്. മീറ്റിംഗുകളിൽനിന്നും വിട്ടുനില്ക്കുന്ന പ്രവണത ഉപേക്ഷിച്ച് എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേരണം. പുതുവർഷത്തിൽ നടപ്പാക്കേണ്ട കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

അന്തർദേശീയതലത്തിൽ യുവജനങ്ങൾക്കുള്ള പ്രാധാന്യം മനസിലാക്കി സ്ഥാപകപിതാവായ ഓസാനാമിനെപ്പോലെയുള്ള യുവാക്കളെ സൊസൈറ്റിയിലേക്ക് അംഗങ്ങളായി ചേർക്കുവാനും, സുപ്രധാനമായ സ്ഥാനങ്ങളിലേക്ക് അവരെ തിരഞ്ഞെടുക്കുവാനും അവരെ മനസിലാക്കി ഉത്തരവാദിത്വങ്ങൾ ഏല്പിച്ച് സൊസൈറ്റിയെ സജീവമാക്കുവാൻ നമുക്കു സാധിക്കണം. നല്ലവനായ ദൈവം നമ്മെ എല്ലാവരെയും ആശീർവദിച്ച് അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

## മത്സരപരീക്ഷകൾക്കുവേണ്ടിയുള്ള അതിരൂപതാ പരിശീലനകേന്ദ്രം ആരംഭിച്ചു.

Changanacherry Archeparchial Training Institute for Competitive Examinations (CATICE) കാറ്റിസ്– മാർത്തോമ്മാ വിദ്യാനികേതൻ രണ്ടാം നിലയിൽ പ്രവർത്തനം ആരംഭിച്ചു. 16.11.2019 ശനിയാഴ്ച രാവിലെ 9:30ന് പെ. ബഹു. ഫിലിപ്സ് വടക്കേക്കളം പരിശീലനകേന്ദ്രത്തിന്റെ ആശീർവാദം നിർവഹിച്ചു. തുടർന്ന് ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ ഡോ. പി.സി. അനിയൻകുഞ്ഞ് ആമുഖപ്രസംഗം നടത്തി സ്വാഗതം ആശംസിച്ചു. വികാരി ജനറാൾ പെ. ബഹു. വടക്കേക്കളത്തിലച്ചൻ പരിശീലനകേന്ദ്രം ഔദ്യോഗികമായി തുറന്നു നൽകി. ഡോ. രാജൻ കെ. അമ്പൂരി, യുവദീപ്തി എസ്.എം.വൈ.എം. ഡപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ എന്നിവർ ആശംസകൾ നേർന്നു. പ്രൊഫ. ജോസഫ് ടിറ്റോ കൃതജ്ഞത പ്രകാശിപ്പിച്ചു.

തുടർന്ന് നടന്ന മാർഗനിർദ്ദേശക ക്ലാസ്സിന് ശ്രീ. ബിജു തോവാള, ശ്രീ. നിഖിൽ ജോൺ എന്നിവർ നേതൃത്വം നൽകി. 2020–ൽ നടക്കുന്ന PSC, LD Clerk, KAS പരീക്ഷകൾക്കുള്ള പരിശീലനക്ലാസ്സുകൾ 30.11.2019 ൽ ആരംഭിച്ചു. ഈ രംഗത്ത് ദീർഘകാല പരിചയമുള്ള വിദഗ്ധർ ക്ലാസ്സുകൾ നൽകിവരുന്നു. ഭാവിയിൽ PSC, SSC, UPSC, RRB തുടങ്ങിയ കമ്മീഷനുകൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് കാറ്റിസ് കേന്ദ്രത്തിൽ പരിശീലനം നൽകുന്നതാണ്.

**റവ. ഡോ. ഫിലിപ്സ് വടക്കേക്കളം**
(വികാരി ജനറാൾ)

**ഡോ. പി.സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)

## 1. സംയുക്ത ക്രിസ്തുമസ് ആഘോഷം

ഭിന്നശേഷിക്കാരായ കുട്ടികളുടെ സംയുക്ത ക്രിസ്തുമസ് ആഘോഷം ചീരഞ്ചിറ ജെ.പി.സി യിൽ ഡിസംബർ 19–ന് നടന്നു. ആശാഭവനിലെയും ജിമ്മി പടനിലം സെന്റർ ഫോർ സ്പെഷ്യൽ നീഡ്സിലെയും ഭിന്നശേഷിക്കാരുടെ സംയുക്ത ക്രിസ്തുമസ് ആഘോഷം എന്തുകൊണ്ടും പുതുമ നിറഞ്ഞതായിരുന്നു. രാവിലെ 10.30–ന് ഉദ്ഘാടന സമ്മേളനത്തോടെ ആരംഭിച്ച ആഘോഷത്തിന് ശേഷം നടന്ന കുട്ടികളുടെ വിവിധ കലാപാരിപാടികൾ കണ്ണിനും, കാതിനും പുതുമ പകരുന്നതായിരുന്നു. പരിപാടികൾക്കു ശേഷം സ്നേഹവിരുന്നും, പരിപാടിയിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനവും നല്കി.

## 2. 100 കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ്

ചങ്ങനാശേരി താലൂക്കിൽ പട്ടിണി കിടക്കുന്ന 100 കുടുംബങ്ങൾക്ക് പ്രതിമാസം ഭക്ഷണ കിറ്റുകൾ കൊടുക്കുന്ന 'പട്ടിണിരഹിതഭവനം' പദ്ധതിയുടെ രണ്ടാംഘട്ട ഉദ്ഘാടനം ഡിസംബർ 7–ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ചീരഞ്ചിറ ജിമ്മി പടനിലം സെന്ററിൽ വച്ച് നടത്തപ്പെട്ടു. സി.എഫ്. തോമസ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച സമ്മേളനത്തിന് ആശംസകൾ നേർന്ന് ചങ്ങനാശേരി എൻ.എസ്.എസ് താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഹരികുമാർ കോയിക്കലും, എസ്.എൻ.ഡി.പി. താലൂക്ക് യുണിയൻ പ്രസിഡന്റ് ശ്രീ. ഗിരീഷ് കോനാടും സംസാരിച്ചു. ശ്രീ. തോമസ് ആലഞ്ചേരിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. സെബാസ്റ്റ്യൻ പുന്നശേരി സ്വാഗതവും ശ്രീ. ജോജോ അറയ്ക്കൽ നന്ദിയും നേർന്നു. തുരുത്തി ആലഞ്ചേരി മറിയാമ്മ-ഫിലിപ്പോസ് മെമ്മോറിയൽ ഫൗണ്ടേഷനാണ് ഇതിനുള്ള ധനസഹായം ചെയ്യുന്നത്.

## 3. കാൻസർ രോഗികൾക്ക് സഹായം

കാൻസർരോഗം മൂലം ദുരിതമനുഭവിക്കുന്ന വ്യക്തികൾക്ക് സാമ്പത്തികമായ സഹായം കൊടുക്കുന്ന 'കാരുണ്യസ്പർശം' എന്ന പദ്ധതിയുടെ മൂന്നാംഘട്ട ഉദ്ഘാടനം നടന്നു. ഡിസംബർ 16–ാം തീയതി തിങ്കളാഴ്ച ജിമ്മി പടനിലം സെന്ററിൽ നടന്ന കാൻസർ രോഗികളുടെ സംഗമം മാടപ്പള്ളി ബ്ലോക്ക് പ്രസിഡന്റ് ശ്രീമതി രാഖി കലേഷ് ഉദ്ഘാടനം ചെയ്തു. റ്റോമിച്ചൻ കുളപ്പുറത്തിന്റെ (അർക്കാഡിയ) സഹായത്തോടെയാണ് സഹായം കൊടുക്കുവാൻ ചാരിറ്റി വേൾഡിന് സാധിക്കുന്നത്. കഴിഞ്ഞ രണ്ടു വർഷവും റ്റോമിച്ചൻ തന്നെയാണ് ഇതിനുള്ള സാമ്പത്തിക സഹായം നല്കിയത്.

## 4. വൃക്കരോഗികൾക്ക് സഹായം

വൃക്കരോഗം മൂലം സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്ന രോഗികൾക്കുള്ള സഹായമാണ് 'കരുതൽ' എന്ന പേരിലുള്ള പദ്ധതി. ഡയാലിസിസ് കിറ്റ് വാങ്ങുവാൻ ബുദ്ധിമുട്ടുള്ള ഈ വൃക്കരോഗികൾക്ക് പ്രതിമാസം 1000 രൂപ വീതമുള്ള ഡയാലിസിസ് കിറ്റ് ചാരിറ്റി വേൾഡിൽ നിന്നും വിതരണം ചെയ്യുന്നു. ഈ പദ്ധതിയുടെ ഉദ്ഘാടനം ഡിസംബർ 5–ാം തീയതി വികാരി ജനറാൾ

വെരി റവ.ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നിർവ്വഹിച്ചു. കഴിഞ്ഞ കുറെ വർഷങ്ങളായി ഉദാരമതികളുടെ സഹായത്തോടെയാണ് ചാരിറ്റി വേൾഡ് ഈ കാരുണ്യപ്രവർത്തി ചെയ്തത്.

## 5. കിടപ്പു രോഗികൾക്ക് സഹായം

ശാരീരികമായ ബുദ്ധിമുട്ടുകൾ, അപകടങ്ങൾ എന്നിവ മൂലം കുടുംബങ്ങളിൽ കിടപ്പു രോഗികളായി കഴിയുന്നവരെ സഹായിക്കുന്ന പദ്ധതിയാണ് 'തണൽ'. ചാരിറ്റി വേൾഡിന്റെ ആരംഭകാലം മുതൽ നടത്തി വരുന്ന പ്രസ്തുത പദ്ധതിയിൽ പ്രതിമാസ സാമ്പത്തിക സഹായം കൊടുക്കുന്നു. ഡിസംബർ 23-ാം തീയതി തിങ്കളാഴ്ച തണൽ എന്ന പദ്ധതിയുടെ മൂന്നാംഘട്ട ഉദ്ഘാടനം രാവിലെ 10.30-ന് ചീരഞ്ചിറയിലെ ജിമ്മി പടനിലം സെന്ററിൽ നടത്തപ്പെട്ടു. സണ്ണി ഇടിമണ്ണിക്കലിന്റെ സഹായത്തോടെയാണ് തണൽ എന്ന പദ്ധതി നടന്നു പോകുന്നത്.

## 6. 30,000 പേർ 5 മണിക്കൂർ തണ്ണീർമുക്കം ക്ലീനായി

ഡിസംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 7 മുതൽ ഉച്ചയ്ക്ക് 12 മണി വരെയുള്ള 5 മണിക്കൂർകൊണ്ട് ചങ്ങനാശേരി ചാരിറ്റി വേൾഡും തണ്ണീർമുക്കം പഞ്ചായത്തും ചേർന്ന് തണ്ണീർമുക്കം ക്ലീനാക്കി. 100 ടൺ പ്ലാസ്റ്റിക് മാലിന്യമാണ് ശേഖരിച്ചത്. ജനകീയ പങ്കാളിത്തത്തോടെയുള്ള ക്ലീനിംഗിന് ജാതി-മത-രാഷ്ട്രീയ ഭേദമന്യേ എല്ലാവരും അണിചേർന്നു. കഴിഞ്ഞ രണ്ടു മാസമായുള്ള പ്രവർത്തനമായിട്ടാണ് 30,000 പേരെ ഇറക്കുവാൻ സാധിച്ചത്. ക്ലീനിംഗിനുശേഷം 12.30-ന് നടന്ന പൊതുസമ്മേളനം മന്ത്രി തിലോത്തമൻ ഉദ്ഘാടനം ചെയ്തു. നാടു ക്ലീനാകുവാൻ മനസ്സ് ക്ലീനാകട്ടെ എന്നതായിരുന്നു മുദ്രാവാക്യം.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ, 9447564836

# ARCHBISHOP MAR MATHEW KAVUKATT SCHOLARSHIP FUND

ആർച്ച് ബിഷപ്പ് മാർ മാത്യു കാവുകാട്ട് സ്കോളർഷിപ്പ് പദ്ധതി പ്രകാരവും, ഇടവകകളിൽ നിന്നുള്ള സ്കോളർഷിപ് പദ്ധതി പ്രകാരവും തിരുവനന്ത പുരം കുറ്റിച്ചൽ ലൂർദ്ദ് മാതാ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കീഴിലുള്ള ലൂർദ്ദ് മാതാ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലേക്കും ലൂർദ്ദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോള ജിയിലേക്കും സംഭാവന നൽകിയ ഇടവകകളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| SL. NO | RECEIPT NO | NAME | AMOUNT |
|---|---|---|---|
| 1 | 1601 | ST. ANTONY'S FORANE CHURCH, KURUMPANADAM | 500000.00 |
| 1 | 1915 | JITTY ANN THOMAS KOLLAKUNNEL ( C/O ST GEORGE CATHOLIC CHURCH THOTTAKADU) | 40000.00 |
| 2 | 1916 | "SNEHA THOMAS ANATHIL PUTHENPURAYIL ( C/O ST GEORGE CATHOLIC CHURCH THOTTAKADU)" | 40000.00 |
| 3 | 1917 | "PROF.GEORGE JOSEPH (LATE) AMBATTU (C/O ST.SEBASTAIN'S CHURCH KODINATTUMKUNNU)" | 40000.00 |
| 4 | 1918 | "REV.FR.PHILIP VAIKATHUKARANVEETIL (C/O ST.SEBASTAIN'S CHURCH KODINATTUMKUNNU)" | 40000.00 |
| 5 | 1920 | REV.FR. TIJOMON P ISSAC MATHILKATHUKUZHY | 40000.00 |
| 6 | 1937 | REV.FR.SHAJI THUMPECHIRAYIL | 25000.00 |
| | | **SCHOLARSHIP FUND** | |
| 1 | 1919 & 1921 | ST.MARYS FORANE CHURCH, PULINKUNNU | 80000.00 |
| 3 | 1922 | LITTILE FLOWER CHURCH, PUNNAVELI | 40000.00 |
| 4 | 1923 | VICAR IMMACULATE CHURCH,KAITHAVANA | 40000.00 |
| 5 | 1924 | LOURDES MATHA CHURCH , ARIVIKUZHY | 40000.00 |
| 6 | 1925 | LOURDES MATHA CHURCH ,PAIPPADU | 40000.00 |
| 7 | 1926 | ST.MARYS CHURCH, ERAVUCHIRA | 40000.00 |
| 8 | 1927 | ST. MARYS CHURCH, MANNAMCHERRY | 40000.00 |
| 9 | 1928 | ST. MARYS FORANE CHURCH,THURUTHY | 40000.00 |
| 10 | 1929 | ST. JOSEPH'S CHURCH, CHAMPAKARA | 80000.00 |
| 11 | 1930 | ST. MARY'S CATHEDRAL, CHANGANACHERRY | 80000.00 |
| 12 | 1931 | ST. THOMAS CHURCH, VADAVATHOOR | 40000.00 |
| 13 | 1932 | ST. JOSEPH'S CHURCH, VEROOR | 80000.00 |
| 14 | 1611 | HOLY MAGI FORANE CHURCH, MANIMALA | 40000.00 |
| 15 | 1612 | NAZARETH CHURCH, KESAVADASAPURAM-TVPM | 80000.00 |
| 16 | 1933 | ST.JOSEPH'S CHURCH, PUSHPAGIRI,THELLAKOM | 80000.00 |
| 17 | 1935 | ST. SEBASTIAN'S CHURCH , CHERUVANDOOR | 80000.00 |
| 18 | 1936 | ASSUMPTION CHURCH, KURUMPANADOM | 40000.00 |
| | | **TOTAL** | **1185000.00** |

പദ്ധതി തുടരുന്നു..............

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



149

# പുരോഹിതൻ: സഭയുടെ വിശ്വാസത്തിന്റെ ശുശ്രൂഷകൻ

(തിരുവചനഭാഗം: ശ്ലീഹ 24,1-27)

പൗലോസ് ദേശാധിപനായ ഫെലിക്സിനു മുമ്പിൽ കുറ്റാരോപണത്തിനു വിധേയനാകുന്നതും അതിനു പൗലോസ് മറുപടി നല്കുന്നതുമായ ഭാഗമാണ് ഈ വചനഭാഗം. പ്രധാനപുരോഹിതനും അഭിഭാഷകനായ തെർത്തുള്ളൂസുംകൂടെ ഫെലിക്സിന്റെ പക്കൽ ഔദ്യോഗികമായി പൗലോസിനെതിരെ പരാതി നല്കുന്നു. പൗലോസ് അതിനു മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ ഫെലിക്സ് വിസ്താരം മാറ്റിവയ്ക്കുകയും പൗലോസിനെ തടവിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം ഇപ്രകാരം വിഭജിക്കാം:

1. പൗലോസിനെതിരെ കുറ്റാരോപണം (24,1-9)
2. പൗലോസ് ആരോപണം നിഷേധിക്കുന്നു (24,10-13)
3. പൗലോസ് തന്റെ നിലപാടു വിശദീകരിക്കുന്നു (24,14-21)
4. വിസ്താരം മാറ്റിവയ്ക്കപ്പെടുന്നു (24,22-23)
5. പൗലോസ് ഫെലിക്സിന്റെ തടങ്കലിൽ (24,24-27)

പൗലോസിന്റെ വിശ്വാസസ്ഥൈര്യമാണ് ഈ ന്യായവാദത്തിൽ പ്രകടമാകുന്നത്. പുരോഹിതൻ 'വിശ്വാസികളുടെ സമൂഹ'മായ (ശ്ലീഹ 4,32) സഭയുടെ ശുശ്രൂഷകനാണ്. സഭാംഗങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കേണ്ടവനാണ്. അതുകൊണ്ട് ഈ വചനഭാഗം പുരോഹിതർക്ക് പ്രചോദനാത്മകമാണ്.

## 1. പുരോഹിതൻ: ദൈവപരിപാലനയിൽ വിശ്വസിച്ച് പ്രതിസന്ധികളെ തരണം ചെയ്യുന്നവൻ

*"അഞ്ചു ദിവസം കഴിഞ്ഞ് പ്രധാനപുരോഹിതനായ അനനിയാസ് ഏതാനും ജനപ്രമാണികളോടും അഭിഭാഷകനായ തെർത്തുള്ളൂസിനോടുംകൂടെ അവിടെയെത്തി. അവർ ദേശാധിപതിയുടെ മുമ്പാകെ പൗലോസിനെതിരായി പരാതിപ്പെട്ടു. അവനെ കൊണ്ടുവന്നപ്പോൾ തെർത്തുള്ളൂസ് ഇങ്ങനെ കുറ്റാരോപണം തുടങ്ങി: അഭിവന്ദ്യനായ ഫെലിക്സേ, നിന്റെ ഭരണത്തിൽ ഞങ്ങൾ വളരെ സമാ*

*ധാനം അനുഭവിക്കുന്നു എന്നതും നിന്റെ പരിപാലനംവഴി ഈ ദേശത്ത് പല പരിഷ്കാരങ്ങളും നടപ്പാക്കപ്പെട്ടിരിക്കുന്നു എന്നതും ഞങ്ങൾ എല്ലായിടത്തും എല്ലായ്പ്പോഴും കൃതജ്ഞതാപൂർവ്വം അംഗീകരിക്കുന്നു''* (24,1-3).

പൗലോസിനെ കേസറിയായിലേക്കു വിട്ട അവസരത്തിൽ സൈന്യാധിപൻ യഹൂദന്മാരോട് അവരുടെ പരാതി ഗവർണറുടെ അടുക്കൽ നേരിട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് അഞ്ചു ദിവസങ്ങൾക്കുശേഷം മഹാപുരോഹിതനും സമുദായനേതാക്കന്മാരിൽ ചിലരും ചേർന്ന് ഒരു അഭിഭാഷകനെയുംകൂട്ടി കേസറിയായിലെത്തി അന്യായം സമർപ്പിച്ചു. സത്യത്തിനു നിരക്കാത്തവിധം ഗവർണറെ ക്രമാതീതമായി പുകഴ്ത്തി അദ്ദേഹത്തിന്റെ ആനുകൂല്യം പിടിച്ചെടുക്കുവാൻ കരുതിക്കൂട്ടി തയ്യാറാക്കിയതായിരുന്നു ആ അന്യായം. പൗലോസിനെതിരായി മൂന്നു പരാതികളാണ് അതിലുന്നയിക്കുന്നത്: 1. റോമാ സാമ്രാജ്യത്തിലെങ്ങുമുള്ള യഹൂദജനങ്ങളുടെയിടയിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച് അവരുടെ സ്വൈര്യജീവിതം നശിപ്പിക്കുന്ന ഒരു വിപ്ലവകാരിയാണ് പൗലോസ്. 2. നസ്രായരെന്നറിയപ്പെടുന്ന ഒരു വിഘടിത ജനവിഭാഗത്തിന്റെ പ്രമുഖനേതാവാണ് അയാൾ (24,5). 3. ദേവാലയത്തെ അശുദ്ധമാക്കാൻ അയാൾ ശ്രമിച്ചു (24,6).

ഈ ആരോപണങ്ങളൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. മൂന്നാമത്തെ പരാതിയുടെ അടിസ്ഥാനം, പട്ടണത്തിൽവച്ച് എഫേസോസുകാരനായ ഒരു വിജാതീയനെ പൗലോസിനോടുകൂടി കണ്ടു എന്നതു മാത്രമായിരുന്നു. പൗലോസ് ഈ സന്ദർഭത്തിൽ ശാന്തമായി വർത്തിക്കുകയും അതോടൊപ്പം ആരോപണങ്ങൾക്ക് മറുപടി പറയാൻ ഒരുങ്ങുകയുമായിരുന്നു. കാരണം, സുവിശേഷപ്രഘോഷണത്തിനു പോകുമ്പോൾ മിശിഹായെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിലേക്കു നയിക്കപ്പെടുമ്പോൾ ''നിങ്ങൾ ആകുലപ്പെടേണ്ടെന്നും, നിങ്ങൾ പറയേണ്ടത് ആ സമയത്ത് നിങ്ങൾക്കു നല്കപ്പെടുമെന്നും, നിങ്ങളിലൂടെ സംസാരിക്കുന്നത് നിങ്ങളുടെ പിതാവിന്റെ ആത്മാവായിരിക്കു''മെന്നും (മത്താ 10,19-20) പൗലോസിനറിയാമായിരുന്നു. അതുകൊണ്ട് ഇപ്രകാരമുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ പുരോഹിതനും, ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് അവയെ ശാന്തമായി നേരിടുവാൻ പഠിക്കണം.

## 2. പുരോഹിതൻ: നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുന്നവൻ

*''ദൈവത്തിന്റെയും മനുഷ്യരുടെയുംനേർക്ക് എല്ലായ്പ്പോഴും, നിഷ്കളങ്കമായ മനസ്സാക്ഷി പുലർത്താൻ ഞാൻ അത്യന്തം ശ്രദ്ധാലുവാണ്. വളരെ വർഷങ്ങൾക്കുശേഷം ഞാൻ വന്നത് എന്റെ ജനത്തിന് ദാനധർമ്മങ്ങൾ എത്തിക്കാനും കാഴ്ചകൾ സമർപ്പിക്കാനുമാണ്. ഞാൻ അതു നിർവഹിക്കുന്നതിനിടയിൽ ശുദ്ധീകരണം കഴിഞ്ഞ് ദൈവാലയത്തിലായിരിക്കുമ്പോഴാണ് ഇവർ എന്നെ കണ്ടത്. എന്റെകൂടെ ജനക്കൂട്ടമൊന്നും ഇല്ലായിരുന്നു; ബഹളമൊന്നും ഉണ്ടായതുമില്ല''* (24,16-18).

പൗലോസ് തന്റെ മറുപടിയിൽ പ്രത്യേകം എടുത്തുപറയുന്ന ഒരു കാര്യം താൻ

ദൈവത്തിന്റെയും മനുഷ്യരുടെയുംമുമ്പിൽ തന്റെ മനസ്സാക്ഷി ശുദ്ധമായിരിക്കാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതാണ്. നല്ല മനസ്സാക്ഷി ശരിയായ വിശ്വാസത്തിൽനിന്നും രൂപംകൊള്ളുന്ന ഒന്നാണ്. മനുഷ്യരുടെ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് അവരുടെ മനസ്സാക്ഷിയാണ്. ശരിയും തെറ്റും വിവേചിച്ചറിയാൻ കഴിവുള്ളത് മനുഷ്യനു മാത്രമാണ്. തന്റെ മനസ്സാക്ഷിക്ക് അനുസൃതമായിട്ടാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നല്ല മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃത്തികളും നല്ലതായിരിക്കും. ചീത്ത മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃത്തികളും ചീത്തയായിരിക്കും.

മനസ്സാക്ഷിക്ക് ശരിയായ രൂപീകരണം കൊടുക്കേണ്ടത് ആവശ്യമാണ്. അതിനനുസൃതമായിട്ടാണ് അതു നല്ലതും ചീത്തയുമാകുന്നത്. അതു രൂപപ്പെടുത്തുന്നതിന് ഒരു മാനദണ്ഡമുണ്ട്. അതു പ്രധാനമായും അയാളുടെ മതപരമായ വിശ്വാസമാണ്. തന്റെ വിശ്വാസത്തിനു പ്രാധാന്യം കൊടുത്തു ജീവിച്ചതുകൊണ്ടാണ് പൗലോസിന് നല്ല മനസ്സാക്ഷിയോടെ ജീവിക്കുവാൻ സാധിച്ചത്. ഈ വിശ്വാസത്തിന്റെ ആധികാരികതയെപ്പറ്റിയാണ് അതിനു തൊട്ടുമുമ്പേ പൗലോസ് പറയുന്നത്: ''നിയമത്തിലും പ്രവചനഗ്രന്ഥങ്ങളിലും എഴുതപ്പെട്ടിരിക്കുന്നവയെല്ലാം ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു'' (24,14). യഹൂദർ വിശ്വസിക്കുന്ന പഴയനിയമവും പ്രവാചകന്മാരും അതിന്റെ പൂർണ്ണത കണ്ടെത്തുന്നത് ക്രിസ്തീയവിശ്വാസത്തിലാണെന്നും അതിൻപ്രകാരം രൂപപ്പെടുത്തപ്പെട്ട നല്ല മനസ്സാക്ഷിയോടെയാണ് താൻ ജീവിക്കുന്നതെന്നുമാണ് പൗലോസ് അവകാശപ്പെടുന്നത്. പുരോഹിതൻ ക്രിസ്തീയവിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തപ്പെട്ട മനസ്സാക്ഷിയുള്ളവനും, അപ്രകാരമുള്ള മനസ്സാക്ഷിയുള്ളവരാകുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യണം.

## 3. പുരോഹിതൻ: ഉത്ഥാനത്തിൽ വിശ്വസിക്കുന്നവൻ

*''എന്നാൽ അവിടെ ഏഷ്യക്കാരായ ചില യഹൂദന്മാരുണ്ടായിരുന്നു. അവർക്ക് എന്റെ പേരിൽ എന്തെങ്കിലും പരാതിയുണ്ടായിരുന്നെങ്കിൽ അവർ നിന്റെ മുമ്പിലെത്തി അതു സമർപ്പിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ഞാൻ ആലോചനാസമൂഹത്തിന്റെ മുമ്പാകെ നിന്നപ്പോൾ എന്തുകുറ്റമാണ് എന്നിൽ കണ്ടെതെന്ന് ഈ നില്ക്കുന്നവർ പറയട്ടെ. മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നതെന്ന് അവരുടെ നടുക്കു നിന്നപ്പോൾ വിളിച്ചു പറഞ്ഞതൊഴികെ മറ്റൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല''* (24,19-21).

യഹൂദ അഭിഭാഷകൻ തനിക്കെതിരായി ഉയർത്തിയ ആരോപണങ്ങൾക്ക് പൗലോസ് മറുപടി പറയുന്നു. വെറും പന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പാണ് പൗലോസ് ജറുസലേമിൽ എത്തിയത്. അതിൽ അഞ്ചു ദിവസം കേസറിയായിൽ ആയിരുന്നു. ബാക്കി ഏഴു ദിവസമേ അദ്ദേഹം ജറുസലേമിൽ ഉണ്ടായിരുന്നുള്ളു. ആ ചെറിയ കാലയളവിൽ നടന്ന കാര്യങ്ങൾ എളുപ്പത്തിൽ അന്വേഷിക്കാവുന്നതാണ്. താൻ ഒരിടത്തും പ്രക്ഷോഭണം ഉണ്ടാക്കിയിട്ടില്ല. താൻ നസ്രായരുടെ കൊള്ളത്തലവനാണെന്ന് പറയുന്നതിൽ കഴമ്പില്ല. യഹൂദമതത്തിന്റെ ഒരു

ഭാഗമായ ക്രിസ്തുമതത്തിന്റെ അനുയായി എന്ന നിലയിലാണ് യഹൂദരെല്ലാം ആരാധിക്കുന്ന ദൈവത്തെ താൻ ആരാധിക്കുന്നതെന്നും പൗലോസ് ബോധിപ്പിച്ചു. യഹൂദനിയമത്തിലും പ്രവാചകന്മാരിലും എഴുതപ്പെട്ടതെല്ലാം പൗലോസും വിശ്വസിക്കുന്നുണ്ട്. യഹൂദരുടെയിടയിലെ ഫരിസേയരെപ്പോലെ പൗലോസ് ഉൾപ്പെട്ട ക്രൈസ്തവരും ദുഷ്ടരുടെയും ശിഷ്ടരുടെയും ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരാണ് (24,11-15).

''മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നത്'' (24,21) എന്ന് പൗലോസ് പ്രത്യേകം എടുത്തുപറയുന്നു. ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനംതന്നെ മിശിഹായുടെ ഉത്ഥാനവും മരിച്ചവരുടെ പുനരുത്ഥാനവുമാണ്. ''മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കൊറി 15,13-14). ഉത്ഥാനത്തിലും അന്ത്യാത്മകയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കാത്ത ഒരു പ്രതിഭാസം ഇന്നു സഭാംഗങ്ങളിൽപോലും കാണപ്പെടുന്നുണ്ട്. ആദ്ധ്യാത്മികാനുഭവങ്ങൾ പലർക്കും ഭൗതികസുസ്ഥിതിയെ പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി പരിണമിക്കുന്നുമുണ്ട്. സുവിശേഷപ്രഘോഷകർപോലും ക്രൈസ്തവജീവിതത്തിന്റെ അന്ത്യാത്മകമാനങ്ങൾ വിസ്മരിക്കുന്നു. അതുകൊണ്ട് പുരോഹിതൻ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവനും അന്ത്യാത്മകയാഥാർത്ഥ്യങ്ങൾ പ്രഘോഷിക്കുന്നവനുമാകണം.

## 4. പുരോഹിതൻ: അനുദിന കുരിശുകൾ ശക്തിയാക്കി മാറ്റുന്നവൻ

*''മാർഗ്ഗത്തെക്കുറിച്ച് കൂടുതൽ നന്നായി അറിയാമായിരുന്ന ഫെലിക്സാകട്ടെ, സഹസ്രാധിപനായ ലീസിയാസ് വന്നിട്ട് നിങ്ങളുടെ കാര്യം ഞാൻ തീരുമാനിക്കാം എന്നു പറഞ്ഞുകൊണ്ട് വിസ്താരം മറ്റൊരവസരത്തിലേക്കു മാറ്റിവച്ചു. അവനെ തടവിൽ സൂക്ഷിക്കണമെന്നും, എന്നാൽ കുറേയൊക്കെ സ്വാതന്ത്ര്യം അനുവദിക്കണമെന്നും സ്വന്തക്കാരിലാരെയും അവനെ പരിചരിക്കുന്നതിൽനിന്ന് തടയരുതെന്നും അവൻ ശതാധിപന് കല്പന കൊടുത്തു''* (24,22-23).

ആ ദിവസത്തെ കോടതിക്രമം പൂർത്തിയായി. എന്നാൽ ന്യായാധിപനായ ഗവർണർ വാദം പൂർത്തിയാക്കി വിധി പറഞ്ഞില്ല. അതിനുപകരം പട്ടാള അധികാരി ലീസിയാസ് വരുന്നതുവരെ വിധി പറയുന്നത് മാറ്റിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം താൻ വിധി പറയാമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. അതോടൊപ്പം പൗലോസിനെ സംബന്ധിച്ച ഒരു കല്പനയും കൊടുത്തു: അദ്ദേഹത്തെ സുരക്ഷിതമായി കാക്കണം; അദ്ദേഹത്തിന് അല്പം സ്വാതന്ത്ര്യം കൊടുക്കണം; അദ്ദേഹത്തിന്റെ ആവശ്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽനിന്ന് സുഹൃത്തുക്കളെ വിലക്കരുത്. അങ്ങനെ രണ്ടു വർഷത്തിലധികം നീണ്ടുനില്ക്കുന്ന കാരാഗൃഹവാസം അവിടെ ആരംഭിച്ചു.

പൗലോസിനെതിരെ ഒരു ആരോപണവും തെളിയിക്കാൻ യഹൂദനേതാക്കന്മാർക്കു കഴിയാതിരുന്നതിനാൽ യാതൊരു തടസ്സവും കൂടാതെ ഗവർണർക്ക് പൗലോസിനെ കാരാഗൃഹത്തിൽനിന്നു സ്വതന്ത്രനാക്കാമായിരുന്നു. പക്ഷേ,

അയാൾ അങ്ങനെ ചെയ്തില്ല. ഇപ്രകാരം അന്യായമായ രീതിയിൽ തടവുശിക്ഷ അനുഭവിച്ചപ്പോഴും പൗലോസ് തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചു. പൗലോസിന്റെ കാഴ്ചപ്പാടിൽ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹാ വിളിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1 കൊറി 1,23-24). പുരോഹിതൻ ഇപ്രകാരം മറ്റുള്ളവരുടെ മാനുഷികതാല്പര്യങ്ങളുടെ ഫലമായി ഉണ്ടാകുന്ന അനുദിന കുരിശുകൾ വഹിക്കേണ്ടവനാണ്. അപ്രകാരമുള്ള കുരിശുകളെ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ പുരോഹിതനു കഴിയണം.

## 5. പുരോഹിതൻ: സഭാവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവൻ

*''കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫെലിക്സ്, യഹൂദയായ ഭാര്യ ദ്രൂസില്ലായോടൊപ്പം വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അവനിൽനിന്നു കേട്ടു. അവൻ നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചപ്പോൾ ഫെലിക്സ് ഭയപ്പെട്ട് ഇങ്ങനെ പറഞ്ഞു: തല്ക്കാലം നീ പൊയ്ക്കൊള്ളുക. ഇനിയും എനിക്കു സമയമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം'' (24,24-25).*

ലീസിയാസ് വരുമ്പോൾ താൻ ഇക്കാര്യത്തിൽ ഒരു വിധി പറയാം എന്ന് ന്യായാധിപനായ ഗവർണർ പറഞ്ഞിരുന്നുവെങ്കിലും (24,22) അയാൾ തന്റെ വാക്കു പാലിച്ചില്ല. വിധി പറയൽ നീട്ടിക്കൊണ്ടു പോവുകയും രണ്ടു വർഷത്തിലധികം, ചെയ്യാത്ത കുറ്റത്തിന്, പൗലോസ് തടങ്കലിൽ കഴിയുകയും ചെയ്തു. തന്റെ കാലാവധി കഴിഞ്ഞ് ഫെലിക്സ് കേസറിയാ വിട്ടു പോയപ്പോൾപ്പോലും അയാൾ പൗലോസിനെ സ്വതന്ത്രനാക്കിയില്ല. അതിനു രണ്ടാമതൊരു കാരണവുംകൂടി ലൂക്കാ ഇവിടെ രേഖപ്പെടുത്തുന്നുണ്ട്: ''യഹൂദരോടു ആനുകൂല്യം കാണിക്കാൻ ആഗ്രഹിച്ചതിനാൽ ഫെലിക്സ് പൗലോസിനെ തടവുകാരനായിത്തന്നെ വിട്ടിട്ടുപോയി'' (24,27).

ഈ രണ്ടു വർഷക്കാലം പൗലോസ് തടവിലായിരുന്നപ്പോൾ ഫെലിക്സും ഭാര്യ ദ്രൂസില്ലായും വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അയാളിൽനിന്നു കേൾക്കുമായിരുന്നു (24,24). 'ദ്രൂസില്ലാ' ഫെലിക്സ് അന്യായമായി കൂടെകൊണ്ടു നടന്നിരുന്ന ഭാര്യയായിരുന്നു. അതുകൊണ്ടായിരിക്കാം പൗലോസ് അയാളോട് നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചതും, അതു കേട്ടപ്പോൾ ഫെലിക്സ് ഭയപ്പെട്ടതും (24,25). ഇതിനു സമാനമായ ഒരു സംഭവം സ്നാപകയോഹന്നാനും ഹേറോദേസ് അന്തിപ്പാസും തമ്മിലുള്ള കണ്ടുമുട്ടലിലും സംഭവിച്ചതായി വി. മർക്കോസ് രേഖപ്പെടുത്തുന്നുണ്ടല്ലോ (മർക്കോ 6,17-20). ഏതായാലും ഇതിൽനിന്നും നാം മനസ്സിലാക്കുന്നത് പ്രതികൂല സാഹചര്യങ്ങളിലും പൗലോസ് സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്നാണ്. ഇതിനു സമാനമായ സാഹചര്യങ്ങൾ പുരോഹിതനുമുണ്ടാകാം. അപ്പോഴെല്ലാം ധൈര്യപൂർവ്വം വിശ്വാസത്തിനു സാക്ഷ്യം നല്കാൻ പുരോഹിതനു കഴിയണം.

## ജീവിതസൂചിക

1. പ്രതിസന്ധികളുടെ മദ്ധ്യേ ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് ശുശ്രൂഷയിൽ വിശ്വസ്തതയോടുകൂടി നിലനില്ക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. ബുദ്ധിമുട്ടുകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ഉത്ഥാനത്തിലും യുഗാന്തയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കുവാനും ആ വിശ്വാസം പ്രഘോഷിക്കുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
4. അനുദിനജീവിതത്തിലെ കുരിശുകൾ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ എനിക്കു കഴിയുന്നുണ്ടോ?
5. വിപരീതസാഹചര്യങ്ങളിലും സഭയുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**നവംബർ 2019**

28 രാവിലെ ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ വി. കുർബാന അർപ്പിച്ചു. ശേഷം 'ആയുഷ' സന്ന്യാസഭവനം സന്ദർശിച്ചു. തുടർന്ന് പുന്നപ്രദനഹാലയുടെ ഹോംഡേ ദിനാഘോഷത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് ധ്യാനകേന്ദ്രത്തിൽ നടന്ന കരിസ്മാറ്റിക് സോണൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചേപ്പുംപാറ മർത്ത് മറിയം ഇടവകയുടെ ഇടവകദിനാഘോഷത്തിന്റെ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

29 രാവിലെ നെടുംകുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഇടവകയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് എസ്.ബി. കോളേജിൽ നടന്ന ശാസ്ത്രലോകം ക്യാമ്പ് ഉദ്ഘാടനം ചെയ്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരെ കണ്ട് ആശംസകൾ നേർന്നു. വൈകുന്നേരം പൊടിപ്പാറ തിരുക്കുടുംബ ഇടവകയുടെ നവീകരിച്ച സിമിത്തേരിയുടെ വെഞ്ചെരിപ്പുകർമ്മം നടത്തി.

30 രാവിലെ നെടുംകുന്നം ചേലക്കൊമ്പ് അഡോറേഷൻ മിണ്ടാമഠം സന്ദർശിച്ച് വി. കുർബാന അർപ്പിച്ചു. തുടർന്ന് സഞ്ജീവനി റീഹാബിലിറ്റേഷൻ സെന്റർ സന്ദർശിച്ചു. ശേഷം മദർ തെരേസ ഹോം സന്ദർശിച്ചു. തുടർന്ന് ചമ്പക്കുളം ബസലിക്കായിൽ തുമ്പയിൽ ബഹു. തോമസച്ചന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് ഫാത്തിമാപുരം SH സ്കൂളിൽ നടന്ന അൾത്താരബാലന്മരുടെ ക്യാമ്പ് സന്ദർശിച്ചു സന്ദേശം നൽകി. തുടർന്ന് മിത്രക്കരി സെന്റ് സേവ്യേഴ്സ് ഇടവകയുടെയും സെന്റ് സേവ്യേഴ്സ് സ്കൂളിന്റെയും ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**ഡിസംബർ 2019**

1 മുടിയൂർക്കര ഹോളിഫാമിലി ഇടവകയിൽ അജപാലനസന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് മുടിയൂർക്കരയിൽ കുടമാളൂർ ഫൊറോനാകൗൺസിൽ ഉദ്ഘാടനം ചെയ്തു . SB College കല്ലറയ്ക്കൽ ഹാളിൽ നടന്ന AKCC ന്യൂനപക്ഷവകാശ സംരക്ഷണ സംഗമത്തിന് ആശംസകൾ നേർന്നു.

2 കുന്നന്താനം സിയോൻ ധ്യാനകേന്ദ്രത്തിൽ തുടർപരിശീലനത്തിൽ ആയിരുന്ന വൈദികരെ സന്ദർശിച്ചു.

3 കുന്നന്താനം സിയോൻ ധ്യാനകേന്ദ്രത്തിൽ തുടർപരിശീലനത്തിൽ ആയിരുന്ന വൈദികരോടൊപ്പം വി. കുർബാന അർപ്പിച്ചു.

4-6 KCBC മീറ്റിംഗിൽ പങ്കെടുത്തു.

7 പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് പ്രദക്ഷിണത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

8 പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. പറാൽ സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ കുരിശടിയിൽ കതിരുകളുടെ മാതാവിന്റെ ഛായാചിത്രം വെഞ്ചരിച്ചു. വെരൂർ ഇടവകയിൽ കാരുണ്യ ഭവനത്തിന്റെ ആശീർവ്വാദം നടത്തി. അതിമെത്രാസനമന്ദിരത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

9 ചങ്ങനാശേരി CMC ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് കോട്ടയത്ത് ചാസ് ഖാദിമേളയുടെ സമ്മേളനത്തിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന വൈദികരുടെയും കർഷക പ്രതിനിധികളുടെയും സമ്മേളനത്തിൽ പങ്കെടുത്തു.

10 രാവിലെ സന്ദേശനിലയത്തിൽ നടത്തപ്പെട്ട സൺഡേസ്കൂൾ മിഷൻ ലീഗ് ആനിമേറ്റേഴ്സിന്റെയും ഡയറക്ടേഴ്സിന്റെയും സമ്മേളനത്തിൽ പങ്കെടുത്തു. തുടർന്ന് നാലുകോടി ഇടവകയിൽ നടന്ന തൃക്കൊടിത്താനം ഫൊറോനാ വൈദികയോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതി മെത്രാസനമന്ദിരത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നെടുങ്കുന്നം ഫൊറോനാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

11 മിത്രക്കരി സെന്റ് സേവ്യേഴ്സ് ഇടവകയിൽ കറുകക്കളം ബഹു. തോമസ് (Sr) അച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ബിരുദദാന സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം മണിമല ഫൊറോനാ വൈദിക സമ്മേളനത്തിൽ പങ്കെടുത്തു.

12–13 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന എക്യുമെനിക്കൽ സെമിനാറിൽ പങ്കെടുത്തു.

13 വൈകിട്ട് ഇന്റർ – ഡിപ്പാർട്ടുമെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

14 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന അതിരൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപത കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ മഹാസംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് തെക്കേക്കര ഇടവകയിൽ കൊട്ടാരത്തിൽ ബഹു. തോമസച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

15 വാഴപ്പള്ളി വെസ്റ്റ് സെന്റ് മേരീസ് പാറേക്കടവ് ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി. ഉച്ചകഴിഞ്ഞ് അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിച്ച അവിവാഹിതരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് പുളിങ്കുന്ന് ഇടവകയിൽ നടന്ന ലൂയിസ് പഴേപറമ്പിൽ പിതാവിന്റെ 150–ാം ചരമവാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

16 രാവിലെ ആറുമാനൂർ ഇടവയിൽ കൊറ്റത്തിൽ ബഹു. വിൽസണച്ചന്റെ ഓർമ്മ കുർബാനയിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് ഉച്ചകഴിഞ്ഞ് ആലപ്പുഴയിൽ നടന്ന കർഷകപ്രക്ഷോഭത്തിൽ പങ്കെടുത്തു.

17 രാവിലെ പുല്ലങ്ങടി ഇടവകയിൽ ബഹു കളരിക്കലച്ചന്റെ മൃതസംസ്കാര ശുശ്രൂകൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പൊങ്ങ മാർ

സ്ലീവാ ഇടവകയിൽ അത്ഭുത സ്ലീവായുടെ തിരുനാളിനോടനുബന്ധിച്ച് സായാഹ്നപ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു.

18 പഴവങ്ങാടി ഇടവകയിൽ അത്ഭുത സ്ലീവായുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം മെത്രാസന മന്ദിരത്തിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്ലാസ് എടുത്തു.

19 സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയങ്കണത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന വിവാഹത്തിന്റെ സുവർണജൂബിലി ആഘോഷിച്ച ദമ്പതികൾക്ക് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി. തുടർന്ന് പുതുശ്ശേരി ബോയ്സ്ഹോമിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു.

20 തിരുവനന്തപുരത്ത് മുഖ്യമന്ത്രിയെ സന്ദർശിച്ച് കർഷകരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഭീമഹർജി സമർപ്പിച്ചു.

21 ചങ്ങനാശേരി പാസറ്ററൽ സെന്ററിൽ നടന്ന വിവാഹ ഒരുക്ക സെമിനാറിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഈ വർഷം തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ഡീക്കൻമാരുടെ മാതാപിതാക്കളെ കണ്ട് സംസാരിച്ചു. ഉച്ചകഴിഞ്ഞ് ജീവകാരുണ്യ നിധി ട്രസ്റ്റിന്റെ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ചങ്ങനാശേരി മെഗാഫെസ്റ്റിന്റെ ഉദ്ഘാടന സമ്മേളനത്തിന് അധ്യക്ഷതവഹിച്ചു. തുടർന്ന് കുറിച്ചി മൈനർ സെമിനാരിയിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു.

22 രാവിലെ കോട്ടയം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കുചേർന്നു.

23 രാവിലെ ഈ വർഷം അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്ന ഡീക്കന്മാർക്കൊപ്പം വി.കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് മെത്രാസനമന്ദിരത്തിൽ Staff's Christmas Celebration ൽ പങ്കെടുത്തു. തുടർന്ന് മേജർ സെമിനാരി ഗ്യാതറിങ്ങിൽ വൈദിക വിദ്യാർത്ഥികളോട് സംസാരിച്ചു. കുട്ടനാട് MLA ആയിരുന്ന ശ്രീ. തോമസ് ചാണ്ടിയുടെ വിയോഗത്തിൽ ഭവനത്തിലെത്തി അനുശോചനം രേഖപ്പെടുത്തി.

24 അതിമെത്രാസനമന്ദിരത്തിൽ നടന്ന മ്ശംശാനപട്ടം കൊടുക്കൽ ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. അതിമെത്രസനമന്ദിരത്തിൽ അതിഥികളെ സ്വീകരിച്ചു.

25 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പിറവിത്തിരുനാൾ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

## മാർ തോമസ് തറയിൽ

**നവംബർ 2019**

26 വില്ലൂന്നി സെയിന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ പങ്കെടുത്തു. ചമ്പക്കുളം ഗാഗുൽത്താ കൊവേന്തയിൽ തയ്യിൽ ബഹു. തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ 2005-ൽ പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ബാച്ച് ഗ്യാതറിംഗിൽ പങ്കെടുത്തു.

27 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ ഹോം ഡേയിൽ പങ്കെടുത്തു.

28 നെടുങ്കുന്നം സെയിന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 കുറിച്ചി മൈനർ സെമിനാരിയിൽ പൗരോഹിത്യത്തിന്റെ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം വെരൂർ സെയിന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. ചങ്ങനാശേരി തിരുഹൃദയ സ്കൂളിൽവച്ച് നടത്തപ്പെട്ട അതിരൂപത അൾത്താരബാലന്മാരുടെ സംഗമത്തിൽ സന്ദേശം നൽകി. തുടർന്ന് കുന്നന്താനത്ത് പുന്നത്തറ സൺഡേസ്കൂൾ കുട്ടികൾക്കുള്ള ക്യാമ്പിൽ സന്ദേശം നൽകി.

30 ചമ്പക്കുളം സെയിന്റ് മേരീസ് ബസലിക്കാ ദൈവാലയത്തിൽ തുമ്പയിൽ ബഹു. തോമസച്ചന്റെ പൗരോഹിത്യ സുവർണ്ണജൂബിലി കുർബാനയിൽ വചനസന്ദേശം നൽകി. ചെത്തിപ്പുഴ കാർമ്മൽ മൗണ്ടിൽ നടന്ന ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി. കുടുംബകൂട്ടായ്മ വിഭാഗത്തിന്റെ KLT കോഴ്സിൽ പങ്കെടുത്തവർക്കായി ക്ലാസ് നയിച്ചു. വൈകുന്നേരം വിജയപുരം രൂപതയിലെ വിമലഗിരി കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**ഡിസംബർ 2019**

1 ശ്രീകാര്യം എമ്മാവൂസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

2 കുന്നന്താനത്ത് വൈദികരുടെ തുടർപരിശീലനത്തിൽ ആമുഖ സന്ദേശം നൽകി. ഇത്തിത്താനം സെയിന്റ് മേരീസ് ദൈവാലയത്തിൽ മണത്തുരുത്തി കുര്യൻസാറിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

3 കാക്കനാട് സെയിന്റ് തോമസ് മൗണ്ടിൽ ഡീക്കന്മാരുടെ സംഗമത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാസ്റ്ററൽ സെന്ററിൽ യുവദീപ്തി ജന്മദിനാഘോഷപരിപാടിയിൽ പങ്കെടുത്ത് സന്ദേശം നൽകി. വൈകുന്നേരം പാറേൽപ്പള്ളിയിൽ നടന്ന ജപമാലപ്രദക്ഷിണത്തിലും വൈദികസംഗമത്തിലും

പങ്കെടുത്തു.

4 എടത്വാ തൈപ്പറമ്പിൽ റ്റി.റ്റി. ആന്റണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

5–6 പാലാരിവട്ടം പി.ഒ.സി. യിൽ കെ.സി.ബി.സിയുടെ സമ്മേളനത്തിൽ പങ്കെടുത്തു.

7 ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കവടിയാർ ക്രൈസ്റ്റ് നഗർ സ്കൂൾ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

8 പാറേൽ സെയിന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. പാമ്പാടി ദേവമാതാ പള്ളിയിൽ ഇടവകദിനത്തിൽ സന്ദേശം നൽകി. കാഞ്ഞിരപ്പള്ളി, ചെറുവള്ളി സെയിന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

9 നസ്രത്ത് സെയിന്റ് ജറോം ദൈവാലയത്തിൽ കൂട്ടുമ്മേൽ സിറിയക്കച്ചന്റെ ഓർമ്മ കുർബാനയർപ്പിച്ച് സന്ദേശം നൽകി. ദനഹാലയായിൽ ക്ലാസ് നയിച്ചു. സന്ദേശനിലയത്തിൽ കർഷക സംഗമത്തിന് ഒരുക്കമായുള്ള ആലോചനായോഗത്തിൽ പങ്കെടുത്തു.

10 സന്ദേശനിലയത്തിൽ സൺഡേസ്കൂൾ-മിഷൻലീഗ് ഫൊറോന ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. കട്ടപ്പനയിൽ, കാഞ്ഞിരപ്പള്ളി രൂപതാ ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 കറുകക്കളം തോമസച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പുനലൂർ, വിളക്കുടി സ്നേഹതീരത്ത് സി. ലിസി വിരുപ്പേലിന്റെ വ്രതവാഗ്ദാനത്തിന് കാർമ്മികത്വം വഹിച്ചു.

12 ദനഹാലയായിൽ ക്ലാസ് നയിച്ചു. പുളിങ്കുന്ന് മാളിയേക്കൽ എലിസബത്ത് ജോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുട്ടാർ കൊവേന്തയിൽ ബലിപീഠം കൂദാശ ചെയ്തു.

13 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. സന്ദേശനിലയത്തിൽ BCT ക്യാമ്പിൽ പങ്കെടുത്ത് സന്ദേശം നൽകി.

14 വില്ലൂന്നി ഇടവകയിൽ പി.സി. ജോയ് ഇല്ലിച്ചിറയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അരുവിക്കുഴി ഇടവക തോമസ് ജോസഫ് കൊച്ചുപറമ്പിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കോട്ടയം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽനിന്നും ആരംഭിച്ച കർഷകജാഥ ഫ്ളാഗ് ഓഫ് ചെയ്തു സംസാരിച്ചു. നടയ്ക്കപ്പാടം അലൻ T 21 ട്രസ്റ്റിന്റെ പുതിയ സ്ഥാപനം വെഞ്ചരിച്ച് സന്ദേശം നൽകി. കാവുകാട്ട് ഹാളിൽ നടന്ന അതിരൂപത കുടുംബകൂട്ടായ്മ ലീഡേഴ്സ് മഹാസംഗമത്തിൽ സന്ദേശം നൽകി. ഉച്ചയ്ക്ക് തെക്കേക്കര ഇടവക കൊട്ടാരത്തിൽ ബഹു. തോമസച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ

സ്വീകരിച്ചു.

15-19 ആലുവ കാർമ്മൽഗിരി സെമിനാരി അധ്യാപകർക്ക് ധ്യാനം നയിച്ചു.

15 രാവിലെ കൊടകര സഹൃദയകോളേജിൽ ഇരിഞ്ഞാലക്കുട രൂപതാ മതാധ്യാപകസംഗമം ഉദ്ഘാടനം ചെയ്തു ക്ലാസ് നയിച്ചു.

16 ആലപ്പുഴയിൽ നടന്ന കർഷകസംഗമത്തിൽ ആമുഖപ്രഭാഷണം നടത്തി. കളക്ടറേറ്റിലേക്കുള്ള റാലിയിൽ പങ്കെടുത്തു.

20 തിരുവനന്തപുരത്ത് അഭി. പിതാക്കന്മാരോടൊപ്പം മുഖ്യമന്ത്രിയെ സന്ദർശിച്ചു.

21 ഇത്തിത്താനത്ത് പ്രീസ്റ്റ് ഹോമിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമത്തിൽ പങ്കെടുത്തു. തൃക്കൊടിത്താനം സെയിന്റ് സേവ്യേഴ്സ് പള്ളിയിൽ മിഷൻലീഗ് സെമിനാറിൽ സന്ദേശം നൽകി. സന്ദേശനിലയത്തിൽ ജീവകാരുണ്യനിധി ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. കുറിച്ചി മൈനർ സെമിനാരിയിൽ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ചു സന്ദേശം നൽകി.

22 കിള്ളി സെയിന്റ് ജോൺ പോൾ II ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ഭവനസന്ദർശനം നടത്തി. ചാരുപ്പാറ സെയിന്റ് മേരീസ് ദൈവാലയത്തിൽ ബലിപീഠം കൂദാശ ചെയ്തു. ലൂർദ്ദ് ഫൊറോനാപള്ളിയിൽ നസ്രാണിസംഗമ ആലോചനാകമ്മിറ്റിയിൽ പങ്കെടുത്തു. തുടർന്ന് പാലിയേറ്റീവ് കെയർ മീറ്റിംഗിൽ പങ്കെടുത്തു. തിരുവനന്തപുരം ലൂർദ്ദ് മാതാ കെയറിന്റെ ക്രിസ്തുമസ് ആഘോഷത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

23 തിരുവനന്തപുരം ലൂർദ്ദ് ഫൊറോന ഇടവകയിലെ രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് പാച്ചല്ലൂർ ഹോളിഫാമിലി സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

24 അതിരൂപതാകേന്ദ്രത്തിൽ വൈദികാർത്ഥികളുടെ മ്ശംശാനപട്ടത്തിന് സഹകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ലൂർദ്ദ് ഫൊറോനാദൈവാലയത്തിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾക്കും പരി. കുർബാനയർപ്പണത്തിനും കാർമ്മികത്വം വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.





# ENGAGEMENTS


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2020 JANUARY

| | | |
|---|---|---|
| 01 | 07:00 a.m. | Baptism of Fifth Child @ Lourdes Matha Church, Pacha Chekkidikkad |
| | 02:00 p.m. | Ordination of Dn Joseph Kattiparambil CMI @ St. Francis Assisi Church, Poonthope |
| 02 | 10:00 a.m. | Inauguration of MannamJayanthi Celebration @ Perunna |
| | 02:15 p.m. | Ordination of Dn Thomas Malaickal@ St. Mary's Basilica, Champakulam |
| 03 | 02:30 p.m. | 150th Death Anniversary of St. Chavara @ St. Joseph's Monastery, Mannanam |
| | 03:30 p.m. | 100th Anniversary of St. Mary's HSS Athirampuzha |
| 04 | 04:00 p.m. | Holy *Qurbana* @ St. Mary's Church Vellaramkunnu |
| 05 | 12:00 p.m. | Catechetical Training for Deaf & Dumb @ *Sandesanilayam* |
| | 04:00 p.m. | Holy *Qurbana* & Cemetery Blessing @ Bethlehem Church Parampuzha |
| 06 | 07:30 a.m. | Holy *Qurbana*@ Holy Magi Forane Church Manimala |
| | 04:00 p.m. | Managing Board Meeting of SH School, Fathimapuram @ Abp House |
| | 06:00 p.m. | Reception to New Religious Priests @ Abp House |
| 07-15 | | Syro Malabar Bishops' Synod @ Mount St. Thomas Kakkanad |
| 16 | 09:00 a.m. | Session with New Priests @ Abp House |
| | 02.30 p.m. | Convent Chapel Blessing @ FDSHJ Convent Kumaramkary |
| | 06.30 p.m. | Home Day Celebration @ St. Thomas Minor Seminary Kurichy |

| | | |
|---|---|---|
| 17 | 10:00 a.m. | Inter-Church Council Meet @ Syro Malankara Major Archbishop's House, TVM |
| 18 | 10:00 a.m. | Certificate Distribution & Inauguration of KLT @ *Kudumbakoottayma* |
| | 02:00 p.m. | 100th Anniversary @ St. Theresa's LP School Nedumkunnam |
| 19 | 06:30 a.m. | Pastoral Visit @ St. Joseph Church Kayalpuram |
| 20 | 02:30 p.m. | Convent Chapel Blessing @ DSHJ Convent Kiliroor |
| 21 | 06:15 a.m. | Holy *Qurbana* @ MLF Generalate Changanacherry |
| 22 | 05:30 p.m. | Presbytery Blessing @ Vettickapurayidom |
| 23 | 02:30p.m. | Blessing of New Building @ St. Mary's HS Kainakary |
| | 04:00 p.m. | *Kodiyettu* & Foundation Stone Laying @ St.Paul's Church Vezhapra |
| 24 | | Engaged |
| 25 | 05:30 a.m. | Holy *Qurbana*@ St. Mary's Cathedral |
| | 12:00 p.m. | Madathyapaka Nethru Sangamam@ *Sandesanilayam* |
| | 05:30 p.m. | *Kudumbakoottayma* Anniversary @ St. Joseph Chruch Veroor |
| 26 | 06:30 a.m. | Pastoral Visit @ St. Sebastian's Church Mahendrapuram |
| 27 | 10:30 a.m. | Meeting of Parish Priests of Minor Seminarians @ Kurichy Seminary |
| 28 | 09:15 a.m. | Ongoing Formation of Rev. Fathers @ Sehion Kunnamthanam |
| | 03:00 p.m. | Blessing of New Building @ St. George HSS Muttar |
| 29 | 04:00 p.m. | Inauguration @ Kottayam Bible Convention |
| | 06:30 p.m. | Reception to New Priests @ Abp House |
| 30 | | Engaged |





# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2020 JANUARY

| | | |
|---|---|---|
| 01 | **2:00 p.m.** | Priestly Ordination of Dn. Thomas Anchupankil @ St. George Forane Church Amboori |
| 02 | **09:15 a.m.** | Priestly Ordination of Dn. Mathew Thadathil @ Bethlehem Church, Parampuzha |
| | **04:00 p.m.** | Marriage @ Lourdes, Trivandrum |
| 03 | **08:30 a.m.** | Curia |
| | **11:30 a.m. - 04:00 p.m.** | Engaged |
| | **05:30 p.m.** | Blessing @ Champakara |
| | **06:30 p.m.** | Interaction with Youth @ Koothrapally |
| 04 | **11:00 a.m.** | Jubilee *Qurbana* @ Pathanapuram |
| | **04:30 p.m.** | Annual Day @ Vithura |
| 05 | **07:00 a.m.** | Parish Visit @ Vellayani |
| 06 | | Engaged |
| | **04:00 p.m.** | S.H. School Board Meeting @ Abps' House |
| | **07:00 p.m.** | Reception to Religious New Priests @ Abps' House |
| 07 - 15 | | Syro - Malabar Synod @ Kakkanad |
| 12 | **10:15 a.m.** | Parish Day @ Mannarkunnu |
| | **12:00 p.m.** | Zonal Youth Convention @ Christu Jyothi, Chethipuzha |
| | **04:30 p.m.** | *Qurbana* @ Kaduvakulam |
| | **07:00 p.m.** | Parish Day @ Fathimapuram |
| 16 | **06:15 a.m.** | Sacraments of Initiation @ Thellakom |
| | **10:00 a.m.** | Holy Family School Auditorium Blessing @ Kainakary |
| | **02:30 p.m.** | Class @ New Priests Course @ Abps' House |
| | **06:30 p.m.** | Home Day @ Minor Seminary, Kurichy |

| | | |
|---|---|---|
| 17 | **10:00 a.m.** | Inter Church Council @ Pattam, TVM |
| | **04:45 p.m.** | *Qurbana* @ Cathedral |
| | **06:30 p.m.** | General *Synaxis* Message @ MLF, Parel |
| 18 | **10:00 a.m.** | Jubilee *Qurbana* @ CMC Nedumkunnam |
| | **03:00 p.m.** | Pastoral theology & Counseling Course Inauguration @ Kaduvakulam |
| | **05:15 p.m.** | Parish Day @ Muthoor |
| | **06:30 p.m.** | Interaction with Youth @ Laikadu |
| 19 | **06:45 a.m.** | Parish Visit @ Kesavadasapuram |
| | **03:00 p.m.** | Youth Forane Meet @ Lourdes, TVM |
| 20-29 | | Mission Visit @ Jaipur & Ettawah |
| 30 | **10:30 a.m.** | Jubilee *Qurbana* @ LSDP, Kunnamthanam |
| | **06:00 p.m.** | CSI Convention @ Trivandrum |
| 31 | **08:30 a.m.** | Curia |
| | **11:30 a.m.** | New Priests Course @ Abps' House |
| | **02:30 p.m.-4:00 p.m.** | **Visitors' Time** |
| | **06:00 p.m.** | Pastoral Council Agenda Committee @ Abps' House |

Fr Secretary to Auxiliary Bishop : 8078088468
Br Secretary : 8301803468